# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII

## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്

**(2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1st APRIL 2018 TO 31st MARCH 2019)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്**

**(Presented on 2nd July 2019)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2019

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്

**(2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ളത്)**

## PERIODICAL REPORT FROM 1st APRIL 2018 TO 31st MARCH 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

S
741/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 37 |

# സബ്ജക്ട് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, എം.എൽ.എ.

ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.

ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിച്ച 2016-2018 കാലയളവിലേയ്ക്കുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി VII, 2018 ഏപ്രിൽ 1 മുതൽ 2018 ഡിസംബർ 31 വരെയുള്ള കാലയളവിലും പതിനാലാം കേരള നിയമസഭയുടെ 2019 ജനുവരി 7-ാം തീയതിയിലെ 598-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിച്ച 2019-2021 കാലയളവിലേയ്ക്കായി പുനഃസംഘടിപ്പിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി VII, 2019 ജനുവരി 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലും പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 30-5-2018, 19-6-2018, 11-7-2018, 14-8-2018, 17-10-2018, 29-11-2018, 12-12-2018, 16-1-2019, 28-2-2019, 11-3-2019, 20-3-2019 എന്നീ തീയതികളിലാണ് യോഗങ്ങൾ ചേർന്നത്. ഇവയിൽ 30-5-2018-ന് സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുവാനും 19-6-2018-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് ഭേദഗതി, കേരള ലേബ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സ്റ്റോർസ് സൂപ്രണ്ട് തസ്തിക, കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ നിന്നും നീക്കം ചെയ്ത് കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച കരട് ചട്ടങ്ങളുടെ ഭേദഗതി, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചതിന്റെ സാധൂകരണം സംബന്ധിച്ച് പുറപ്പെടുവിച്ച SRO No. 89/2018, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും (ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിച്ചതിന്റെ സാധൂകരണം സംബന്ധിച്ച SRO No. 91/2018 എന്നിവയും 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി

സ്റ്റേറ്റ്മെന്റുകൾ, പ്രസ്തുത റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്; 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള സബ്ജക്ട് കമ്മിറ്റി VII-ന്റെ ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുവാനും യോഗം ചേർന്നു. 11-7-2018, 14-8-2018, 17-10-2018 എന്നീ തീയതികളിൽ യഥാക്രമം, ഒഡെപെക്, സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച്; 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിനുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച അവലോകനം എന്നീ വിഷയങ്ങൾ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

29-11-2018-ന് 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ സംബന്ധിച്ച് ചർച്ച ചെയ്യുകയും 12-12-2018-ന് ഒഡെപെക്, 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം എന്നീ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളുടെ കരട് പരിഗണിക്കുകയും 16-1-2019-ന് 1993-ലെ കേരള ലേബർ സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ലേബർ കമ്മീഷണറുടെ പി.എ.നിയമനം ഉൾപ്പെടുത്തി മുൻകാല പ്രാബല്യത്തോടെ ഭേദഗതി വരുത്തിയത് സംബന്ധിച്ച കരട് ഭേദഗതി ചട്ടം, സമിതിയുടെ വിവിധ കാലയളവുകളിലെ വിവിധ ധനാഭ്യർത്ഥനകളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും ചെയ്തു.

28-2-2019, 11-3-2019 എന്നീ തീയതികളിൽ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും 20-3-2019-ന് പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനുമായാണ് യോഗം ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 59% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235(A) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ |

അദ്ധ്യായം V - നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - (a) 2018-19-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2019, ജൂൺ മാസം 28-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VII.*

തിരുവനന്തപുരം,
2019 ജൂൺ 28.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 21-6-2018-ന് സമർപ്പിച്ചു.

2. 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 21-6-2018-ന് സമർപ്പിച്ചു.

3. 2018-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 30-11-2018-ന് സമർപ്പിച്ചു.

4. ഒഡെപെക്-നെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 13-12-2018-ന് സഭയിൽ സമർപ്പിച്ചു.

5. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിന് സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 13-12-2018-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

1. 2018-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 30-11-2018-ന് സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

1. 1973-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് (ഭേദഗതി) 19-6-2018-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളോടെ അംഗീകരിച്ചു

2. കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) 19-6-2018-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളോടെ അംഗീകരിച്ചു

3. കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി, 19-6-2018-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളോടെ അംഗീകരിച്ചു

4. കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വകുപ്പിലെ സ്റ്റോർഡ് സൂപ്രണ്ട് തസ്തിക കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ നിന്നും നീക്കം ചെയ്ത് കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച കരട് ചട്ടങ്ങളുടെ ഭേദഗതി, 19-6-2018-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളില്ലാതെ അംഗീകരിച്ചു.

5. 1993-ലെ കേരള ലേബർ സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ലേബർ കമ്മീഷണറുടെ പി.എ.നിയമനം ഉൾപ്പെടുത്തി മുൻകാല പ്രാബല്യത്തോടെ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച ഭേദഗതി 16-1-2019-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളോടെ അംഗീകരിച്ചു.

6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് ചട്ടങ്ങൾ പുറപ്പെടുവിച്ച **എസ്.ആർ.ഒ. നമ്പർ 89/2018** 19-6-2018-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളില്ലാതെ സാധൂകരിച്ചു.

7. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് ചട്ടങ്ങൾ പുറപ്പെടുവിച്ച **എസ്.ആർ.ഒ. നമ്പർ 91/2018** 19-6-2018-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളോടെ സാധൂകരിച്ചു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (A) പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങൾ

1. ഒഡെപെക്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് 11-7-2018-ാം തീയതിയിലെ യോഗത്തിൽ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

2. സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച് 14-8-2018-ാം തീയതിയിലെ യോഗത്തിൽ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

3. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിന് സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച് 17-10-2018-ാം തീയതിയിലെ യോഗത്തിൽ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

## അദ്ധ്യായം V

# നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| 1 | 2 | 3 | 4 |
| XVIII—വൈദ്യസഹായ രംഗവും പൊതു ജനാരോഗ്യവും | 2013-2014 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | 4-4-2018 |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2015-2016 | തൊഴിൽ വകുപ്പ് | ,, |
| XVIII—വൈദ്യസഹായ രംഗവും പൊതു ജനാരോഗ്യവും | 2011-2012 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | 20-6-2018 |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2011-2012 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | ,, |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2013-2014 | വ്യാവസായിക പരിശീലന വകുപ്പ് | ,, |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2014-2015 | കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതി, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമ നിധി ബോർഡ് | ,, |
| | | വ്യാവസായിക പരിശീലന വകുപ്പ് | ,, |

| 1 | 2 | 3 | 4 |
|---|---|---|---|
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2015-2016 | വ്യാവസായിക പരിശീലന വകുപ്പ് | 20-6-2018 |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2016-2017 | വ്യാവസായിക പരിശീലന വകുപ്പ് | ” |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2017-2018 | കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, | 20-6-2018 |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2010-2011 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്) | 6-12-2018 |
| | 2011-2012 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | ” |

| 1 | 2 | 3 | 4 |
|---|---|---|---|
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2012-2013 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 6-12-2018 |
| | 2013-2014 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | ” |
| | 2014-2015 | കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | ” |
| | 2015-2016 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), തൊഴിൽ കോടതികൾ, വ്യാവസായിക ട്രിബ്യൂണലുകൾ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്, കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | ” |

| 1 | 2 | 3 | 4 |
|---|---|---|---|
| | 2016-2017 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്) | 6-12-2018 |
| | 2017-2018 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, വ്യാവസായിക പരിശീലന വകുപ്പ്, | ” |
| XVIII—വൈദ്യസഹായ രംഗവും പൊതു ജനാരോഗ്യവും | 2017-2018 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | ” |
| XXXIX—വൈദ്യുത പദ്ധതികൾ | 2017-2018 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | ” |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2011-2012 | വ്യാവസായിക പരിശീലന വകുപ്പ് | 30-1-2019 |
| | 2012-2013 | തൊഴിൽ വകുപ്പ് | ” |
| | 2016-2017 | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് | ” |

<u>അദ്ധ്യായം VI</u>

## (a) 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ 74 ശിപാർശകൾക്കും മറുപടി ലഭിക്കുകയും ആയത് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

# (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

I. 2017-18 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 32,74,000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

ടി.എ. ബില്ലുകൾ മാറേണ്ടത് സ്പാർക്ക് സംവിധാനത്തിലൂടെ ആകണമെന്ന സർക്കാർ നിർദ്ദേശം വന്നതിന് ശേഷം പഴയബില്ലുകൾ ഉൾപ്പെടെ എല്ലാ ബില്ലുകളും സ്പാർക്കിലൂടെ മാത്രമേ മാറാൻ കഴിയുമായിരുന്നുള്ളുവെന്നും മിനിമം വേതന ഉപദേശക സമിതിയിലെ പല മെമ്പർമാരും വിവിധ വ്യവസായബന്ധ സമിതികളിലും അംഗങ്ങൾ ആയിരുന്നതുമൂലം എല്ലാ മെമ്പർമാരെയും മിനിമം വേതന ഉപദേശക സമിതി ഓഫീസ് മുഖാന്തരം സ്പാർക്കിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ 2015-2016, 2016-2017, സാമ്പത്തിക വർഷങ്ങളിലായി 2,34,491 രൂപ ടി.എ. കുടിശ്ശിക വന്നുവെന്നും ആയത് അനുവദിക്കണമെന്നും ലേബർ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ വിഷയ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ യാത്രാബത്ത നല്കുന്നതിനായി അധികതുക വകയിരുത്താൻ നിർവ്വാഹമില്ലായെന്നും യഥാർത്ഥ ചെലവ് വരുമ്പോൾ ആവശ്യമെങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതാണെന്നും ധനകാര്യവകുപ്പ് അറിയിക്കുകയുണ്ടായി. എന്നാൽ ഭരണവകുപ്പ് വീണ്ടും ആവശ്യപ്പെട്ടതിനെത്തുടർന്ന്, മിനിമം വേതന ഉപദേശക സമിതിയിലെ അംഗങ്ങൾക്ക്, 2015-2016, 2016-2017 സാമ്പത്തിക വർഷങ്ങളിലായി ടി.എ. ഇനത്തിലുള്ള കുടിശ്ശിക (2,34,491 രൂപ) 2018-2019 സാമ്പത്തിക വർഷം, "2230-01-101-99-04(1)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ചെലവഴിക്കാവുന്നതാണെന്ന് ധനകാര്യവകുപ്പ്

അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 19-6-2018-ലെ സ.ഉ.(സാധാ.) നമ്പർ 728/2018/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം ടി.എ. ഇനത്തിലുള്ള കടിശ്ശിക (2,34,491 രൂപ) 2018-2019 സാമ്പത്തിക വർഷം "2230-01-101-99-04(1)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ചെലവഴിക്കാവുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-78-10—<u>1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് സംഭാവന</u>

വിഹിതം :26,00,000 രൂപ (പദ്ധതിയേതരം)

2016-17-ലെ പെൻഷൻ കടിശ്ശികയും, 2017-18-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, ഈ ശീർഷകത്തിൽ 12,95,000 രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18-ലെ ചുരുട്ട് തൊഴിലാളി പെൻഷൻ വിതരണത്തിന് ബഡ്ജറ്റ് വിഹിതമായ 26,00,000 രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും 2017 ഏപ്രിൽ മുതൽ നവംബർ വരെയുള്ള പെൻഷൻ വിതരണത്തിന് 14,32,200 രൂപ അനുവദിക്കുകയും ആയത് ബോർഡിന് മാറി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-73-10—<u>കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം—സംഭാവന</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

2016-17-ലെ പെൻഷൻ കടിശ്ശികയും 2017-18-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, ഈ ശീർഷകത്തിൽ 6,24,18,000 രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ പ്രകാരം 2017-18-ലെ ബീഡി തൊഴിലാളികൾക്ക് പെൻഷൻ വിതരണത്തിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ 5,24,18,000 രൂപ

അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആകെ 2,06,49,000 രൂപ അനുവദിക്കുകയും ആയത് ബോർഡിന് മാറിനൽകുകയും ചെയ്തിട്ടുണ്ട്. 3-3-2018-ലെ സ.ഉ.(സാധാ.) 373/2018/തൊഴിൽ നമ്പർ പ്രകാരം 20,00,000 രൂപ അനുവദിച്ചിരുന്നുവെങ്കിലും ബിൽ ട്രഷറിയിൽ കൃവിലായതിനാൽ മാറിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-01-103-71-10—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്-അംശദാനം-സംഭാവന

വിഹിതം : 1,72,80,000 രൂപ (പദ്ധതിയേതരം)

2016-17-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും, 2017-18-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 26,38,53,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ പ്രകാരം 2017-18-ൽ കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡിന് പെൻഷൻ വിതരണത്തിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ 7,79,08,908 രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആകെ 5,44,21,000 രൂപ അനുവദിക്കുകയും ആയത് ബോർഡിന് മാറി നൽകുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഉച്ചക്കഞ്ഞി എന്നിവ നൽകുന്നതിനും, ആരോഗ്യ പ്രവർത്തനങ്ങൾക്കും, ആശ്രിതർക്കുള്ള വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര സഹായം എന്നിവയ്ക്കും കൂടാതെ തിരുവനന്തപുരം ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2,87,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ പ്രകാരം ധനവകുപ്പ് ഫണ്ട് അനുവദിച്ചില്ല. PWRFC (Plantation Workers Relief Fund Committee) യുടെ അക്കൗണ്ടിൽ 317.99 ലക്ഷം രൂപ നീക്കിയിരിപ്പുള്ളത് കൊണ്ടും സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപോകുന്നതുകൊണ്ടും സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 2,57,00,000 രൂപ അധികമായി വകയിരുത്താനാകില്ല എന്ന് ലേബർ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-58-10—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്- സംഭാവന

വിഹിതം : 10,00,000 രൂപ (പദ്ധതിയേതരം)

2017-18-ലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ ഭരണ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 10,42,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

സമിതി ശിപാർശയനുസരിച്ച് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 10,42,000 രൂപ കൂടി അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി നൽകിയപ്പോൾ നാളിതുവരെയുള്ള ചെലവിന്റെ വിശദവിവരവും 10,42,000 രൂപയുടെ ഇനം തിരിച്ചുള്ള വിവരവും ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ലേബർ കമ്മീഷണർ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശ സഹിതം ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ റിപ്പോർട്ട് പര്യാപ്തമല്ലായെന്നും, നാളിതുവരെയുള്ള ചെലവിന്റെ വിശദവിവരവും 10,42,000 രൂപയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും, ലഭ്യമാക്കുന്നതോടൊപ്പം, കഴിഞ്ഞ 5 വർഷം ബോർഡിന് സർക്കാർ നൽകിയിട്ടുള്ള ധനസഹായം, നിലവിൽ ബോർഡിലെ അംഗങ്ങളുടെ എണ്ണം, ചട്ടപ്രകാരം കഴിഞ്ഞ 3 വർഷം അംശദായ ഇനത്തിൽ ലഭിക്കേണ്ട തുക, ലഭിച്ച തുക, ഭരണച്ചെലവിനായി കഴിഞ്ഞ 3 വർഷം വിനിയോഗിച്ച തുക, 2017-18 സാമ്പത്തിക വർഷത്തിലെ യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിശദവിവരം ലഭ്യമാക്കുവാൻ

ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ലേബർ കമ്മീഷണറിൽ നിന്നും വിവരങ്ങൾ ലഭ്യമായാലുടൻ തന്നെ ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി ശിപാർശ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-01-103-16—അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

ഇതര സംസ്ഥാന തൊഴിലാളികളുടെ പുനരധിവാസ പദ്ധതി (അപ്നാഘർ) നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ പ്ലോട്ട് ലഭ്യമാക്കുന്നതിന് അധിക തുക ഭവനം ഫൗണ്ടേഷൻ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ, ഈ ശീർഷകത്തിൽ 7,50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം 2230-01-103-16-(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7 കോടി രൂപ വിനിയോഗിച്ചതിനുശേഷം ആവശ്യമെങ്കിൽ അധിക തുകയ്ക്കായി നിർദ്ദേശം സമർപ്പിക്കുവാൻ ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ

2801-80-101-99-33—വിദ്യുച്ഛക്തി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനായി ബോർഡിന് അനുവദിച്ച സബ്സിഡി ഇനത്തിൽ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ലഭിക്കേണ്ട തുക സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിലേയ്ക്ക് 2017-18 വർഷത്തിൽ ഈ ഇനത്തിൽ 768,24,00,000 രൂപയും; കൂടാതെ പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി 2017-18 സാമ്പത്തികവർഷം തുടരുന്നതിലേയ്ക്ക് ബഡ്ജറ്റ് വിഹിതം

അനുവദിച്ചിട്ടില്ലാത്തതിനാൽ, ഈ ഇനത്തിൽ 40,00,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 768,64,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

പ്രതിമാസം 120 യൂണിറ്റിൽ താഴെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതുമൂലമുള്ള നഷ്ടം പരിഹരിക്കുന്നതിന് 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച സബ്സിഡിയും പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് അനുവദിച്ച സബ്സിഡിയും ഉൾപ്പെടെ, 2016-17 വരെ കെ.എസ്.ഇ.ബി.-ക്ക് ലഭിക്കേണ്ട തുകയായ 1285.31 കോടി രൂപ ബോർഡ് സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയായി 17-6-2017-ലെ ബോർഡ് ഉത്തരവ് പ്രകാരം തട്ടിക്കിഴിക്കുകയുണ്ടായി. 2017-18-ലെ ബഡ്ജറ്റ് വിഹിതമായ 384.52 കോടി രൂപ ആവശ്യപ്പെട്ടതും, അധികമായി വകയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ച 7,68,64,00,000 രൂപയും അനുവദിച്ചിട്ടില്ല.

ശിപാർശ

2801-80-101-92—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 52,40,00,000 രൂപ (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന്, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് എല്ലാ വർഷവും നൽകുന്ന ധനസഹായമായ 52.40 കോടി രൂപയിൽ 2015-16-ൽ 10 കോടി മാത്രമേ ലഭിച്ചുള്ളൂയെന്നും ബാക്കി തുകയായ 42.40 കോടി രൂപ E-LAMS-ൽ ഉൾപ്പെടുത്തുകയാണുണ്ടായതെന്നും സമിതി മനസ്സിലാക്കുന്നു. 2016-17-ൽ ബഡ്ജറ്റ് വിഹിതം വകയിരുത്തുകയുണ്ടായെങ്കിലും നാളിതുവരെ പ്രസ്തുത തുക ബോർഡിന് നൽകിയിട്ടില്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 42,40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന വാർഷിക ധനസഹായമായ 52.40 കോടി രൂപ, 2016-17 സാമ്പത്തിക വർഷം വരെ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ കുടിശ്ശിക വിഹിതമായ 52.40 കോടി രൂപ ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ</u>

2801-80-101-84—<u>ഗ്രീൻ ബുക്ക് പദ്ധതി (കെ.എസ്.ഇ.ബി.എൽ.)</u>

വിഹിതം : ഇല്ല (പദ്ധതി)

ഗ്രീൻബുക്ക് പദ്ധതി പ്രകാരം 2016-17-ലെ ബഡ്ജറ്റിൽ പൂവാർ ഫിഷർ മെൻ കോളനിയിൽ 1 MW ശേഷിയുള്ള മൈക്രോവിൻഡ് പൈലറ്റ് പദ്ധതി സ്ഥാപിക്കുന്നതിനായി അനുവദിച്ച 6 കോടി രൂപ പുതുക്കിയ ബഡ്ജറ്റിൽ 3 കോടി രൂപയായി കുറച്ചിട്ടുള്ളതിനാൽ ഈ പദ്ധതി സ്ഥാപിക്കുവാൻ ലഭിച്ച പ്രൊപ്പോസലുകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 3,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല. പൂവാർ കടൽ തീരത്ത് മത്സ്യബന്ധന കോളനി പ്രദേശത്ത് ചെറുകാറ്റാടി യന്ത്രമുപയോഗിച്ചുള്ള 1 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനാവുന്ന നൂതന പദ്ധതി തയ്യാറായി വരുന്നു. പ്രസ്തുത പദ്ധതി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

<u>ശിപാർശ</u>

4801-80-101-99—<u>കെ.എസ്.ഇ.ബി. ലിമിറ്റഡ്-നിക്ഷേപങ്ങൾ</u>

വിഹിതം : ഇല്ല (പദ്ധതി)

തിരുവനന്തപുരം മുട്ടത്തറയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി 13-2-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 45.26 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും

2015-16 സാമ്പത്തിക വർഷത്തിൽ 3.6281 കോടി രൂപ മാത്രമേ ലഭ്യമാക്കിയിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ബാക്കി തുകയായ 41,63,19,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

6801-00-190-86—<u>ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ (വിദേശ സഹായ പദ്ധതികൾ)</u>

വിഹിതം : 40,10,00,000 (പദ്ധതി)

ഡ്രിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം ഏകദേശം 46 കോടിയുടെ പ്രവൃത്തികളാണ് നടന്നുവരുന്നത്. 2016-17 വർഷ കാലയളവിൽ 40 കോടി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും പുതുക്കിയ ബഡ്ജറ്റിൽ 25 കോടി മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ആയതിനാൽ, ഈ വർഷം വകയിരുത്തിയിട്ടുള്ള 40.1 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഡ്രിപ്പിന്റെ കാലാവധി 2018-ൽ അവസാനിക്കുന്നതിനാലും കഴിഞ്ഞ വർഷം പൂർത്തീകരിച്ചതും ഈ വർഷം നടന്നുവരുന്നതുമായ ജോലികൾക്കായി തുക നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 18,95,20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വൈദ്യുത പദ്ധതിയ്ക്കായുള്ള വായ്പയിൽ ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക് സഹായമുൾപ്പെടെ 2017-18 സാമ്പത്തിക വർഷം 31.65 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. 2018 ജനുവരി 1 മുതൽ 31 മാർച്ച് വരെയുള്ള കാലയളവിൽ 6.69 കോടി രൂപ ഡ്രിപ്പ് പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 86,82,000 രൂപ (പദ്ധതിയേതരം)

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ 2,40,68,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

2810-00-800-93-എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 86.82 ലക്ഷം രൂപ കൂടാതെ 43.5 ലക്ഷം രൂപ കൂടി സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4810-00-800-99—മീറ്റർ ടെസ്റ്റിംഗ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയുടെ നവീകരണ പദ്ധതി-മരാമത്ത് പണികൾ

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4,26,07,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

4810-00-800-99 എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത തുകകൾ താഴെ പറയും പ്രകാരമാണ്.

1. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ലെഡ്ജറിലേയ്ക്ക് മാറ്റിയ തുക 2,46,06,562 രൂപ

2. 4810-00-800-99-ൽ ആവശ്യപ്പെടുകയും എന്നാൽ ശീർഷകം മാറി 2810-00-800-94- ൽ അനുവദിക്കുകയും ചെയ്ത തുക 1,80,00,000 രൂപ

അതിൽ, 2016-17-ൽ ഈ ലെഡ്ജറിലേയ്ക്ക് മാറ്റിയ തുകയായ 2,46,06,562 രൂപ ആവശ്യമില്ലെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. 2810-00-800-94-ൽ ശീർഷകം മാറി അനുവദിച്ച 1,80,00,000 രൂപ തിരികെ 4810-00-800-99 ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ട്.

| റിപ്പോർട്ട് | ശിപാർശ ഖണ്ഡിക | കാലതാമസ പത്രിക ലഭ്യമാക്കിയ കത്ത് നമ്പറും തീയതിയും | കാലതാമസ പത്രിക സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 2017-18 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് | 3 | LBRD-E1/228/2017/ LBRD- 18-8-2018 | 5-12-2018 |
| | 12, 13, 15 | ഡി1/98/2017/തൊ. 10-9-2018 | 5-12-2018 |
| | 16, 24 | ഡി2/203/2017/തൊ. 3-9-2018 | 5-12-2018 |
| | 19 | LBRD-E2/237/2017/ LBRD 22-9- 2018 | 5-12-2018 |
| | 51-55 | 183/സി1/18/ഊ.വ. 22-12-2018 | 30-1-2019 |
| | 56, 57 | PWR -എ 3/160/2017/ ഊ.വ. 3-11-2018 | 5-12-2018 |

II. 2016-17 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

2230-01-103-88—കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

വിഹിതം : 36,61,000 രൂപ (പദ്ധതിയേതരം)

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത നാല് ലക്ഷത്തിലധികം അംഗങ്ങളുള്ള ഈ ക്ഷേമനിധിക്കായി 2015-16-ലെ കുടിശ്ശികയും 2016-17-ലെ അംശദാനവും അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 141.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 36,61,000 (മുപ്പത്തി ആറ് ലക്ഷത്തി അറുപത്തി ഒന്നായിരം) രൂപ റിലീസ് ചെയ്യുന്നതിന് 30-3-2017-നാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയത്. തുടർന്ന് പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതിയും നൽകി. 2017-18-ലെ ബഡ്ജറ്റിന് നിയമസഭ അംഗീകാരം നൽകിയതിനാൽ അധിക തുക അനുവദിച്ചില്ല.

ശിപാർശ

2230-01-103-79-10—കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

വിഹിതം: 50,00,000 രൂപ (പദ്ധതിയേതരം)

2015-16 സാമ്പത്തിക വർഷം വകയിരുത്തിയ 22 ലക്ഷം രൂപയും ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ സർക്കാർ ഗ്രാന്റായി 413 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ബഡ്ജറ്റ് വിഹിതമായ 50,00,000 (അമ്പത് ലക്ഷം) രൂപ അനുവദിച്ചു. ബോർഡിന് അധിക തുക ആവശ്യമുള്ളപക്ഷം ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിരുന്നില്ല ആയതിനാൽ ബോർഡിന് പ്രസ്തുത സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-01-103-61-10—കേരള ബാർബർ - ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി - സംഭാവന

വിഹിതം : 46,55,000 രൂപ (പദ്ധതിയേതരം)

പെൻഷൻ വിതരണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മുൻ വർഷത്തെ അംശദായ കുടിശ്ശിക ഉൾപ്പെടെ 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് 326.13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം കേരള ബാർബർ - ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 46,55,000 (നാൽപ്പത്തി ആറ് ലക്ഷത്തി അൻപത്തി അയ്യായിരം) രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന 1,40,86,000 (ഒരു കോടി നാൽപ്പത് ലക്ഷത്തി എൺപത്തി ആറായിരം) രൂപയും ഉൾപ്പെടെ 1,87,41,000 (ഒരു കോടി എൺപത്തി ഏഴ് ലക്ഷത്തി നാൽപ്പത്തി ഒന്നായിരം) രൂപ പെൻഷൻ വിതരണത്തിനായി അനുവദിച്ചു.

ശിപാർശ

2230-01-103-59-10—കേരള പീടിക വാണിജ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന

വിഹിതം: 1,50,00,000 രൂപ (പദ്ധതിയേതരം)

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2015-16 വരെ സർക്കാരിൽനിന്നും കുടിശ്ശിക ലഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 609.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

കേരള പീടിക വാണിജ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് 2230-01-103-59-10 (സംഭാവന) NP എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1,50,00,000 (ഒരു കോടി അൻപത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് 1-3-2017-ലെ സ.ഉ. (സാധാ.) നമ്പർ 272/2017/തൊഴിൽ പ്രകാരം ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപോകുന്ന ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത 609.68 ലക്ഷം രൂപ അധികമായി അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-51—സാമൂഹ്യ സുരക്ഷയുള്ള സുപ്രധാന പരിപാടി

വിഹിതം: 1,25,00,000 രൂപ (പദ്ധതിയേതരം)

2008-09 വർഷം മുതൽ സംസ്ഥാനത്തെ എഴുത്താശാൻ-ആശാട്ടി ഇടങ്ങിയ അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം നൽകിക്കൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്നവർക്ക് നിലവിലുള്ള ക്ഷേമപെൻഷനുകളുടെ നിരക്കിൽ പെൻഷൻ നൽകുന്ന ഈ പദ്ധതിയിൻകീഴിൽ 2015-16-ലെ പെൻഷൻ കുടിശ്ശിക, 2016-17-ലെ പെൻഷൻ എന്നിവ അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 575.12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 1,25,00,000 (ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷം) രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന 11,86,11,000 (പതിനൊന്ന് കോടി എൺപത്തി ആറ് ലക്ഷത്തി പതിനൊന്നായിരം) രൂപയും ഉൾപ്പെടെ 13,11,11,000 (പതിമൂന്ന് കോടി പതിനൊന്ന് ലക്ഷത്തി പതിനൊന്നായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-50-10—കേരള അലക്കുതൊഴിലാളിക്ഷേമ പദ്ധതി

വിഹിതം : 13,00,000 രൂപ (പദ്ധതിയേതരം)

ഈ പദ്ധതിയുടെ വ്യവസ്ഥയനുസരിച്ച് തൊഴിലാളി വിഹിതത്തിന്റെ 20% സർക്കാർ വിഹിതമായി നൽകേണ്ടതാണ്. സർക്കാർ നൽകുവാനുള്ള അംശദായ കുടിശ്ശിക ഉൾപ്പെടെ 2016-17 വർഷത്തേക്ക് 180.24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 13,00,000 (പതിമൂന്ന് ലക്ഷം) രൂപയ്ക്ക് പുറമെ അഡീഷണൽ ഓതറൈസേഷൻ മുഖേന 44,61,000 (നാൽപ്പത്തിനാല് ലക്ഷത്തി അറുപത്തിഒന്നായിരം) രൂപയും ഉൾപ്പെടെ 57,61,000 (അൻപത്തിയേഴ് ലക്ഷത്തി അറുപത്തി ഒന്നായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 4,33,61,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ യാത്രാചെലവുകൾ, ടെലഫോൺ ചാർജജസ്, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിലായി 2016-17 ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 27.54 ലക്ഷം രൂപ അധികം വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ (75% കേന്ദ്രസഹായം) ശീർഷകത്തിൽ 17,00,000 (പതിനേഴ് ലക്ഷം രൂപ) അധികമായി അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4250-00-800-99—നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

വിഹിതം : 1,41,00,00,000 രൂപ (പദ്ധതി)

നിയമസഭാ സാമാജികരുടെ മണ്ഡല ആസ്തി വികസനത്തിനായി ഓരോ കോടി രൂപയാണ് അനുവദിക്കുന്നത്. എന്നാൽ ഈ തുക വികസന പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിയമസഭാ സാമാജികരുടെ വികസന ഫണ്ട് 2 കോടി രൂപ ആയി ഉയർത്തണമെന്നും ഇതിനായി ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എം.എൽ.എ.-മാർക്ക് അവരവരുടെ നിയോജക മണ്ഡലത്തിൽ ജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഓരോ എം.എൽ.എ.-യ്ക്കും പ്രത്യേക വികസന ഫണ്ട്, നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് എന്നീ ഇനങ്ങളിൽ യഥാക്രമം 1 കോടി രൂപയും, 5 കോടി രൂപയും ഉൾപ്പെടെ ആകെ 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. '4250-00-800-99 (plan)' ശീർഷകത്തിൽ ഓരോ എം.എൽ.എ.- യ്ക്കും 1 കോടി രൂപ നിരക്കിൽ ആകെ 141 കോടി രൂപയും, ആസ്തി വികസന ഫണ്ടിനത്തിൽ 26 വിവിധ ശീർഷകങ്ങളിലായി ആകെ 705 കോടി രൂപയും 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലും നിലവിലെ സാമ്പത്തിക സ്ഥിതിയിലും ഒരു കോടി രൂപ എന്നത് 2 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

സമിതിയുടെ 10-2-2017-ലെ യോഗത്തിൽ പ്രസ്തുത മറുപടി പരിഗണിക്കുകയും നിയമസഭാ സാമാജികരുടെ മണ്ഡല ആസ്തി വികസനത്തിനായി കുറഞ്ഞത് 50 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

<u>സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്</u>

നിയമസഭാ സാമാജികർക്ക് തങ്ങളുടെ മണ്ഡലങ്ങളിൽ ചെറുതും എന്നാൽ മൂലധന സ്വഭാവമുള്ളതുമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രത്യേക വികസന നിധി ഇനത്തിൽ എല്ലാ വർഷവും '4250-00-800-99-MLA-SDF(P)' എന്ന ശീർഷകത്തിൽ ഓരോ എം.എൽ.എ.-യ്ക്കും 1 കോടി രൂപ നിരക്കിൽ ആകെ 141 കോടി രൂപ അനുവദിച്ച് വരുന്നുണ്ട്. ഈ തുക പോലും അതത് വർഷങ്ങളിൽ ചെലവഴിക്കാതെ കളക്ടർമാരുടെ ടി.എസ്.ബി. അക്കൗണ്ടിൽ വർഷങ്ങളായി നിക്ഷേപിച്ചിരിക്കുന്നതായി അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രത്യേക വികസന നിധി ഒരു കോടി രൂപയിൽ നിന്ന് ഒരു കോടി അമ്പത് ലക്ഷം രൂപയായി (1,50,00,000 രൂപ) ഉയർത്തുവാൻ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

ശിപാർശ

2801-80-101-99-33—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം -സബ്സിഡികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

പ്രതിമാസം ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനായി ബോർഡിന് അനുവദിച്ച സബ്സിഡി ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട തുക സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിലേക്കും കൂടാതെ 2016-17 വർഷത്തിൽ ഈ ഇളവ് തുടരുന്നതിനും ഈ ഇനത്തിൽ 384 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

ശിപാർശ

പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി 2016-17 സാമ്പത്തിക വർഷം തുടരുന്നതിലേയ്ക്ക് 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2801-80-101-92—കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 52,40,00,000 രൂപ (പദ്ധതിയേതരം)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ബോർഡിന് 2015-16 വർഷത്തെ ധനസഹായം ഇനത്തിൽ കിട്ടേണ്ട കുടിശ്ശികയായ 42.40 കോടി രൂപ E-LAMS-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് ബോർഡിന് അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 4240 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 10 കോടി രൂപ 2017-18 വർഷം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2801-80-101-91—<u>നവീകരണ നിധി (ഊർജ്ജസമ്പാദ്യ ഏകോപന സമിതി)</u>

വിഹിതം : 6,77,00,000 രൂപ (പദ്ധതി)

9.25 കോടി രൂപ ചെലവിൽ 500 KWP ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് നിർമ്മിക്കാനുള്ള പദ്ധതിയ്ക്കായി 2016-17-ൽ E-LAMS-ൽ ഉൾപ്പെടുത്തിയ 2.6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17-ൽ E-LAMS ൽ ഉൾപ്പെടുത്തിയ 2.6 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 6-9-2016-ലെ (സാധാ.)നമ്പർ 174/16/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

2801-80-101-87—<u>ദീനദയാൽ ഉപാദ്ധ്യായ ഗ്രാംജ്യോതി യോജന (ഡി.ഡി.യു.ജി.ജെ. വൈ.) (സംസ്ഥാന വിഹിതം)</u>

വിഹിതം : 1,00,000 രൂപ (പദ്ധതി)

60% കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായും 30% ലോണായും 10% സംസ്ഥാന വിഹിതമായുമുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാംജ്യോതി യോജന പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ രണ്ടു വർഷ കാലാവധിയിൽ

തീർക്കേണ്ട പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതത്തിന്റെ ഒന്നാം ഗഡുവായി 1,999.20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2801-80-101-86—<u>സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്.) (സംസ്ഥാന വിഹിതം)</u>

വിഹിതം : 1,00,000 രൂപ (പദ്ധതി)

60% കേന്ദ്ര വിഹിതവും 30% വായ്പയും 10% സംസ്ഥാന വിഹിതവും പ്രകാരം സംയോജിത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 592.07 കോടി രൂപയുടെ പദ്ധതികൾ 15-6-2016-ൽ അനുവദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 3,000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2801-80-101-85—<u>ട്രാൻസ്ഗ്രിഡ് 2.0 (ന്യൂ ജനറേഷൻ ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ)</u>

വിഹിതം : 1,00,000 രൂപ (പ്ലാൻ)

2032 വരെയുള്ള വൈദ്യുതി പ്രസരണ ആവശ്യകത നിറവേറ്റുന്നത് ലക്ഷ്യമാക്കി ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ 2016-17-ൽ ആരംഭിക്കുന്ന ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആറ് 220 കെ.വി. സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണവും കക്കയം HTLS പാക്കേജും ഏറനാട് 400/220 കെ.വി. ലൈനിന്റെ നിർമ്മാണവും നടത്തുന്നതിനായി 2016-17-ലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,999 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2810-00-800-99—<u>ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം</u>

വിഹിതം : 2,98,33,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ജീവനക്കാർക്കുള്ള ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കും 2016-17 വർഷത്തെ കുടിശ്ശികയിനത്തിൽ 50 ലക്ഷം രൂപ നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 93)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ.ഉ.(പി.)നമ്പർ 351/2008/ധന. തീയതി 6-8-2008 പ്രകാരം പദ്ധതി ചെലവിന്റെ 15% മനുഷ്യവിഭവശേഷിക്കായി നീക്കിവയ്ക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ടെന്ന കാരണത്താൽ ധനകാര്യ വകുപ്പ് പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി. ആയതിനാൽ അനെർട്ടിന്റെ പദ്ധതിയേതര ചെലവുകൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അധികം തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

കഴിഞ്ഞ കാലങ്ങളിൽ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽനിന്നും പദ്ധതിയേതര ചെലവുകൾ വഹിക്കുന്ന സാഹചര്യം അനെർട്ടിൽ നിലനിൽക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരത്തിൽ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത് ഒഴിവാക്കുന്നതിന് അനെർട്ടിന് പദ്ധതിയേതര ഇനത്തിൽ ആവശ്യമായ തുക നിർബന്ധമായും വകയിരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അനെർട്ടിന്റെ പദ്ധതിയേതര ചെലവുകൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ

വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമേ 353.78 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ.(പി.)നമ്പർ 351/2008/ധന. തീയതി 6-8-2008 പ്രകാരം പദ്ധതി ചെലവിന്റെ 15% മനുഷ്യവിഭവശേഷിക്കായി നീക്കിവയ്ക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ടെന്ന കാരണത്താൽ ധനകാര്യ വകുപ്പ് പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി. ആയതിനാൽ ആവശ്യപ്പെട്ട അധിക തുകയായ 353.78 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

ശിപാർശ

സാധ്യതകൾ ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന തിനുമായി കൂടുതൽ ജീവനക്കാരെ ജില്ലാ അടിസ്ഥാനത്തിൽ നിയമിക്കണമെന്നും അനെർട്ടിന്റെ സമഗ്ര വികസനത്തിനായി ധനകാര്യ വിഭാഗം കൂടുതൽ ശക്തിപ്പെടുത്ത ണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സർക്കാർ സ്വീകരിച്ച നടപടി

കെ.എസ്.ഇ.ബി.-യിൽ നിന്നും എല്ലാ ജില്ലകളിലേയ്ക്കും (ഇടുക്കി, വയനാട്, കൊല്ലം ഒഴികെ) സബ് എഞ്ചിനീയർ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ 14-3-2017-ൽ കൂടിയ 14-ാമത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അനെർട്ട് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ശിപാർശ

പുതിയ സൗരോർജ്ജ പദ്ധതികളുടെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പുതിയ ശീർഷകം അനുവദിക്കണമെന്നും പ്രസ്തുത ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 14,578 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

| റിപ്പോർട്ട് | ശിപാർശ | കാലതാമസ പത്രിക ലഭ്യമാക്കിയ കത്ത് നമ്പറും തീയതിയും | കാലതാമസ പത്രിക സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 2016-17 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് | 31 | R1/115/2017/തൊ.23-11-2017 | 6-2-2018 |
| | 18 | ബി1/254/2016/തൊ.24-11-2017 | 6-2-2018 |
| | 21 | ബി1/224/2017/തൊ.11-12-2017 | 6-2-2018 |
| | 94 | 124/PS2/2017/ഊ.വ. 7-8-2017 | 6-2-2018 |
| | 83,84,85,88,89,90 | 54/C1/18/ഊ.വ.6-3-2018 | 4-4-2018 |
| | 30, 37, 38 | ബി1/224/2017/തൊ.11-12-2017 | 6-2-2018 |
| | 86 | 124/PS2/2017/ഊ.വ.2-2-2018 | 22-3-2018 |
| | 93, 95, 103 | PS2/124/2017/ഊ.വ.7-6-2018 | 5-12-2018 |

III. 2015-16 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം : 2,68,27,000 രൂപ (പദ്ധതിയേതരം)

മുഖ്യപ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും വിവരസാങ്കേതികവിദ്യ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 95,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

## സർക്കാർ സ്വീകരിച്ച നടപടി

മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ കീഴിലുള്ള സബ് ഓഫീസുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫോട്ടോ കോപ്പിയറുകൾക്ക് വാർഷിക പരിപാലന കരാർ ഏർപ്പെടുത്താൻ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എ.എം.സി. ഏർപ്പെടുത്താനാണ് ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടത്. ആയതിൻ പ്രകാരം വിഷയനിർണ്ണയ സമിതി 95,000 രൂപ ശിപാർശ ചെയ്തിരുന്നു. ഈ ശീർഷകത്തിന്മേൽ അഡീഷണൽ ആതറൈസേഷൻ വഴി, സ.ഉ.(സാധാ.) നമ്പർ 1700/2016/ധന. തീയതി 23-2-2016 പ്രകാരം ഫണ്ട് നൽകുകയും എ.എം.സി. സ്ലായി ക്വട്ടേഷൻ ക്ഷണിക്കുകയുമുണ്ടായി. എന്നാൽ നടപടിക്രമം പാലിച്ച് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ കാലതാമസം ഉണ്ടായതിനാൽ മാർച്ച് 31-ന് മുമ്പ് 2015-16 സാമ്പത്തിക വർഷത്തെ ഫണ്ട് വിനിയോഗിക്കാൻ ലേബർ കമ്മീഷണർക്ക് സാധിച്ചില്ല. ആയതിനാൽ സമിതിയുടെ ശിപാർശ നടപ്പാക്കാനായില്ല.

## ശിപാർശ

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 22,16,000 രൂപ (പദ്ധതിയേതരം)

2014-15 സാമ്പത്തികവർഷത്തെ കണക്കുപ്രകാരമുള്ള ചെലവ് ബജറ്റ് വിഹിതത്തിനേക്കാൾ അധികരിച്ചതിനാലും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 1.06 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

## സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 22,16,000 രൂപയാണ്. ഇതിൽ 2015 മേയ് മാസം വരെ 3,32,312 രൂപയാണ് ചെലവായിട്ടുള്ളത്. 05—ആഫീസ് ചെലവുകൾ—3-ടെലഫോൺ ചാർജ്ജ് ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്യുതിന്റെ അടിസ്ഥാനത്തിൽ ടി ഇനത്തിൽ 40,000 രൂപ കൂടി അഡീഷണൽ ആതറൈസേഷൻ അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 15-7-2015 തീയതിയിലെ 6553/2015/ഫിൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 20,000 രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

## അധികവിവരം

### പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളിൽ അദ്ധ്യാപകരെയും ജീവനക്കാരെയും അനുവദിക്കൽ

പുതിയ ഐ.ടി.ഐ.-കളിൽ സ്ഥിരമായി ഒരു ഇൻസ്ട്രക്ടർ എങ്കിലും ഇല്ലാതെ സ്ഥാപനം നടത്തുവാൻ പ്രയാസമായതിനാൽ, തസ്തിക സൃഷ്ടിക്കുന്നതിന് ഭരണവകുപ്പ് ധനകാര്യ വകുപ്പിനെ അറിയിച്ച് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ച ശേഷം മന്ത്രിസഭ അംഗീകരിക്കേണ്ടതുണ്ടെന്നും, അതുവരെ നിലവിലുള്ള സംവിധാനത്തിൽ ഒരാളെ സ്ഥിരം നിയമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ, ഗസ്റ്റ് ലക്ചറർമാരെ മാത്രം നിയമിക്കുന്നത് വിദ്യാർത്ഥികൾക്ക് ഗുണകരമല്ലാത്തതിനാൽ ഐ.ടി.ഐ.-കളിൽ സ്ഥിരമായി ഇൻസ്ട്രക്ടർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

2015-16 വർഷം പുതുതായി ആരംഭിച്ച കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഐ.ടി.ഐ.-യിൽ 2 ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക ഉൾപ്പെടെ മൊത്തം ആറ് തസ്തികകളും കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഐ.ടി.ഐ.-യിൽ 4 ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക ഉൾപ്പെടെ മൊത്തം 8 തസ്തികകളും പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലുമ്പുലാശ്ശേരി ഐ.ടി.ഐ.-യിൽ 4 ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക ഉൾപ്പെടെ മൊത്തം 8 തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഭരണാനുമതി 2015-ൽ ലഭിച്ചുവെങ്കിലും തസ്തികകൾ അനുവദിച്ച് ഐ.ടി.യുടെ പ്രവർത്തനമാരംഭിച്ചത് 2017-18 അദ്ധ്യയന വർഷത്തിലാണ്. പ്രസ്തുത ഐ.ടി.ഐ.യിലും 4 ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക ഉൾപ്പെടെ മൊത്തം 8 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2230-03-003-98—<u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

വിഹിതം : 47,24,000 രൂപ (പദ്ധതിയേതരം)

മുൻ വർഷത്തെ കണക്കപ്രകാരം ചെലവ് ബജറ്റ് പ്രൊവിഷനേക്കാളും അധികരിച്ചതിനാൽ നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 35,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 47,24,000 രൂപയാണ്. ഇതിൽ 2015 മേയ് മാസം വരെ 7,89,538 രൂപയാണ് ചെലവായിട്ടുള്ളത്. ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>അധിക വിവരം</u>

<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം</u>

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ച് ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ കുമാർ സ്മാരക ഐ.ടി.ഐ-യ്ക്ക് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിയും പെർമിസ്സീവ് സാങ്ഷനും ലഭിച്ചിട്ടും സ്ഥലം രജിസ്റ്റർ ചെയ്ത് ലഭിച്ചിട്ടില്ലെന്ന കാരണത്താൽ കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് തടസ്സം നിൽക്കുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. കെട്ടിടം പണിയുന്നതിന് പെർമിസ്സീവ് സാങ്ഷൻ മതിയെന്നുള്ളത് സർക്കാരിന്റെ നിലപാടാണെന്ന് സമിതി അഭിപ്രായപ്പെടുകയും ജലസേചന വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുള്ളതിനാൽ, പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കേണൽ നിരഞ്ജൻ കുമാർ സ്മാരക എല്ലുമ്പുലാശ്ശേരി ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാക്കാമെന്ന് അറിയിച്ചിരിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ സ്ഥലത്ത് ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് ഐ.ടി.ഐ.-യ്ക്കായി നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടം സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ടി കെട്ടിടത്തിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

2235-60-102-98—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും മറ്റ് സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമ പ്രവർത്തനങ്ങളും സാമൂഹ്യ സുരക്ഷിതത്വം പദ്ധതിയനുസരിച്ചുള്ള പെൻഷൻ-കർഷകത്തൊഴിലാളി പെൻഷൻ

198—ഗ്രാമപഞ്ചായത്ത്

192—മുനിസിപ്പാലിറ്റീസ്

191—കോർപ്പറേഷൻ

വിഹിതം : 4,65,98,74,000 രൂപ (പദ്ധതിയേതരം)

കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് ഈ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് പര്യാപ്തമാണെങ്കിലും 2014-15-ലെ മൂന്ന് മാസത്തെ പെൻഷൻ കടിശ്ശിക കൂടി നൽകുന്നതിന് ആയത് പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3561.86 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 4,65,98,74,000 (നാനൂറ്റി അറുപത്തിയഞ്ച് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി എഴുപത്തിനാലായിരം രൂപ മാത്രം) രൂപയും 13-1-2016-ലെ സ.ഉ.(സാധാ.) നമ്പർ 328/2016/ധന, 4-3-2016-ലെ സ.ഉ.(സാധാ.) നമ്പർ 2045/16/ധന. നമ്പർ ഉത്തരവുകൾ പ്രകാരം 2235-60-102-98 എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി അനുവദിച്ച 3,73,00,000 (മൂന്ന് കോടി എഴുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) രൂപയും ചേർത്ത് ആകെ 4,69,71,74,000 രൂപ (നാനൂറ്റി അറുപത്തൊമ്പത് കോടി എഴുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിനാലായിരം രൂപ മാത്രം) കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനായി അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽനിന്നും 4,52,10,59,170 രൂപ (നാനൂറ്റി അൻപത്തിരണ്ട് കോടി പത്തുലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി നൂറ്റിയെഴുപത് രൂപ മാത്രം)

2014-15-ലെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ 2015-16-ലെ മുഴുവൻ പെൻഷനും വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട് എന്ന് ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയെ സവിനയം അറിയിക്കുന്നു.

| റിപ്പോർട്ട് | ശിപാർശ | കാലതാമസ പത്രിക ലഭ്യമാക്കിയ കത്ത് നമ്പറും തീയതിയും | കാലതാമസ പത്രിക സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 2015-16 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് | 39<br>107 | 162/D3/2017 3-11-2017<br>R2/98/2017 15-7-2019 | 6-2-2018<br>23-8-2017 |

IV. <u>2014-15 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>

<u>ശിപാർശ</u>

2230-01-001-99—<u>ഭരണവും നടത്തിപ്പും</u>

വിഹിതം : 4,71,41,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ യാത്രാപ്പടി, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം എന്നീ ഇനങ്ങളിലേക്കായി 12.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-01-001-99-21 (2) ശീർഷകത്തിൽ 3,00,000 രൂപയും 2230-01-001-99-45 ഇന്ധനം പി.ഒ.എൽ.-ൽ 1,25,00,000 രൂപ അഡീഷണൽ ആതറൈസേഷനായും 60,000 രൂപ റീ അപ്രോപ്രിയേഷൻ വഴിയും അനുവദിക്കുകയുണ്ടായി. യാത്രാപ്പടി തുക അനുവദിച്ചില്ല.

ശിപാർശ

2230-01-001-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവത്കരണം

വിഹിതം: ഇല്ല.

2014-15 വർഷത്തെ ബഡ്ജറ്റിൽ ലേബർ കമ്മീഷണറേറ്റിന്റെ കെട്ടിട നിർമ്മാണത്തിന് 4250-00-201-96 എന്ന ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള 150 ലക്ഷം രൂപ ഈ വർഷം ആവശ്യമില്ലാത്തതിനാൽ പ്രസ്തുത തുക റസ്യം ചെയ്യണമെന്നും കമ്മീഷണറേറ്റിന്റെ ആധുനികവത്കരണത്തിന് 150 ലക്ഷം രൂപ 2230-01-001-97 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാഹചര്യത്തിൽ 4250-00-201-96 എന്ന ശീർഷകത്തിൽ നിന്നും തുക റെസ്യൂം ചെയ്യേണ്ടതില്ല. ലേബർ കമ്മീഷണറേറ്റിന്റെ നിർമ്മാണ അനുബന്ധ പ്രവർത്തനങ്ങൾക്കായി 31,11,000 രൂപയുടെ എസ്റ്റിമേറ്റ് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും, വർക്കിംഗ് ഗ്രൂപ്പ് ആയത് പാസ്സാക്കിയിട്ടുമുണ്ട്. പിന്നീടും അനുബന്ധ പ്രവർത്തനങ്ങൾ ഉണ്ടാകാം എന്നുള്ളതിനാൽ തുക റെസ്യൂം ചെയ്തിട്ടില്ല.

ശിപാർശ

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

വിഹിതം : 8,58,89,000 രൂപ (നോൺ പ്ലാൻ)

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലി നോക്കുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തി സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക, കേന്ദ്ര ഗവൺമെന്റിന്റെ സുരക്ഷാനയം നടപ്പിലാക്കുക, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യാത്ത എണ്ണമറ്റ ഫാക്ടറികളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് 2 വാഹനങ്ങൾ കൂടി വാങ്ങുവാൻ ഈയിനത്തിൽ 49.99 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 2014-15 സാമ്പത്തിക വർഷത്തിൽ 2230-01-102-99-21-1 ശീർഷകത്തിൽ രണ്ട് വാഹനങ്ങൾ വാങ്ങുവാൻ 49.99 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നെങ്കിലും, ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ അംഗീകരിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടർ ഓഫീസ്

വിഹിതം : 2,27,60,000 രൂപ (നോൺ പ്ലാൻ)

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും പ്രവർത്തനത്തിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 99—വിവരസാങ്കേതികവിദ്യ എന്ന ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 5,000 രൂപ അപര്യാപ്തമായതിനാൽ ആയത് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

2014-15-ൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന 5,000 രൂപയ്ക്ക് പുറമെ റീ-അപ്രോപ്രിയേഷനിലൂടെ 20-3-2015-ലെ സ.ഉ. (ആർ.ടി.) നമ്പർ 2426/2015/ഫിൻ. ഉത്തരവ് പ്രകാരം അധികമായി 5,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന

വിഹിതം : 1,10,00,000 രൂപ (നോൺ പ്ലാൻ)

ഇടുക്കി, തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം (ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ), ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ള സംഖ്യ വകകൊള്ളിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ 110 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. വർഷംതോറും 5 കോടിയിലധികം രൂപ

ആവശ്യമായി വരുന്ന ഒരു സാമൂഹ്യ സുരക്ഷാ ക്ഷേമ പദ്ധതിയായ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 1000 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പ് ശിപാർശ പ്രകാരമുള്ള ഫണ്ട് അനുവദിച്ചില്ല. 28-3-2015-ലെ സ.ഉ. (ആർ.ടി.) നമ്പർ 443/2015/തൊഴിൽ പ്രകാരം പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്കായി രൂപീകരിച്ചിട്ടുള്ള '2230-01-103-62-10 Contribution (Non plan)' എന്ന ശീർഷകത്തിൽ 2014-15 വർഷം അനുവദിച്ചിരുന്ന ഒരു കോടി പത്തുലക്ഷം രൂപയിൽ നിന്നും തിരുവനന്തപുരം ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് ആവശ്യമായ 50 ലക്ഷം രൂപ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് നൽകുന്നതിനായി ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| റിപ്പോർട്ട് | ശിപാർശ | കാലതാമസ പത്രിക ലഭ്യമാക്കിയ കത്ത് നമ്പറും തീയതിയും | കാലതാമസ പത്രിക സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 2014-15 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 2,3,27,40<br>26 | 15753/ഡി2/2014/തൊ. 15-12-2017<br>ബി2/245/2017/തൊ.17-3-2018 | 6-2-2018<br>4-4-2018 |

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

| ക്രമ നമ്പർ | റിപ്പോർട്ട് | മറുപടി ലഭിച്ച ശിപാർശകൾ | മറുപടി ലഭിക്കാനുള്ള ശിപാർശകൾ |
|---|---|---|---|
| 1 | ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | | 7, 8, 19, 20, 21, 22 (തൊഴിലും നൈപുണ്യവും വകുപ്പ്) |
| 2 | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിന് സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | | 18, 19, 22, 23 (ഊർജ്ജ വകുപ്പ്) |

തിരുവനന്തപുരം,
2019 ജൂൺ 28.

 റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

## അനുബന്ധം

# 30-5-2018 തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2018 മേയ് 30-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം. എൽ. എ.
2. ശ്രീ. കെ. ദാസൻ, എം. എൽ. എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം. എൽ. എ.
4. ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എം. ജയശ്രീ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. എൻ. എസ്. പിള്ള, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്. ഇ. ബി. എൽ.
3. ശ്രീമതി വി. രത്നമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
4. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
5. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്

6. ശ്രീ. ആർ. ഹരികുമാർ, ഡയറക്ടർ, അനെർട്ട്

7. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്

8. ശ്രീ. ആർ. ബൈജു, ജോയിന്റ് ലേബർ കമ്മീഷണർ

9. ശ്രീ. ഇ. കെ. ശിവദാസൻ, ജോയിന്റ് സെക്രട്ടറി, തൊഴിൽ വകുപ്പ്

10. ശ്രീ. എ. എ. ജോർജ്ജ് ഫ്രാൻസിസ്, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്

11. ശ്രീ. കെ. എസ്. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്

12. ശ്രീ. പി. കെ. മാധവൻ, അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്

13. ശ്രീ. കെ. എസ്. ബിജു, എക്സി. ഡയറക്ടർ, കിലെ (KILE)

14. ശ്രീമതി കെ. രേണുക, മാനേജർ (എഫ് &എ), കെ. എ. എസ്. ഇ.

15. ശ്രീ. വി. ദേവരാജൻ, ഡി. ഡബ്ല്യൂ. എഫ്. ഐ, കെ. ടി. ഡബ്ല്യൂ.എഫ്.ബി.

16. ശ്രീ. വി. ഗോപാലകൃഷ്ണൻ പോറ്റി, ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്.

I. സമിതി വിവിധ റിപ്പോർട്ടുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. <u>2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ</u>

(ഫയൽ നമ്പർ 3216/സബ്. സി. സി1/2014/നി. സെ.)

ഖണ്ഡിക നമ്പർ 2, 3, 27 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു. ഖണ്ഡിക നമ്പർ 40, 26 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് താഴെ കൊടുത്തിരിക്കുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു.

(ഖണ്ഡിക 40)

കഴിഞ്ഞ ഓണക്കാലത്ത് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയിൽ നിന്നും തൊഴിലാളികൾക്ക് രണ്ടായിരം രൂപ വീതവും അഞ്ഞൂറ് രൂപ സിവിൽ സപ്ലൈസിൽ

നിന്നും സാധനങ്ങൾ വാങ്ങാനുമായി കൊടുത്തതിനാൽ ഇടുക്കി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് കമ്മിറ്റിക്ക് കിട്ടിയ പണം പൂർണ്ണമായും തീർന്നിരിക്കുകയാണെന്നും തന്മൂലം പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണെന്നും തിരുവനന്തപുരം പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ചെയർമാനായിട്ടുള്ള തിരുവനന്തപുരം കളക്ടർക്കാണ് ഇപ്പോൾ 50 ലക്ഷം രൂപ ലഭിച്ചിട്ടുള്ളതെന്നും ഇടുക്കി ജില്ലയിലെ 2018-ലെ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് പൂർണ്ണമായും തീർന്നതിനാൽ അധിക തുകയ്ക്കുള്ള റിക്വസ്റ്റ് ജില്ലാ കളക്ടർ വഴി ഗവൺമെന്റിന് നൽകിയിട്ടുണ്ടെന്നും. ഈ വിഷയം ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

റിലീഫ് കമ്മിറ്റിയുടെ ആശ്വാസ പ്രവർത്തനങ്ങൾക്കുള്ള തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണമെന്നായിരുന്നു സമിതിയുടെ ശിപാർശയെങ്കിലും പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്കായി രൂപീകരിച്ചിരിക്കുന്ന നോൺ പ്ലാൻ വിഹിതമായ ഒരു കോടി പത്ത് ലക്ഷം രൂപയിൽ നിന്നും തിരുവനന്തപുരം ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 50 ലക്ഷം കൊടുക്കുവാനുള്ള അനുമതി മാത്രമാണ് ധനകാര്യവകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ളതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയം ചർച്ച ചെയ്യുവാൻ ധനകാര്യവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരില്ലാത്തതിനാൽ അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യാൻ സമിതി തീരുമാനിച്ചു.

(ഖണ്ഡിക 26)

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന് വാഹനങ്ങൾ വാങ്ങാൻ തുക അനുവദിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ആയതിന് തുകയൊന്നും അനുവദിച്ചില്ലെന്നും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഓഫീസേഴ്സിന് വേണ്ടിയുള്ള വാഹനങ്ങളെല്ലാം പത്തും പതിനഞ്ചും വർഷം പഴക്കമുള്ളവയാണെന്നും ആയത് മാറ്റിത്തരുന്നതിനുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

വകുപ്പുകൾക്ക് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ കൊടുക്കാത്തത് കൊണ്ടാണ് സർക്കാർ നടപ്പിലാക്കുന്ന നിയമങ്ങൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നതെന്നും പ്ലാന്റേഷൻകാരുടെ വാഹനം വായ്പയെടുത്ത് ഫീൽഡിൽ പോയി ഇൻസ്പെക്ഷൻ നടത്തുന്നത് ഇൻസ്പെക്ടർമാർക്ക് ബുദ്ധിമുട്ടാണെന്നും സമിതി വിലയിരുത്തി.

വാഹനങ്ങൾ വാങ്ങുന്നത് വലിയൊരു ക്യാപിറ്റൽ എക്സ്പെൻഡീച്ചറായതുകൊണ്ട് തൽക്കാലം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുവാൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടെന്നും ആയതിന് എല്ലാ ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വാഹനം വാടകയ്ക്ക് എടുത്തതിനുള്ള ബിൽ ധനകാര്യവകുപ്പ് പാസ്സാക്കിത്തരുമെന്നുള്ള ഉറപ്പ് നൽകിയിട്ടുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ വാടകയ്ക്കായി വാഹനത്തിന് ക്വട്ടേഷൻ വിളിക്കുമ്പോൾ ആരും ക്വട്ടേഷൻ തരുന്നില്ലെന്നും അഥവാ നിർബന്ധിച്ച് ആരെക്കൊണ്ടെങ്കിലും ചെയ്യിച്ചാൽ അവർക്ക് വാടക സമയത്ത് കൊടുക്കാതിരിക്കുന്ന സംഭവങ്ങളും നടക്കുന്നുണ്ടെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

പല വകുപ്പുകളിലും ഇപ്പോൾ വാഹനം വാടകയ്ക്കെടുക്കുന്നുണ്ടെന്നും ചില കേസുകളിൽ വീഴ്ചകൾ സംഭവിക്കാറുണ്ടെന്നും ആയത്, പരിഹരിക്കാമെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് അവഗണിക്കപ്പെട്ട് കിടക്കുന്ന ഡിപ്പാർട്ട്മെന്റാണെന്നും അവിടത്തെ സംവിധാനങ്ങൾ മെച്ചപ്പെടുത്താനുള്ള മാർഗ്ഗം കണ്ടെത്തണമെന്നും സമിതി ചൂണ്ടിക്കാണിച്ചപ്പോൾ ആയത് നിശ്ചയമായും ചെയ്യാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

2. <u>2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 3511/സബ്.സി.സി1/15/നി.സെ.)

ഖണ്ഡിക നമ്പർ 39, 107, 78, 79 (അധികവിവരം) എന്നിവ സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 78-ലെ ശിപാർശയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന്റെ റിപ്പോർട്ട് താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു.

2015-16-ൽ ജി.ഒ. ആയിട്ടുള്ള വാഴക്കാട് ഐ.ടി.ഐ.-ക്ക് ഇൻസ്പെക്ടർ തസ്തിക അനുവദിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ ഐ.ടി.ഐ. കൾ തുടങ്ങാം എന്ന് മാത്രമാണ് ഉത്തരവായിട്ടുള്ളതെന്നും പോസ്റ്റ് ക്രിയേഷൻ നടത്തിയിട്ടില്ലെന്നും രണ്ട് ഐ.ടി.ഐ. കൾക്കാണ് അങ്ങനെയൊരു ജി.ഒ. വന്നിട്ടുള്ളതെന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

ഐ.ടി.ഐ. അനുവദിക്കുന്ന സമയത്തുതന്നെ ആവശ്യമായ പോസ്റ്റുകൂടി അനുവദിച്ചാൽ മാത്രമേ ഐ.ടി.ഐ. തുടങ്ങാൻ സാധിക്കുകയുള്ളുവെന്നും വാഴക്കാട് ഐ.ടി.ഐ.-യുടേത് ഇത്തരത്തിലുള്ള ഒരു ഉത്തരവല്ലായിരുന്നുവെന്നും സമിതി വിലയിരുത്തി. അടുത്ത അവസരത്തിൽ വാഴക്കാട് ഐ.ടി.ഐ. അനുവദിക്കുന്ന കാര്യത്തെക്കുറിച്ച് സെക്രട്ടറിയോട് സമിതി ആരാഞ്ഞപ്പോൾ പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി വേണമെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ വർഷത്തെ ബഡ്ജറ്റിൽ വാഴക്കാട് ഐ.ടി.ഐ. യുടെ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ നയപ്രഖ്യാപനത്തിൽ 10 ഐ.ടി.ഐ.-കൾക്ക് പ്രൊപ്പോസൽ കൊടുത്തിരുന്നുവെങ്കിലും അങ്കമാലി, ചീലിക്കോട്, വെള്ളമുണ്ട, കുറ്റിക്കോൽ, തലശ്ശേരി, വർക്കല എന്നിങ്ങനെ ആറ് ഐ.ടി.ഐ.-കൾക്കാണ് ബഡ്ജറ്റിൽ തുക അനുവദിച്ചതെന്ന് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

പത്ത് എണ്ണത്തിന് പ്രൊപ്പോസൽ കൊടുത്തിരുന്നുവെങ്കിലും ബഡ്ജറ്റിൽ അനുവദിക്കാതിരുന്ന നാലെണ്ണത്തിൽ ഒന്നാണ് വാഴക്കാട് ഐ.ടി.ഐ. എന്ന് വിലയിരുത്തിയ സമിതി അടുത്തവർഷം അതിന് മുൻഗണന കൊടുത്തുകൊണ്ട് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് സമിതി ചെയർമാൻ അറിയിച്ചു

3. <u>2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4802/സബ്.സി.സി1/16/നി.സെ.)

ഖണ്ഡിക നമ്പർ 31, 94, 30, 37, 38, 82 (അധികവിവരം), 86 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 18, 21, 83, 84, 85, 88, 90 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് താഴെപ്പറയുന്ന ചർച്ചകൾക്കുശേഷവും അംഗീകരിച്ചു.

(ഖണ്ഡിക 18)

2017-18-ൽ അധിക തുക അനുവദിക്കാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ സാമ്പത്തിക ഞെരുക്കം കാരണം അനുവദിക്കാൻ കഴിയില്ലെന്ന് പറഞ്ഞ് ധനകാര്യ വകുപ്പ് നിരസിച്ചുവെന്ന വിവരം തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(ഖണ്ഡിക 21)

കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് അധിക തുക ആവശ്യമുണ്ടെങ്കിൽ ലേബർ കമ്മീഷണർ ധനകാര്യവകുപ്പിന് ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ബോർഡ് തുടങ്ങിയ കാലംമുതൽ പഴയ ഗ്രാന്റ് ഇനത്തിൽ ഇന്നുവരെ 30 കോടി 28 ലക്ഷം രൂപ കുടിശ്ശികയുണ്ടെന്നും ഈ വർഷം ബഡ്ജറ്റിൽ 2 കോടി 43 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നതെന്നും ഇങ്ങനെ ഓരോ വർഷവും കുറച്ച് തുക വീതമാണ് അനുവദിക്കുന്നതെന്നും 1970 മുതലുള്ള കുടിശ്ശികയുണ്ടെന്നും ഇത് ഗവൺമെന്റിന്റെ നോൺ പ്ലാൻ ഗ്രാന്റായതുകൊണ്ട് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും അതായത് ബോർഡിന്റെ ട്രഷറി അക്കൗണ്ടിൽ നിന്നുമാണ് അനുവദിക്കുന്നതെന്നും ആയതിനാൽ ഗ്രാന്റ് കുടിശ്ശിക അനുവദിക്കുന്നതുകാരണം സർക്കാരിന് പ്രത്യേകിച്ച് അധിക സാമ്പത്തിക ബാധ്യതയൊന്നും വരാൻ സാധ്യതയില്ലായെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികളുടെ വിഹിതം കൊണ്ട് പ്രവർത്തിക്കുന്നതായതുകൊണ്ടും കൂടാതെ ബോർഡിന്റെ പണമൊക്കെ ട്രഷറിയിൽ അടയ്ക്കുന്നതുകൊണ്ടും ഗവൺമെന്റിന് ആവശ്യമുള്ള സമയത്ത് മുഴുവൻ പണവും ട്രഷറിയിലേക്ക് കൊടുക്കുന്നതായതുകൊണ്ടും ഇതുവരെയുള്ള കുടിശ്ശിക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ ആയത് ആവശ്യപ്പെടാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

(ഖണ്ഡിക 83, 84, 85, 88, 90)

പ്രസ്തുത ഖണ്ഡികകളിലൊന്നും തുക അനുവദിക്കാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ നാൽപ്പത് യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താവിന് വൈദ്യുതി സൗജന്യമായി കൊടുക്കുന്നതിനായി ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 65 അനുസരിച്ച് കേരള ഗവൺമെന്റ് നൽകേണ്ട സബ്സിഡി, 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്നവരെ 2012-ലെ താരിഫ് റിവിഷനിൽനിന്ന് ഒഴിവാക്കിയതുവഴിയുള്ള സബ്സിഡി, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയായ 545 കോടി രൂപ എഴുതിത്തള്ളിയതുവഴി പത്ത് തവണകളായി കിട്ടേണ്ട 52.4 കോടി രൂപ, കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം, ഡി.ഡി.യു.ജി.ജെ.വൈ. സ്കീം എന്നീ രണ്ട് സ്കീമുകൾക്കുള്ള സംസ്ഥാന വിഹിതമായ പത്ത് ശതമാനം എന്നിങ്ങനെ അഞ്ച് ശിപാർശകൾ ബോർഡ് നൽകിയതിന് ധനകാര്യവകുപ്പ് തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും ആയതിനാൽ ധനകാര്യ വകുപ്പാണ് ഇതിന് മറുപടി പറയേണ്ടതെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കേരള വാട്ടർ അതോറിറ്റിക്ക് ബഡ്ജറ്റിൽ നിന്നുള്ള സപ്പോർട്ട് 700-800 കോടി രൂപയാണെന്നും ഇതിനെ ആശ്രയിച്ചാണ് പല പദ്ധതികളും കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള സ്കീമുകളും പ്രാവർത്തികമാക്കുന്നതെന്നും ഓരോ മാസവും മുപ്പത് കോടിയോളം രൂപ ഡെഫിസിറ്റിലാണ് വകുപ്പ് കടന്നുപോകുന്നതെന്നും ഒരു ലിറ്റർ വെള്ളത്തിന് ഇപ്പോൾ നാല് പൈസയാണ് എടുക്കുന്നതെന്നും വെള്ളത്തിന് ന്യായമായ രീതിയിൽ ചാർജ്ജ് ചുമത്തുകയാണെങ്കിൽ ബഡ്ജറ്റിൽ അനുവദിക്കുന്ന തുക മറ്റുള്ള പദ്ധതികൾക്ക് ഉപയോഗിക്കാൻ സാധിക്കുമെന്നും ഒരുദിവസം ഒരു കുടുംബത്തിന് കുടിക്കാനും പാചകം ചെയ്യാനും 50 ലിറ്റർ വെള്ളം എന്ന കണക്കുപ്രകാരം അതിൽ കൂടുതൽ ഉപയോഗിക്കുന്ന വെള്ളത്തിന് അധിക ചാർജ്ജ് ഈടാക്കണമെന്ന തരത്തിൽ ഗവൺമെന്റ് തലത്തിൽ ഒരു തീരുമാനമെടുക്കേണ്ടത് അത്യാവശ്യമാണെന്ന് വാട്ടർ അതോറിറ്റിയുടെ സെക്രട്ടറി കൂടിയായ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രസരണ ഇടനാഴിയായ ഇടമൺ-കൊച്ചി ലൈനിന്റെ പണി ഡിസംബറോടുകൂടി പൂർത്തിയാകുമെന്നും ഈ ലൈൻ പണിയുന്നതിനുള്ള കോമ്പൻസേഷൻ കൊടുക്കാൻ ആയിരം കോടി രൂപ വേണമെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ ബോർഡിന് ആകെ ഒരു ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും തന്മൂലം വൈദ്യുതി ബോർഡിന്റെ പ്രോജക്ട്കൾ നടപ്പിലാക്കുന്നതിനായി വൈദ്യുതി ചാർജ്ജ് കൂട്ടേണ്ട അവസ്ഥയിലാണെന്നും വാട്ടർ അതോറിറ്റി 1500 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങൾ അഞ്ഞൂറോളം കോടി രൂപയും ഉൾപ്പെടെ ഏകദേശം രണ്ടായിരം കോടി രൂപ ബോർഡിന് കിട്ടാനുണ്ടെന്നും ആയതിന്റെ വിശദമായ റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തിട്ടുണ്ടെന്നും ധനകാര്യവകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയുമൊക്കെ ഇത് സംബന്ധിച്ച് ധാരാളം യോഗങ്ങൾ കൂടിയിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

പ്രസ്തുത യോഗങ്ങളിലെ അവസാനത്തെ യോഗത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുള്ള പണം വാട്ടർ അതോറിറ്റി കൊടുക്കേണ്ടയെന്നും ഗവൺമെന്റ് നേരിട്ട് കൊടുക്കാമെന്നും തീരുമാനിച്ചിരുന്നതാണെന്നും പക്ഷേ സാമ്പത്തിക ഞെരുക്കം കാരണം യോഗത്തിൽ നിർദ്ദേശിച്ച തുക ഗവൺമെന്റിന് കൊടുക്കാൻ കഴിയാതെ വന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

വൈദ്യുതി ബോർഡിന് വാട്ടർ അതോറിറ്റി കൊടുക്കാനുള്ള കുടിശ്ശിക എങ്ങനെ കൊടുക്കാൻ കഴിയുമെന്ന കാര്യത്തിൽ ഒരു ഉന്നതതല യോഗം ചേർന്ന് തീരുമാനമെടുക്കണമെന്നും ജനങ്ങൾക്ക് പുതിയ ബാധ്യതയുണ്ടാക്കി കാശുണ്ടാക്കുന്നത്

പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യമെല്ലെന്നും അതുകൊണ്ട് ഒരു ഉന്നതതല യോഗം ചേർന്ന് ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4. <u>2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2110/സബ്.സി.സി1/2017/നി.സെ.)

ഖണ്ഡിക 5, 6, 7, 9, 10, 14, 17, 18, 20, 21, 22, 23, 35, 36, 37, 38, 39, 41, 42, 43, 44, 45, 46, 47, 48, 49 എന്നിവയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 50-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് ചുവടെ കൊടുത്തിരിക്കുന്ന ചർച്ചകൾക്കുശേഷം സമിതി അംഗീകരിച്ചു.

പുതിയ ഇ.എസ്.ഐ. ആശുപത്രികൾ തുടങ്ങുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ പുതിയതായിട്ട് ശിപാർശകളൊന്നും വന്നിട്ടില്ലെന്നും നിലവിലുള്ള ആശുപത്രികളുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടിയുള്ള നടപടികളെടുക്കുന്നുണ്ടെന്നും കോർപ്പറേഷന്റെ ഭാഗത്തു നിന്ന് തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ വരുന്നുണ്ടെന്നും മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും സംയുക്ത യോഗങ്ങൾ നടക്കുന്നുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൊണ്ടോട്ടിയിലെ പുതിയ ഇ.എസ്.ഐ. ആശുപത്രിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഓരോ ആശുപത്രിയിലും ഉണ്ടായിരിക്കേണ്ട രോഗികളുടെ എണ്ണം വർദ്ധിപ്പിച്ച് മാനദണ്ഡത്തിൽ മാറ്റം വരുത്തിയപ്പോൾ അതിനനുസരിച്ചുള്ള എണ്ണം പലപ്പോഴും കേരളത്തിൽ കിട്ടാതാവുകയും പ്രൊപ്പോസൽ കൊടുത്തിരുന്ന ഡിസ്പെൻസറികൾ പലതും അനുവദിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെന്നും അതിലൊന്നാണ് കൊണ്ടോട്ടിയിലേതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ക്ലസ്റ്ററായി കണക്കാക്കുമ്പോൾ 2000-ൽ അധികമെങ്കിലും ഐ.പി. വേണമെന്ന മാനദണ്ഡം അനുസരിച്ച് ഗവൺമെന്റ് പുതിയ 18 ഇ.എസ്.ഐ. ഡിസ്പെൻസറികൾക്കും ഐ.ടി.ഐ.കൾക്കും പ്രൊപ്പോസ് ചെയ്തെങ്കിലും ഇടുക്കി ജില്ലയിലെ കട്ടപ്പനയിലും കോഴിക്കോട് ജില്ലയിലെ മുക്കത്തുമുള്ള രണ്ട് പുതിയ ഡിസ്പെൻസറികൾക്ക് മാത്രമാണ്

ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകാരം നൽകിയതെന്നും 18 ഡിസ്പെൻസറികളിലേക്കുള്ള നിയമനം സ്റ്റേറ്റ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതിനാൽ എല്ലാ ഡിസ്പെൻസറികളും കോർപ്പറേഷനെക്കൊണ്ട് അംഗീകരിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്റ്റേറ്റ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്നും പ്രസ്തുത 18 എണ്ണത്തിൽ കൊണ്ടോട്ടി, കുമിളി, പീരുമേട് എന്നിവയെല്ലാം ഉൾപ്പെടുമെന്നും സമിതി നിരീക്ഷിച്ചു.

5. <u>സബ്ജക്ട് കമ്മിറ്റി VII-ന്റെ അഖിലേന്ത്യാ പഠന പര്യടനം സംബന്ധിച്ച റിപ്പോർട്ടിന്റെ ശിപാർശ ഖണ്ഡിക 31-ലെ നടപടി സ്റ്റേറ്റ്മെന്റിന്മേലുള്ള അധികവിവരത്തിനുള്ള നടപടി റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4139/സബ്.സി.സി1/13/നി.സെ.)

ഖണ്ഡിക നമ്പർ 31-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (സി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

സമിതി നടത്താൻ ഉദ്ദേശിക്കുന്ന അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ കരട് രൂപരേഖ തയ്യാറാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളിൽ ലേബർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള 22 എണ്ണവും ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള 8 എണ്ണവും അടുത്ത ആഴ്ച തുടങ്ങുന്ന സഭാ സമ്മേളനത്തിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ ഉടനെ നൽകാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

## 19-6-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - VII, 2018 ജൂൺ 19-ാം തീയതി സഭ പിരിഞ്ഞതിനുശേഷം 3.45-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി.പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ടി അവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം. മണി ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ.എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി.വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
5. ശ്രീ. വി.പി. സജീന്ദ്രൻ, എം.എൽ.എ.
6. ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.
7. ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ലേബർ ആന്റ് സ്കിൽ ഡിപ്പാർട്ട്മെന്റ്
2. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. എ. അലക്സാണ്ടർ, ലേബർ കമ്മീഷണർ
4. ശ്രീ. അനിൽകുമാർ വി.സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
5. ശ്രീ. ബിച്ചു ബാലൻ, അഡീഷണൽ ലേബർ കമ്മീഷണർ
6. ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
7. ശ്രീമതി ലീല വി., അഡീഷണൽ ലാ സെക്രട്ടറി, നിയമവകുപ്പ്
8. ശ്രീമതി മഞ്ജു എസ്., അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
9. ശ്രീമതി ഷീബ അബ്രഹാം, സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്

10. ഡോ. അജിത നായർ, ഡയറക്ടർ, ഇ.എസ്.ഐ.

11. ശ്രീ. ജോർജ്ജ് ഫ്രാൻസിസ് എം.എ., ജോയിന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്

12. ശ്രീ. ഹരികുമാർ കെ.എസ്., ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്.

സമിതി, കരട് ഭേദഗതി ചട്ടങ്ങൾ, എസ്.ആർ.ഒ. കളുടെ സാധൂകരണം, 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. കരട് ഭേദഗതി ചട്ടങ്ങൾ

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് ഭേദഗതി

(ഫയൽ നമ്പർ 4047/സബ്.സി.സി1/2017/നി.സെ.)

താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം ഭേദഗതികളോടെ അംഗീകരിച്ചു.

നിലവിലുള്ള 1973-ലെ ലൈസൻസിംഗ് ബോർഡ് റൂൾസിൽ വയർമാന്റെ ക്വാളിഫിക്കേഷനിൽ മാറ്റം വരികയും ബോർഡിന്റെ വർക്ക് ചെയ്യുന്നതിനുവേണ്ടി ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഇലക്ട്രിസിറ്റി ബോർഡിനു തന്നെ നൽകാമെന്നുള്ള തീരുമാനവും വന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത റൂൾ ഭേദഗതി ചെയ്യണമെന്ന് തീരുമാനിച്ചതെന്നും മുമ്പ് കെ.ജി.സി.ഇ. ആയിരുന്നു വയർമാന്റെ ക്വാളിഫിക്കേഷനെന്നും പുതിയ കോഴ്സുകൾ വന്നിട്ടുള്ള സാഹചര്യത്തിൽ ലൈസൻസിംഗ് ബോർഡ് അതത് കാലങ്ങളിൽ വരുത്തിയ മാറ്റങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടുള്ള കരട് റൂളാണിതെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വ്യക്തമാക്കി.

പ്രസ്തുത റൂളിൽ വരുത്തിയ ഭേദഗതികളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ വയർമാന്റെ എഴുത്തു പരീക്ഷയ്ക്ക് ഉദ്യോഗാർത്ഥികളുടെ ക്വാളിഫിക്കേഷനിൽ വന്ന മാറ്റം, കെ.എസ്.ഇ.ബി. വർക്ക് ചെയ്യുന്നതിനുവേണ്ടിയുള്ള ഇലക്ട്രിസിറ്റി വർക്കർ പെർമിറ്റ് പുതുതായി കൊടുത്തത്, പുതിയ റെഗുലേഷൻ അനുസരിച്ച് designated person-ന് കോമ്പിറ്റൻസി സർട്ടിഫിക്കറ്റ് കൊടുക്കുന്നത്, കേരളത്തിന് പുറത്തുനിന്നുള്ളവർക്ക് കോൺട്രാക്ട് ലൈസൻസ് (ഉദാ :- L&T പോലെയുള്ളവർക്ക് 'എ' ഗ്രേഡ് ലൈസൻസ് കൊടുക്കുന്നതിന് 'ബി' ക്ലാസിൽ മൂന്നുവർഷം എക്സ്പീരിയൻസ് സംസ്ഥാനത്തുണ്ടായിരിക്കണം, കൂടാതെ കേരളത്തിന് പുറത്തു നിന്ന് വരുന്നയാൾക്ക് മിനിമം രണ്ട് സ്റ്റേറ്റിൽ ലൈസൻസ്

ഉണ്ടെങ്കിൽ അവരുടെ അവിടത്തെ വർക്കിന്റെ ക്വാളിറ്റി നോക്കി അവർക്ക് കേരളത്തിൽ ഡയറക്ടായി 'എ' ഗ്രേഡ് ലൈസൻസ് കൊടുക്കാം), കെ.എസ്.ഇ.ബി.എൽ വർക്ക് ചെയ്യുന്നതിന് കോൺട്രാക്ടർ ലൈസൻസ് ഇഷ്യൂ ചെയ്യുന്നത്, പ്രൊപ്രൈറ്ററി ഫേമിലെ കോൺട്രാക്ട് ലൈസൻസാണെങ്കിൽ ലൈസൻസുള്ള വ്യക്തി പെട്ടെന്ന് മരണപ്പെട്ടാൽ ചെയ്തുകൊണ്ടിരിക്കുന്ന വർക്കുകൾ പൂർത്തീകരിക്കാൻ അവകാശികൾക്ക് ലൈസൻസ് അനുവദിക്കുന്നത്, 'സി' ക്ലാസ് കോൺട്രാക്ടർ ലൈസൻസ് കൊടുക്കുന്നത് (1973-ലെ റൂളിൽ കോൺട്രാക്ടർക്ക് 'എ' ക്ലാസ്, 'ബി' ക്ലാസ് എന്നീ രണ്ട് ലൈസൻസുകളാണ് ഉണ്ടായിരുന്നത്. 1989-ലെ ജി.ഒ. പ്രകാരം 'സി' ക്ലാസ് കോൺട്രാക്ട് ലൈസൻസ് കൊടുക്കുന്നുണ്ട്), ലൈസൻസിനെയും പെർമിറ്റിനെയും സംബന്ധിച്ച വ്യവസ്ഥകൾ (ഒരാൾക്ക് ഒരു സമയത്ത് ഒരു ലൈസൻസ് മാത്രമേ കൈവശം വയ്ക്കാൻ പാടുള്ളു, പാർട്ണർഷിപ്പ് ഫേമാണെങ്കിൽ ഒരാൾ മാറിയാലോ മരണപ്പെട്ടാലോ വർക്ക് തുടർന്നും ചെയ്യാം), പിഴ ഒടുക്കുന്നതിനുള്ള അധികാരം (ഏതെങ്കിലും കോൺട്രാക്ടിൽ അലിഗേഷൻ ഉണ്ടായാൽ അന്വേഷണ വിധേയമായി താക്കീത് കൊടുക്കുക, സസ്പെൻഷൻ കൊടുക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിരുന്നത്. ഫൈൻ ചുമത്തേണ്ട അതോറിറ്റി ലൈസൻസിംഗ് ബോർഡാണ്), ആധുനിക സംവിധാനങ്ങളായ എസ്.എം.എസ്., ഇ-മെയിൽ, ഫാക്സ് എന്നിവ മുഖേന നോട്ടീസ് കൊടുക്കുക എന്നിവയാണ് പ്രധാന മാറ്റങ്ങൾ എന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സമിതിയെ അറിയിച്ചു.

ക്വാളിഫിക്കേഷൻ നിശ്ചയിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ കോഴ്സിന്റെ സിലബസ് പരിശോധിച്ച് ബോർഡ് തീരുമാനമെടുക്കുന്നതാണെന്നും സംസ്ഥാനത്തിന് പുറത്തുനിന്ന് പഠിച്ച കോഴ്സിന് തുല്യതാ സർട്ടിഫിക്കറ്റ് കൊടുക്കുവാനുള്ള അധികാരം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്കാണെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് സെക്രട്ടറി വ്യക്തമാക്കി.

ക്വാളിഫിക്കേഷനിൽ മാറ്റങ്ങൾ വരുമ്പോൾ നേരത്തേ പഠിച്ച കുട്ടികൾക്ക് ബുദ്ധിമുട്ടാകുമോയെന്ന് സമിതി ആശങ്ക പ്രകടിപ്പിച്ചപ്പോൾ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂട്ടി ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത ഭേദഗതിയിൽ നിയമ വകുപ്പ് അഡീഷണൽ ലാ സെക്രട്ടറി താഴെപ്പറയുന്ന മാറ്റങ്ങൾ കൂടി നിർദ്ദേശിച്ചു.

(1) നോട്ടിഫിക്കേഷൻ തീയതിയിലും നമ്പറിലും എസ്.ആർ.ഒ.-യിലും 2018 എന്ന് തിരുത്തൽ വരുത്തുകയും, റൂൾസിന്റെ പേരിലും അതിനനുസൃതമായ മാറ്റം വരുത്തേണ്ടതുമാണ്.

(2) റൂൾ 2 (n) delete ചെയ്യുകയും ബാക്കിയുള്ള സീരിയൽ നമ്പറുകൾ അതിനനുസരിച്ച് മാറ്റം വരുത്തുകയും വേണ്ടതാണ്.

(3) റൂൾ 29 (1)-ൽ 4-ാമത്തെ വരിയിൽ "there under" എന്ന വാക്കുകൾക്കുപകരം "thereunder" എന്നു ചേർക്കുകയും 7-ാമത്തെ വരിയിൽ "Construction of Electrical Plants sand Electrical Lines" എന്നതിൽ sand എന്ന വാക്ക് "and" എന്ന് മാറ്റുകയും ചെയ്യുക.

(4) റൂൾ 31 (3)-ൽ "The time limit for submission of application for renewal of contractor's License contained in rule 30 shall apply to the submission of application for grant of duplicate of the contractor's License" എന്ന വാക്കുകൾക്ക് പകരം "The time limit for the submission of application for grant of duplicate of the contractor's License shall be 30 days from the date of such loss, damage or destruction specified under subrule (1)" എന്നാക്കുക.

(5) റൂൾ 31 (2)-ലും 33 (3)-ലും ഉള്ള "prescribed" എന്ന വാക്കിനുപകരം "determined" എന്നാക്കുക.

(6) റൂൾ 33 (2)-ൽ 7-ാമത്തെ വരിയിലും റൂൾ 34 (1)-ൽ 6-ാമത്തെ വരിയിലും "the rule there under" എന്നത് "the rules made thereunder" എന്ന് മാറ്റുക.

(7) റൂൾ 40-c-ൽ 'by telegraphic message or' എന്നത് delete ചെയ്യുകയും ശേഷമുള്ളവയുടെ ക്രമ നമ്പർ മാറ്റുകയും ചെയ്യുക.

(8) റൂൾ 37-ൽ ഒരു റൂൾ മാത്രമുള്ളതുകൊണ്ട് '1' എന്ന സീരിയൽ നമ്പർ delete ചെയ്യണം. അതിന്റെ Proviso -യിൽ "obligations" എന്ന വാക്കുമാറ്റിയിട്ട് "liabilities" എന്നു ചേർക്കണം.

(9) കൂടാതെ അമെൻഡ്മെന്റിലുള്ള errors-ഉം grammatical errors-ഉം മാറ്റുകയും ചെയ്യണം.

(10) റൂൾ 43-ന് ശേഷം വലതുഭാഗത്ത്

By order of the Governor,

.................................................,

Secretary

എന്ന് ചേർക്കണം.

കെ.എസ്.ഇ.ബി.-ക്ക് ടി നിർദ്ദേശങ്ങളിന്മേൽ വ്യത്യസ്ത അഭിപ്രായമില്ലാത്തതുകൊണ്ട് നിയമവകുപ്പിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

2. <u>കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി</u>

(ഫയൽ നമ്പർ 4750/സബ്.സി.സി1/2017/നി.സെ.)

താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം ഭേദഗതികളോടെ അംഗീകരിച്ചു

1991-ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിൽ നേരത്തേ സ്വീകരിച്ചിരുന്ന മാനദണ്ഡം 3:1 ആയിരുന്നുവെന്നും ഇതിൽ നിന്നും 1:1 എന്നോ 3:2 എന്നോ ഭേദഗതി വരുത്തണം എന്നാവശ്യപ്പെട്ടുള്ള ഒരു നിവേദനം പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ മന്ത്രിക്കുമുമ്പാകെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, സർവ്വീസ് സംഘടനകളുടെയും റാങ്ക് ഹോൾഡേഴ്സിന്റെയും ഒരു ഹിയറിംഗിനുശേഷം അനുപാതം 3:1-ൽ നിന്നും 2:1 എന്നാക്കി നൽകുന്നതിനുള്ള ഒരു തീരുമാനം ഗവൺമെന്റെടുത്തിരുന്നുവെന്നും ഇക്കാര്യം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും നിയമ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്കുശേഷം പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി അയച്ചത് പി.എസ്.സി. അംഗീകരിച്ചുവെന്നും ഈ കരട് ഭേദഗതി വിജ്ഞാപനമാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

പ്രസ്തുത പ്രൊപ്പോസൽ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ടി വിഷയം കോടതിയിൽ പോയിരുന്നുവെന്നും സ്റ്റേ ഉള്ളതായി അറിയില്ലെന്നും ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനം സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായിട്ടാണ് സമർപ്പിച്ചിരിക്കുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ടി വിഷയം സംബന്ധിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും അത് റൂൾസിന്റെ ഭാഗമാക്കി മാറ്റുന്നതിനാണ് ഈ പ്രൊപ്പോസൽ വച്ചിരിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു. തൊഴിൽ വകുപ്പിൽ ഇതുവരെ പ്രൊമോഷൻ വഴിയായിരുന്നു കൂടുതൽ പോസ്റ്റുകളിലേക്ക് നിയമനം നടന്നിരുന്നതെന്നും നേരിട്ടുള്ള നിയമനത്തിന്റെ അനുപാതം വളരെ കുറവായിരുന്നുവെന്നും മുൻകാലങ്ങളിൽ അനുവർത്തിച്ചുവരുന്ന രീതി തുടർന്ന് വന്നതുകൊണ്ടാണ് ഇത്തരത്തിൽ അഹിതമായ ഒരു അനുപാതം വന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

തൊഴിലിനുവേണ്ടി പ്രതീക്ഷിക്കുന്നവരുടെ ഭാഗത്തുനിന്നുള്ള ഭേദഗതിയാണിതെന്നും മൂന്ന് പേർക്ക് സർവ്വീസിൽ നിന്നുള്ള പ്രൊമോഷനായി നിയമനം ലഭിക്കുമ്പോൾ ഒരാൾക്ക് നേരിട്ടുള്ള നിയമനം ലഭിച്ചിരുന്നത് മാറ്റി രണ്ട് പേരെ പ്രൊമോഷനായി നിയമിക്കുമ്പോൾ ഒരാൾക്ക് നേരിട്ട് നിയമനം ലഭിക്കുന്ന രീതിയിൽ വന്നപ്പോൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് ജോലിക്കായി കാത്തിരിക്കുന്നവർക്ക് കുറച്ചുകൂടി അനുകൂലമായ സ്ഥിതി ഉണ്ടാകുമായിരിക്കുമെന്ന് സമിതി നിരീക്ഷിച്ചു.

അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II നിയമനത്തിൽ നിന്നും ഒരാൾ 2:1 പ്രൊമോഷനിൽ ഡിസ്ട്രിക്ട് ലേബർ ഓഫീസറായി മാറുകയും അയാൾക്കുതന്നെ വീണ്ടും കെ.എ.എസ് വരുമ്പോൾ അതിലേക്ക് മാറാൻ കഴിയുകയും ചെയ്യുമ്പോൾ ഒരേ സമയം തന്നെ രണ്ട് എൻട്രി കേഡർ വരില്ലേയെന്ന് സമിതി ആശങ്ക പ്രകടിപ്പിച്ചു.

അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II എന്നത് ഒരു എൻട്രി കേഡറാണെന്നും ഇത് കെ.എ.എസ്.-ന്റെ ഡയറക്ട് റിക്രൂട്ട്മെന്റിലേക്ക് വരുന്നില്ലെന്നും ഡിസ്ട്രിക്ട് ലേബർ ഓഫീസറാണ് (സെക്കന്റ് ഗസറ്റ്സ് ഓഫീസർ പോസ്റ്റ്) കെ.എ.എസ്.-ലേക്ക് വരുന്നതെന്നും ഓട്ടോമാറ്റിക്കായി പ്രൊമോഷൻ ലഭിക്കുന്നവർ മാത്രമാണ് ഇങ്ങനെ വരുന്നതെന്നും ഇവർക്ക് പരീക്ഷ എഴുതാൻ ഒരു ചാനൽ കിട്ടുമെന്നും കെ.എ.എസ്-ന്റെ ഫൈനൽ സ്റ്റേജ് എന്താണെന്ന് വ്യക്തമായി അറിയില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സമിതിയെ അറിയിച്ചു.

നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി താഴെ പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു:

(1) നോട്ടിഫിക്കേഷന്റെ ഗവൺമെന്റ് ഉത്തരവിലും തീയതിയിലും എസ്.ആർ.ഒ നമ്പറിലും 2018 എന്ന് മാറ്റം വരുത്തുകയും അതിനനുസരിച്ച് റൂൾ 1-ൽ വർഷം 2018 എന്ന് മാറ്റം വരുത്തുകയും ചെയ്യുക.

(2) കൂടാതെ റൂൾ 2-ന്റെ അവസാന ഭാഗം "......... so on" എന്നാക്കി മാറ്റുക.

(3) Explanatory note-ൽ "but it is intended" എന്ന വാക്കുകളിൽ 'it' എന്നത് ഒഴിവാക്കുക.

3. കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി

(ഫയൽ നമ്പർ 1285/സബ്.സി.സി1/2018/നി.സെ.)

താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം ഭേദഗതികളോടെ സമിതി അംഗീകരിച്ചു

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഇലക്ട്രീഷ്യൻ, പ്ലംബർ അല്ലെങ്കിൽ പ്ലംബർ കം ഓപ്പറേറ്റർ തസ്തികകളിലെ നിയമനത്തിനുള്ള യോഗ്യതകൾ പുനർനിർണ്ണയിക്കുന്നതിനായി സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനുവേണ്ടി അതിന്റെ കരട് വിശേഷാൽ ചട്ടങ്ങളെ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തതിനെ തുടർന്ന് ബന്ധപ്പെട്ട വകുപ്പുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷമാണ് ഈ കരട് ഭേദഗതി ചട്ടങ്ങൾ സമിതിയുടെ പരിഗണനക്ക് സമർപ്പിച്ചിരിക്കുന്നതെന്ന് ലേബർ കമ്മീഷണർ വ്യക്തമാക്കി.

1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് റൂൾ പ്രകാരം കാറ്റഗറി നമ്പർ 27 ആയ ഇലക്ട്രീഷ്യൻ തസ്തികയുടെ യോഗ്യത എസ്.എസ്.എൽ.സി.യും NTC in the trade of Electrician, വയർമാൻ കോംപിറ്റൻസി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിന്റെ പെർമിറ്റ് എന്നിവയുടെ കൂടെ വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് കൂടി ഉൾപ്പെടുത്തണമെന്ന 2016-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം Certificate in Vocational Higher Secondary Education in Maintenance and Repair of Domestic appliances കോഴ്സ് കൂടി തുല്യയോഗ്യതയായി കണക്കാക്കണമെന്നും കാറ്റഗറി നമ്പർ -29 ആയ പ്ലംബർ, പ്ലംബർ കം ഓപ്പറേറ്റർ എന്നീ തസ്തികകൾക്ക് VII-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയും, ടെക്നിക്കൽ ക്വാളിഫിക്കേഷനായ ITI Trade certificate in the trade of plumber or equivalent അല്ലെങ്കിൽ Five Year practical experience in plumbing in any recognised/approved Engineering Firm after acquisition of the ITI certificate എന്നതിൽ മൂന്നാമതായി "അല്ലെങ്കിൽ Certificate in Vocational Higher Secondary Education in Maintenance and Repair of Domestice Appliances" എന്ന രീതിയിൽ മാറ്റം വരുത്തണമെന്നും നിയമവകുപ്പ് സെക്രട്ടറി വ്യക്തമാക്കി. ആയതിനാൽ റൂൾ 2 (ii)-ൽ "in item b(i) after the words " in the trade of plumber or equivalent" എന്നത് "in item b(ii) after the words " ITI Certificate" എന്നാക്കി തിരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ തിരുത്തലുകളോടെ സമിതി കരട് ഭേദഗതി ചട്ടം അംഗീകരിച്ചു

4. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സ്റ്റോർസ് സൂപ്രണ്ട് തസ്തികകേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ നിന്നും നീക്കം ചെയ്ത് കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (രണ്ട് ഭേദഗതി ചട്ടങ്ങൾ)

(ഫയൽ നമ്പർ 2501/സബ്.സി.സി1/2018/ നി.സെ.)

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റിലെ സ്റ്റോർ സൂപ്രണ്ട് 2006-നുശേഷം ഗസറ്റഡ് പോസ്റ്റാക്കി മാറ്റിയപ്പോൾ സബോർഡിനേറ്റ് സർവ്വീസ് റൂൾ 24-ൽ നിന്നും കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസിലേക്ക് ചേർത്ത് പത്താമത്തെ കാറ്റഗറിയായി ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതി നോട്ടിഫിക്കേഷനിലും ചട്ടങ്ങളുടെ പേരിലും 2018 എന്ന് മാറ്റം വരുത്തേണ്ടതാണ് എന്ന നിർദ്ദേശത്തോടെ സമിതി അംഗീകരിച്ചു.

## II. എസ്.ആർ.ഒ.-കളുടെ സാധൂകരണം

1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചതിന്റെ സാധൂകരണം (SRO No.89/2018)

(ഫയൽ നമ്പർ 1930/സബ്.സി.സി1/2018/ നി. സെ.)

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ്(നിയമനവും സേവനവ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ സംബന്ധിച്ച ഭേദഗതി, 8/2/2018 തീയതിയിലെ സ.ഉ(പി) നമ്പർ 16/2018/തൊഴിൽ (എസ്.ആർ.ഒ.നമ്പർ 89/2018) നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച നടപടി, സമിതി ഭേദഗതികളില്ലാതെ സാധൂകരിച്ചു.

2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും (ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിച്ചതിന്റെ സാധൂകരണം (SRO No.91/2018)

(ഫയൽ നമ്പർ 1931/സബ്.സി.സി1/2018/നി.സെ.)

കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും ചട്ടങ്ങൾ ഭേദഗതി വരുത്തി പുറപ്പെടുവിച്ച 8-2-2018-ലെ സ.ഉ. (പി.) നമ്പർ 18/2018/തൊഴിൽ (എസ്.ആർ.ഒ. നമ്പർ 91/2018) വിജ്ഞാപനം താഴെപറയുന്ന ഭേദഗതികളോടെ സമിതി സാധൂകരിച്ചു.

ചട്ടം 2 (8)-ൽ "26-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ "പെൻഷൻ പറ്റിയ ഒരാൾ" എന്ന വാക്കുകൾക്ക് ശേഷം "കുടുംബ പെൻഷൻ കൈപ്പറ്റുന്ന ഒരാൾ" എന്ന ചിഹ്നവും വാക്കുകളും കൂടി ചേർക്കേണ്ടതാണ്" എന്നതിനുപകരം "26-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ "പെൻഷൻ പറ്റിയ ആൾ" എന്ന വാക്കുകൾക്ക ശേഷം "കുടുംബ പെൻഷൻ കൈപ്പറ്റുന്ന ഒരാൾ" എന്ന ചിഹ്നവും വാക്കുകളും കൂടി ചേർക്കേണ്ടതാണ്" എന്ന മാറ്റം വരുത്തണം.

വിജ്ഞാപനത്തിന്റെ ഇംഗ്ലീഷ് പതിപ്പിൽ ചട്ടം 2(5)-ൽ "while computing ............retrospective effect, "Dearness Relief......compassionate allowance" എന്നത് "While computing............ retrospective effect. Dearness Relief......compassionate allowance" എന്നാക്കി മാറ്റണം.

ചട്ടം 2 ഉപചട്ടം 6-ന്റെ (c)(ii)-ൽ "wife living separately........of a court of law," എന്നത് "Wife living separately........of a court of law," എന്നാക്കി മാറ്റണം. ചട്ടം 2-ന്റെ 8-ാം ഉപചട്ടത്തിൽ "in rule 26, in sub rule (1), after the word "pensioner" the symbol and words "family pensioner" shall be inserted" എന്നതിനുപകരം "in rule 26, in sub rule (1), after the word "pensioner" the symbol and words "/family pensioner" shall be inserted" എന്ന് മാറ്റം വരുത്തണം.

III. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 40, 37, 25-34, 8, 11, 1, 2, 4 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

IV. 2017-18-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് ഇന്ന് പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമിതി അംഗീകരിച്ചു.

V. 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള സബ്ജക്ട് കമ്മിറ്റി VII-ന്റെ ആനുകാലിക റിപ്പോർട്ടിന്റെ കരടും ഭേദഗതികളില്ലാതെ അംഗീകരിച്ചു.

സമിതിയുടെ അടുത്ത യോഗം 11-7-2018-ന് രാവിലെ 10.00 മണിക്ക് തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 4.25-ന് പിരിഞ്ഞു.

# 11-7-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2018 ജൂലായ് 11-ാം തീയതി രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. ടി.വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
4. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി മഞ്ജു എസ്, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
2. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, മാനേജിംഗ് ഡയറക്ടർ, ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡെപെക്) ലിമിറ്റഡ്
3. ശ്രീ. സജു എസ്.എസ്., ജനറൽ മാനേജർ, ഒഡെപെക്.
4. ശ്രീ. അനിൽ കുമാർ, മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) ഒഡെപെക്.

സമിതി, ODEPC-ന്റെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായ ചർച്ച നടത്തി ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു:

1977 ഒക്ടോബറിൽ പ്രവർത്തനമാരംഭിച്ച ഒഡെപെക് ഇന്ത്യക്ക് പുറത്തുള്ള രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തി കേരളത്തിലെ തൊഴിലന്വേഷകരെ നിയമിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണെന്നും പ്രധാനമായും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്കാണ് കൂടുതൽ റിക്രൂട്ട്മെന്റ് നടക്കുന്നതെന്നും നേഴ്സുമാർക്കാണ് കൂടുതൽ അവസരങ്ങളുള്ളതെന്നും സർക്കാർ ജീവനക്കാർക്ക് ഒഫിഷ്യൽ

ആവശ്യത്തിന് യാത്ര ചെയ്യാനുള്ള ടിക്കറ്റ് ക്രെഡിറ്റ് സംവിധാനത്തിൽ ബുക്ക് ചെയ്യുന്നതിന് ഒഡെപെക്കിന്റെ ഒരു ട്രാവൽ ഡിവിഷൻ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നതല്ലാതെ സ്ഥിരമായി പ്ലാൻ ഫണ്ടിൽ നിന്നുള്ള ഒരു സപ്പോർട്ടും ഈ സ്ഥാപനത്തിന് ലഭിക്കുന്നില്ലെന്നും പ്രൊമോഷൻ ക്യാമ്പയിനുവേണ്ടി ഒരു കോടി രൂപ ആവശ്യപ്പെട്ടപ്പോൾ 50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചതെന്നും അതുപയോഗിച്ച് പ്രൊമോഷനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും റിക്രൂട്ട്മെന്റിലൂടെ കിട്ടുന്ന ഫീസും ട്രാവൽ ഡിവിഷനിലൂടെ കിട്ടുന്ന കമ്മീഷനും കൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്നും അതുകൊണ്ട് പ്രൈവറ്റ് റിക്രൂട്ട്മെന്റ് ഏജൻസികൾ ചെയ്യുന്നതുപോലെ വിപുലമായ പ്രൊമോഷൻ ക്യാമ്പയിൻ നടത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നും ഇപ്പോൾ ആദ്യമായിട്ടാണ് ഓവർസീസ് പ്രൊമോഷൻ ക്യാമ്പയിൻ പ്ലാൻ ചെയ്ത് നടപ്പിലാക്കിയതെന്നും ഇത്തരത്തിലുള്ള ഒരു സർക്കാർ സ്ഥാപനത്തിന്റെ ആവശ്യകത ഏറിയിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതിന്റെ വളർച്ചയ്ക്കുവേണ്ടി സാമ്പത്തിക സഹായം ആവശ്യമുണ്ടെന്നും ഒഡെപെക് മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

ബോർഡിന്റെ ഘടനയെക്കുറിച്ചും ഓഫീസിനെക്കുറിച്ചും സമിതി ആരാഞ്ഞപ്പോൾ ഗവൺമെന്റ് നോമിനേറ്റ് ചെയ്ത മാനേജിംഗ് ഡയറക്ടറും ജനറൽ മാനേജരും ഫിനാൻസ് മാനേജരും 13 അസിസ്റ്റന്റുമാരുണ്ടെന്നും ഒഡെപെക്കിന്റെ മെയിൻ ഓഫീസ് തിരുവനന്തപുരത്താണെന്നും എംബസ്സികളിൽ പോയി വിസ സ്റ്റാമ്പ് ചെയ്യുന്നതിനും മറ്റുമായി മൂന്ന് സ്റ്റാഫ് അടങ്ങുന്ന ഒരു ചെറിയ ഓഫീസ് ഡൽഹിയിലുണ്ടെന്നും ഒഡെപെക് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

മലബാർ മേഖലയിൽ ഒരു ഓഫീസ് ആരംഭിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഇത് മുഴുവനും കമ്പ്യൂട്ടറൈസ്ഡായ ഒരു സിസ്റ്റമാണെന്നും ഇതിന്റെ പ്രവർത്തനങ്ങളെല്ലാം ഓൺലൈൻ വഴിയാണ് ചെയ്യുന്നതെന്നും ജോലിക്ക് അപേക്ഷിക്കുന്നവർ കൂടുതലുള്ള മേഖലയിൽ വച്ചാണ് ഇന്റർവ്യൂ നടത്തുന്നതെന്നും കേരളത്തിന് പുറത്ത് ഹൈദരാബാദ്, ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ എല്ലായിടത്തും ഇന്റർവ്യൂ നടത്താറുണ്ടെന്നും ഓഫീസ് കേന്ദ്രീകരിച്ച് ഒരിക്കലും ഇന്റർവ്യൂ നടത്താറില്ലാത്തതുകൊണ്ട് ഓഫീസ് എവിടെയെന്നത് ഒരു വിഷയമല്ലെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ടൂർ ഓപ്പറേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിനോദയാത്ര പാക്കേജുകൾ നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഈ സ്ഥാപനം മൂന്ന് കോടിയോളം രൂപയുടെ കടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാനാണ് ടൂർ ഓപ്പറേഷൻ വിംഗ് കൂടി ആരംഭിക്കാൻ തീരുമാനിച്ചതെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

ഒരു അംഗീകൃത ഏജൻസി എന്നുള്ള നിലയിൽ പഠന ആവശ്യത്തിന് ഈ സംവിധാനം ഉപയോഗിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഇതുവരെ അതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ലെന്നും അതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് പഠിച്ചതിനുശേഷം ആലോചിക്കാവുന്ന കാര്യമാണിതെന്നും മാനേജിംഗ്. ഡയറക്ടർ വ്യക്തമാക്കി.

നൈപുണ്യവികസന പരിശീലന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പരിശീലന പദ്ധതിക്കായി ലേബർ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനും ഒഡെപെക്കും ഒരുമിച്ച് പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും യു.കെ.-യിൽ നേഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് യു.കെ. ഗവൺമെന്റുമായി ചേർന്ന് ധാരണയിലെത്തിയിട്ടുണ്ടെന്നും ആരോഗ്യ വകുപ്പിനെ റിക്രൂട്ട്മെന്റിന്റെ കാര്യത്തിൽ സഹായിക്കുന്നത് ഒഡെപെക്കാണെന്നും വിദേശത്ത് ജോലി ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾ ഐ.ഇ.എൽ.ടി.എസ്. പരീക്ഷ പാസ്സാകുകയും അതിന് ഏഴ് സ്കോർ ലഭിക്കുകയും വേണമെന്നും പലപ്പോഴും ഇത് പാസ്സാകാത്തതുകൊണ്ട് റിക്രൂട്ട് ചെയ്യുന്ന പത്തു ശതമാനം പേർക്ക് മാത്രമേ വിദേശത്ത് പോകാൻ സാധിക്കുന്നുള്ളുവെന്നും അതുകൊണ്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-മായി ചേർന്ന് ഐ.ഇ.എൽ.റ്റി.എസ്. കോച്ചിംഗ് കൊടുക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഇങ്ങനെ ആവശ്യങ്ങൾക്കനുസരിച്ച് പലരീതിയിലുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ചെയ്യുന്നുണ്ടെന്നും എം.ഡി. വ്യക്തമാക്കി.

ടിക്കറ്റ് ബുക്ക് ചെയ്യു ഇനത്തിൽ സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ പണം ലഭിക്കാനുള്ളതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ മൂന്നുകോടി രൂപ സർക്കാർ തരാനുണ്ടെന്ന് എം.ഡി. മറുപടി പറഞ്ഞു.

2017-ൽ വിദേശത്ത് ജോലി ലഭിച്ചവരുടെ എണ്ണത്തേക്കാൾ കുറവാണ് 2018-ൽ ജോലി ലഭിച്ചവരുടെ എണ്ണമെന്ന് സമിതി വിലയിരുത്തിയപ്പോൾ 2016-17-ൽ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ സർക്കാർ ഏജൻസികളിലൂടെ മാത്രമേ റിക്രൂട്ട് ചെയ്യാവൂ എന്ന നിയമം കൊണ്ടുവന്നിരുന്നുവെന്നും 2017-18 ആയപ്പോൾ പ്രൈവറ്റ് ഏജൻസികളുമായി മൽസരിച്ചാണ് റിക്രൂട്ട് ചെയ്യുന്നതെന്നും അത് കണക്കാക്കുകയാണെങ്കിൽ 2017-18-ൽ ജോലി ലഭിച്ചവരുടെ എണ്ണം മോശപ്പെട്ടതല്ലെന്നും പ്രൈവറ്റ്

ഏജൻസികളെപോലെ അധിക തുക ഈടാക്കാതെ മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് നിർദ്ദേശിച്ച 30,000 രൂപ മാത്രമാണ് ഫീസായി വാങ്ങുന്നതെന്നും എം.ഡി. വ്യക്തമാക്കി.

ഗവൺമെന്റ് ഫണ്ട് 2017-18-ൽ ലഭിക്കാതെ 2018-19-ൽ ലഭിച്ചത് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ സ്ഥിരമായ ഒരു പ്ലാൻ ഫണ്ട് സപ്പോർട്ട് ഈ സ്ഥാപനത്തിന് ലഭിക്കാറില്ലെന്നും 2015-16-ൽ കെട്ടിടം നിർമ്മിക്കാനുള്ള തുക അനുവദിച്ചതിനുശേഷം 2018-19 ലാണ് പിന്നെ അനുവദിച്ചതെന്നും എം.ഡി. അറിയിച്ചു.

ഉദ്യോഗാർത്ഥികളെ കൂടുതലായി റിക്രൂട്ട് ചെയ്യുന്ന മേഖലയെക്കുറിച്ചും രാജ്യത്തിനെക്കുറിച്ചും സമിതി ആരാഞ്ഞതിന് നേഴ്സിംഗ് മേഖലയിലാണ് കൂടുതൽ ഡിമാന്റ് വരുന്നതെന്നും ടീച്ചർമാരെയും റിക്രൂട്ട് ചെയ്യുന്നുണ്ടെന്നും എംപ്ലോയറുടെ ഡിമാന്റനുസരിച്ചാണ് റിക്രൂട്ട് ചെയ്യുന്നതെന്നും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ വച്ച് സൗദി അറേബ്യയാണ് ഏറ്റവും വലിയ എംപ്ലോയറെന്നും എം.ഡി. വ്യക്തമാക്കി.

യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിനെക്കുറിച്ചും അവർക്കുള്ള ട്രെയിനിംഗിനെക്കുറിച്ചും സമിതി ആരാഞ്ഞതിന് യു.കെ., അയർലന്റ് എന്നിവിടങ്ങളിലേക്ക് ഇപ്പോൾ റിക്രൂട്ട് ചെയ്തു തുടങ്ങിയിട്ടുണ്ടെന്നും യു.കെ. ഇപ്പോൾ മെയിൻ സ്ട്രീം ഏജൻസിയായി ഒഡെപെക്കിനെ സർക്കാർ തലത്തിൽത്തന്നെ അംഗീകരിച്ചിട്ടുണ്ടെന്നും അവിടെ 3000 നേഴ്സുമാരുടെ ഡിമാന്റുണ്ടെങ്കിലും തെരഞ്ഞെടുക്കുന്നവരിൽ പത്തുശതമാനം പേർക്ക് മാത്രമേ ഐ.ഇ.എൽ.റ്റി.എസ്-ന് 7 സ്കോർ കിട്ടുന്നതെന്നും ആയതിനാൽ KASE-മായി ചേർന്ന് നേഴ്സുമാർക്ക് ഒരു പരിശീലന പദ്ധതി ആരംഭിച്ചെങ്കിലും ഇവരെല്ലാവരും ജോലിക്ക് പോകുന്നവരായതിനാൽ ശമ്പളം നഷ്ടപ്പെടുത്തി ക്ലാസിന് വരാൻ തയ്യാറാകാത്തതുകൊണ്ട് ഐ.ഇ.എൽ.റ്റി.എസ്.-ന് സ്കോർ നേടാൻ കഴിയുന്നില്ലെന്നും ഉദ്യോഗാർത്ഥികൾ കൂടുതലുള്ള സ്ഥലത്ത് വച്ച് ട്രെയിനിംഗ് കൊടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അവർ ജോലി ചെയ്യുന്നതിനടുത്ത് വന്നുപോകാൻ കഴിയുന്ന രീതിയിൽ സർക്കാർ സംവിധാനത്തിലുള്ള കോൺഫറൻസ് ഹാളുകളിൽ 40 കുട്ടികളുടെ ഒരു ബാച്ച് എന്ന നിലയിൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും എം.ഡി. സമിതിയെ അറിയിച്ചു.

കൂടുതൽ രാജ്യങ്ങളെ ഇതിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ അതിന് പ്രൊമോഷൻ ക്യാമ്പയിൻ ആവശ്യമാണെന്നും രണ്ടാഴ്ച മുമ്പ് വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഖത്തറും കുവൈറ്റും സന്ദർശിച്ചിരുന്നുവെന്നും നേഴ്സിംഗ്, ഡൊമസ്റ്റിക് ഹെൽപ്പ്, ഹോം നേഴ്സ്, ഡ്രൈവർ തുടങ്ങിയ മേഖലയിൽ ഡിമാന്റുണ്ടെന്നും ഏജന്റുമാരുടെ ഇടപെടലുകൾ ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അവർക്കും സർക്കാർ ഏജൻസിയുമായി സഹകരിക്കാനാണ് താൽപ്പര്യമെന്നും അതിന്റെ ചർച്ചകൾ പുരോഗമിച്ചുവരികയാണെന്നും എം.ഡി. അറിയിച്ചു.

ഒഡെപെക്കിനെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഇതുവരെ അതിനൊരു അധിക ഫണ്ട് കണ്ടെത്താൻ ബുദ്ധിമുട്ടായിരുന്നുവെന്നും ഇപ്രാവശ്യം ആദ്യമായിട്ടാണ് ഒ.ഡി.ഇ.പി.സി.-യുടെ പ്രൊമോഷൻ ആക്ടിവിറ്റിക്കുവേണ്ടി ഫണ്ട് ലഭ്യമാക്കിയിട്ടുള്ളതെന്നും അതുപയോഗിച്ചാണ് കുവൈറ്റിലും ഖത്തറിലും പ്രൊമോഷൻ ക്യാമ്പയിൻ നടത്താൻ സാധിച്ചതെന്നും വരും ദിവസങ്ങളിൽ ഓൺലൈനായി സോഷ്യൽ മീഡിയയിലൂടെയും മറ്റും കുറച്ച് പരസ്യങ്ങളും പ്രൊമോഷൻ ആക്ടിവിറ്റീസും ചെയ്യാനാണുദ്ദേശിക്കുന്നതെന്നും എം.ഡി. വ്യക്തമാക്കി.

ആഫ്രിക്കൻ രാജ്യങ്ങളിൽ സാധ്യതകൾ കുറഞ്ഞുവരുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ അങ്ങനെയൊരു പഠനം നടത്തിയിട്ടില്ലെന്നും മറ്റ് രാജ്യങ്ങളിലുള്ളതുപോലെ Well established recruitment system ഇല്ലാത്തതുകൊണ്ട് പ്രൈവറ്റ് ഏജൻസികളാണ് കൂടുതലും റിക്രൂട്ട് ചെയ്യുന്നതെന്നും കൂടാതെ അവിടെ പുറത്തുനിന്നും ഇൻവെസ്റ്റ് ചെയ്ത് ഇൻഡസ്ട്രി എസ്റ്റാബ്ലിഷ് ചെയ്തിട്ട് അവർ പ്രൈവറ്റായിട്ട് ആളുകളെ റിക്രൂട്ട് ചെയ്യുകയാണ് ചെയ്യുന്നതെന്നും അവിടുത്തെ ഗവൺമെന്റിന് ഒരു റിക്രൂട്ടിങ് സിസ്റ്റം ഇല്ലെന്നും അവിടെ ഇപ്പോൾ നടത്തിവരുന്ന റിക്രൂട്ടിങ് സിസ്റ്റത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും അവിടെ നിന്നും കുറച്ച് ഡിമാന്റ് വരുന്നുണ്ടെന്നും എം.ഡി. സമിതിയെ അറിയിച്ചു.

വിദേശത്തേക്കുള്ള നിയമനം കൂടാതെ മറ്റുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഒ.ഡി.ഇ.പി.സി. നിയമനം, ട്രാവൽ ഡിവിഷൻ, ടൂർ ഡിവിഷൻ എന്നിങ്ങനെ മൂന്ന് പ്രവർത്തനങ്ങളാണുള്ളതെന്ന് എം.ഡി. വ്യക്തമാക്കി.

വിദേശ രാജ്യങ്ങളിൽ തൊഴിൽ എക്സ്ചേഞ്ച് ആരംഭിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പല റിക്രൂട്ടേഴ്സിനും സമീപിക്കാവുന്നൊരു സുതാര്യമായ ഏജൻസി ഇല്ലാത്തതിനാൽ ഇവിടത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

പോലെയൊരു തൊഴിൽ എക്സ്ചേഞ്ച് വിദേശത്ത് ആരംഭിക്കുകയെന്നത് വളരെ നല്ല കാര്യമാണെന്നും വേറൊരു രാജ്യത്തുപോയി ഒരു സ്ഥാപനം എസ്റ്റാബ്ലിഷ് ചെയ്യുമ്പോൾ ധാരാളം ഇൻവെസ്റ്റ്മെന്റ് വേണ്ടി വരുമെന്നും പ്രോഫിറ്റ് ഇംപ്രൂവ് ചെയ്യുകയോ ഗവൺമെന്റ് സപ്പോർട്ട് ചെയ്യുകയോ, ചെയ്താൽ ചിന്തിക്കാവുന്ന ഒരു കാര്യമാണിതെന്നും എം.ഡി. അറിയിച്ചു.

ഒഡെപെക്കിന്റെ പ്രവർത്തനത്തിന് ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ബഡ്ജറ്റിന്റെ സൂക്ഷ്മപരിശോധനയുടെ ചർച്ചയിലൊന്നും ഇതുവരെ വന്നിട്ടില്ലെന്നും ഇതിനെക്കുറിച്ച് എല്ലാ എം.എൽ.എ.-മാർക്കും അറിയില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചപ്പോൾ ഇതിന് സാധാരണ ബഡ്ജറ്റ് അലോക്കേഷൻ ഇല്ലാത്തതുകൊണ്ടാണെന്നും ഇപ്രാവശ്യം ഇതിന്റെ പ്രാധാന്യം പറഞ്ഞുമനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒരുകോടി രൂപ ചോദിച്ചതിൽ 50 ലക്ഷം രൂപ അനുവദിച്ചതെന്നും വിദേശരാജ്യങ്ങളിൽ ചെന്ന് ക്യാമ്പയിൻ നടത്താനും അവരോട് സംസാരിക്കാനും റോഡ് ഷോ നടത്താനും ധാരാളം പണം ആവശ്യമുള്ളതാണെന്നും ഇപ്പോൾത്തന്നെ 35,000 നേഴ്സുമാർ നമ്മുടെ ഡാറ്റാബെയ്സിലുണ്ടെന്നും ഉദ്യോഗാർത്ഥികളുടെ എണ്ണം കൂട്ടുന്നതിലല്ല ജോലി കൊടുക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്നും എം.ഡി. വ്യക്തമാക്കി.

റോഡ് ഷോ നടത്തുന്ന രീതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ റോഡ് ഷോ എന്ന ഒരു ജനറിക് വാക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും Government to Government business meet ആണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും അവിടത്തെ മെയിൻ എംപ്ലോയേഴ്സിനെ അല്ലെങ്കിൽ ബിസിനസ്സിൽ പാർട്ട്ണറാകാൻ താല്പര്യമുള്ള ആളുകളെ മുൻകൂട്ടി അറിയിച്ച് അവരുമായി ചർച്ച നടത്തുകയും അവരുടെ ആവശ്യങ്ങളും ബുദ്ധിമുട്ടുകളും എന്താണെന്നും അതിനെ അപ്രോച്ച് ചെയ്യേണ്ടത് എങ്ങനെയെന്നും ചർച്ച നടത്തുക, നേരത്തേ ഒ.ഡി.ഇ.പി.സി.-യുമായി ബന്ധപ്പെട്ട ആളുകളുണ്ടെങ്കിൽ അവർ നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകൾ അല്ലെങ്കിൽ അവർക്ക് പോസിറ്റീവ് ആയിട്ട് പറയാനുള്ളത് കേൾക്കുക മുതലായ കാര്യങ്ങളാണ് റോഡ് ഷോയിൽ നടക്കുന്നതെന്നും KASE-ന്റെയൊരു വേരിയേഷൻ പ്രോജക്ടിന്റെ ഭാഗമായി ഒ.ഡി.ഇ.പി.സി.-യെ പങ്കെടുപ്പിച്ചുകൊണ്ട് യു.എ.ഇ.-യിലും കുവൈറ്റിലും ഖത്തറിലും റോഡ് ഷോ നടത്തിയെന്നും എം.ഡി. മറുപടി പറഞ്ഞു.

എംപ്ലോയേഴ്സിനെക്കുറിച്ച് വിശദീകരിക്കാൻ സമിതി ആവശ്യപ്പെട്ടപ്പോൾ സൗദി അറേബ്യയിലെ മെയിൻ എംപ്ലോയർ ഗവൺമെന്റും യു.എ.ഇ.-യിലെ മെയിൻ എംപ്ലോയർ പ്രൈവറ്റുമാണെന്നും സൗദി അറേബ്യയിലെ അംഗീകരിക്കപ്പെട്ട പതിനാറ് റിക്രൂട്ടിംഗ് ഏജൻസികളിൽ പതിനാലെണ്ണം പ്രൈവറ്റും രണ്ടെണ്ണം ഗവൺമെന്റ് ഏജൻസികളുമുള്ളതിൽ

ഒന്ന് നമ്മുടേതാണെന്നും യു.കെ.-യിലെ NHS (National Health Service) എന്ന ഗവൺമെന്റ് എംപ്ലോയറുമായി നേരിട്ടാണ് റിക്രൂട്ട്മെന്റ് നടത്തുന്നതെന്നും എം.ഡി. വിശദീകരിച്ചു.

കേരള ഗവൺമെന്റുമായി എഗ്രിമെന്റ് വച്ചിട്ടുള്ള രാജ്യങ്ങളുടെ വിശദാംശങ്ങൾ ആരാഞ്ഞപ്പോൾ കേരള ഗവൺമെന്റുമായി എഗ്രിമെന്റ് വച്ചിട്ടുള്ളത് ഇപ്പോൾ സൗദി അറേബ്യ മാത്രമാണെന്നും കുവൈറ്റും ഖത്തറും ഒമാനും യു.കെ.-യും കൂടി നമ്മുടെ ഗവൺമെന്റുമായി ചേർന്ന് പ്രവർത്തിക്കുവാൻ സാധ്യതയുണ്ടെന്നും എം.ഡി. വ്യക്തമാക്കി.

ജോലി കിട്ടിക്കഴിഞ്ഞതിനുശേഷം പിന്നീടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഇത്തരം പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്നതിന് പല ബുദ്ധിമുട്ടുകളുണ്ടെന്നും എംബസി വഴി മാത്രമേ ഇടപെടാൻ കഴിയുള്ളൂവെന്നും പലയിടത്തും പ്രശ്നങ്ങളുണ്ടെങ്കിലും അവിടെയെല്ലാം എംബസി വളരെ സജീവമായി ഇടപെടുന്നുണ്ടെന്നും എം.ഡി. സമിതിയെ അറിയിച്ചു.

പ്രൈവറ്റ് ഏജൻസികൾ നേഴ്സിന്റെ ജോലിയെന്നുപറഞ്ഞ് ഉദ്യോഗാർത്ഥികളെ കൊണ്ടുപോയി വീട്ടുജോലിയോ മറ്റെതെങ്കിലും ജോലിയോ കൊടുക്കുകയും പരാതി കൊടുക്കുവാൻ കൊണ്ടുപോയ ആളോ സ്പോൺസറോ ഉണ്ടാകാത്ത അവസ്ഥയുമാണ് ഇപ്പോൾ നടക്കുന്നതെന്ന് സമിതി വിലയിരുത്തുകയും കുവൈറ്റിലേക്ക് പ്രൈവറ്റ് ഏജൻസി വഴി 25 ലക്ഷം രൂപ വരെ കൊടുത്ത് രണ്ടുവർഷമായിട്ടും ജോലിയൊന്നും കിട്ടാതെ എംബസിയുടെയും അവിടെയുള്ള സന്നദ്ധ സംഘടനകളുടെയും സഹായം കൊണ്ട് നിലനിന്നു പോകുന്ന 80 നേഴ്സുമാരുടെ വിഷയം സമിതി പരാമർശിക്കുകയും ഇത്തരത്തിൽ ആളുകൾക്ക് ചതിവ് പറ്റാതിരിക്കുവാൻ റിക്രൂട്ട്മെന്റ് സർക്കാർ തലത്തിൽ നടത്തുകയാണ് പരിഹാരമെന്ന നിഗമനത്തിലെത്തുകയും ചെയ്തു. ചില സ്വകാര്യ ഏജൻസികളുടെ ഭാഗത്ത് പിശകുണ്ടെങ്കിലും ശരിയായ രീതിയിൽ റിക്രൂട്ട്മെന്റ് നടത്തുന്ന പല ഏജൻസികളുമുണ്ടെന്ന് സമിതി ചൂണ്ടിക്കാണിച്ചു. കേരളത്തിന് നോർക്ക വഴിയും ODEPC വഴിയും റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്തുമ്പോൾ ആളുകൾ സ്വകാര്യ മേഖലയെ ആശ്രയിക്കുന്നത് കുറച്ചു കൊണ്ടുവരാൻ കഴിയുമെന്നും House Workers-ന്റെ ഭാഗത്തുനിന്നാണ് ഒരുപാട് പരാതികൾ വരുന്നതെന്നും Government to Government എന്ന രീതിയിലാകുമ്പോൾ ഇതിന് ഒരു മാറ്റമുണ്ടാകുമെന്നും ഡൊമസ്റ്റിക് വർക്കേഴ്സിനു വേണ്ടിയുള്ള പ്രൊപ്പോസൽ നോർക്ക ചെയ്യുന്നതുപോലെ ODEPC-ക്കും ചെയ്യാൻ തയ്യാറാണെന്നും ODEPC വഴി അയച്ചിട്ടുള്ളവരിൽ ഒരാൾപോലും ഇതുവരെ പരാതി പറഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തി.

ODEPC വഴി റിക്രൂട്ട് ചെയ്യുവരുടെ എണ്ണം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ഇതുവരെ 8,285 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ടെന്ന് എം.ഡി. അറിയിച്ചു.

ലോകത്തെല്ലായിടത്തും നേഴ്സുമാർക്ക് വളരെ ഡിമാന്റാണെന്നും ഖത്തറിൽ നേഴ്സുമാർക്ക് നല്ല ശമ്പളമുണ്ടെന്നും ODEPC വിദേശത്തേക്ക് നഴ്സുമാരെ അയക്കുന്നത് എല്ലാവിധ തൊഴിൽ സുരക്ഷയോടും കൂടിയാണെന്നും ലോകത്ത് തൊഴിൽപരമായ അരക്ഷിതാവസ്ഥ ഏറ്റവും കൂടുതൽ ഉണ്ടായ 2017-18-ൽ പോലും നല്ല രീതിയിൽ റിക്രൂട്ട്മെന്റ് നടത്തുവാൻ ODEPC-ന് സാധിച്ചിരുന്നെന്നും സമിതി ചൂണ്ടിക്കാണിച്ചു. ഈ സ്ഥാപനം ഇതുവരെ ഒരു സ്വകാര്യ കമ്പനിപോലെ അധികമാരും അറിയാതെ പ്രവർത്തിക്കുകയായിരുന്നുവെന്ന് വിലയിരുത്തിയ സമിതി ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും ഈ സംവിധാനത്തെക്കുറിച്ച് പരമാവധി ജനങ്ങളെ അറിയിക്കണമെന്നും അഭിപ്രായപ്പെട്ടു.

ഈ സ്ഥാപനത്തിനുവേണ്ടി ഗവൺമെന്റിനോട് ഫണ്ട് ആവശ്യപ്പെടുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ODEPC-നെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ഈ സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്കുവേണ്ടി റെഗുലറായി ഒരു പ്ലാൻഡ് ഫണ്ടിന്റെ സപ്പോർട്ട് വേണമെന്നൊരു പ്രൊപ്പോസൽ സബ്ജക്ട് കമ്മിറ്റിക്ക് വയ്ക്കാമെന്ന് ODEPC എം.ഡി. അഭിപ്രായപ്പെട്ടു.

ODEPC വളരെക്കുറച്ച് തുക മാത്രമാണ് ആവശ്യപ്പെടുന്നതെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ ഈ സാമ്പത്തിക വർഷം ഒരു കോടി രൂപ ചോദിച്ചപ്പോൾ 50 ലക്ഷം രൂപ മാത്രമാണ് ലഭിച്ചതെന്ന് എം. ഡി. അറിയിച്ചു.

ODEPC ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഏജൻസിയായതുകൊണ്ട് കുവൈറ്റിലും ഖത്തറിലുമൊക്കെ റോഡ്ഷോയ്ക്ക് നല്ല പ്രതികരണമാണ് കിട്ടിയതെന്നും അതുപോലെ യു.കെ., അമേരിക്ക എന്നിവിടങ്ങളിലും തൊഴിൽ സാധ്യതയ്ക്ക് ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

41 വർഷം മുമ്പ് പ്രവർത്തനം തുടങ്ങിയ ODEPC എന്ന സ്ഥാപനത്തെക്കുറിച്ച് ആളുകൾ അറിയാത്തതുകൊണ്ടാണ് പ്രൈവറ്റ് ഏജൻസികളുടെ റിക്രൂട്ടിംഗ് സംവിധാനം വലിയ തോതിൽ ഉപയോഗപ്പെടുത്തുകവഴി ചൂഷണങ്ങൾ നടക്കുന്നതെന്ന് എം.ഡി. അഭിപ്രായപ്പെട്ടു.

വർഷത്തിലൊരിക്കലെങ്കിലും പ്രമുഖ പത്രങ്ങളിൽ പരസ്യം കൊടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഓരോ ഇന്റർവ്യൂ വരുമ്പോഴും പരസ്യം കൊടുക്കുന്നതിനായി നല്ലൊരു തുക മാറ്റി വയ്ക്കേണ്ടി വരുന്നുണ്ടെന്ന് എം.ഡി. അറിയിച്ചു.

സ്റ്റാഫിന്റെ എണ്ണവും മറ്റ് സംവിധാനങ്ങളും പര്യാപ്തമല്ലായെന്നുള്ള പരിമിതികൾക്കുള്ളിൽ നിന്നു പ്രവർത്തിക്കുന്ന ഈ സംവിധാനത്തെ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി.

അംഗപരിമിതർക്കുള്ള റിക്രൂട്ട്മെന്റിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ എംപ്ലോയറുടെ ഡിമാന്റനുസരിച്ച് റിക്രൂട്ട് ചെയ്യുമ്പോൾ കാറ്റഗറി റിസർവേഷൻ പോലെ നമ്മുടെ താൽപ്പര്യങ്ങൾ കൊണ്ടുവരുന്നതിന് പരിമിതികളുണ്ടെന്ന് എം.ഡി. അറിയിച്ചു.

എംപ്ലോയറുടെ ഡിമാന്റനുസരിച്ച് ഇപ്പോൾ നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാം കുറച്ചുകൂടി വിപുലപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഹൗസ് മെയ്ഡുകളുടെ റിക്രൂട്ട്മെന്റിന് NORKA-യെ സപ്പോർട്ട് ചെയ്യുകയാണ് ODEPC ഇപ്പോൾ ചെയ്യുന്നതെന്നും ഖത്തറിലും കുവൈറ്റിലും ഹൗസ് മെയ്ഡുകൾക്ക് നല്ല ഡിമാന്റുണ്ടെന്നും അതുപോലെ ബി.എസ്.സി. നഴ്സിംഗിന് തൊട്ടുതാഴെയുള്ള കോഴ്സുകൾ പഠിച്ചവർക്ക് വീടുകളിലെ പാലിയേറ്റീവ് കെയർ, കുട്ടികളെയും വൃദ്ധരെയും പരിചരിക്കൽ തുടങ്ങി ഹോം നഴ്സുകൾക്ക് വളരെ ഡിമാന്റുണ്ടെന്നും ഇത് സംബന്ധിച്ച് കുടുംബശ്രീ വഴി കൂടുതൽ ആളുകളെ നൽകുന്നതിന് അവരുമായി ചർച്ചയിലാണെന്നും കുടുംബശ്രീയുമായി ചേർന്ന് ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിനും ഹോം നഴ്സിംഗ് മേഖലയിൽ വിദഗ്ദ്ധരായ ഒരു പാലിയേറ്റീവ് ഏജൻസിയുമായി കരാർ ഉറപ്പിക്കുന്നതിനുള്ള ചർച്ച പുരോഗമിക്കുന്നുണ്ടെന്ന് എം.ഡി. സമിതിയെ അറിയിച്ചു.

KASE, നഴ്സിംഗ് രംഗത്തുള്ളവർക്ക് വിദേശത്ത് പോയി ജോലി ചെയ്യുമ്പോൾ ആവശ്യമായ പരിജ്ഞാനം, ഭാഷാ പ്രയോഗത്തിലെ പുരോഗതി തുടങ്ങിയവയിൽ പരിശീലനം നൽകുന്നതുപോലെ വിദേശമേഖലയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, ട്രാവൽ, ടൂർ എന്നീ മൂന്ന് മേഖലകളിലും ആവശ്യം വരുകയാണെങ്കിൽ കൂടുതൽ ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യാമെന്ന് സമിതി ഉറപ്പ് നൽകി.

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/രജിസ്ട്രേഷൻ/സുരക്ഷാ പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു (ഫയൽ നമ്പർ 5306/സബ്. സി. സി1/ 2016/നി.സെ.)

സമിതി, 2018 ഒക്ടോബർ മാസത്തിൽ നടത്താനുദ്ദേശിക്കുന്ന അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ കരട് രൂപരേഖ തയ്യാറാക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

യോഗം രാവിലെ 11.15-ന് പിരിഞ്ഞു.

## 14-8-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2018 ആഗസ്റ്റ് 14-ാം തീയതി ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു :

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
5. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. എ. അലക്സാണ്ടർ, ലേബർ കമ്മീഷണർ, തൊഴിൽ വകുപ്പ്
2. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്
3. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, ലേബർ ഡിപ്പാർട്ട്മെന്റ്.

സംസ്ഥാനത്തെ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനാണ് യോഗം ചേർന്നിരിക്കുന്നതെന്ന് ആമുഖമായി പറഞ്ഞ ചെയർമാൻ ടി വിഷയം സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികളുടെ ഒരു വിവരണം നൽകാൻ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ കടകളും വാണിജ്യ സ്ഥാപനങ്ങളും ഫാക്ടറീസ് & ബോയിലേഴ്സ് ആക്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അവരുടെ തൊഴിൽ നിയമങ്ങളും മറ്റും നടപ്പിലാക്കുന്നതിന്റെ രീതിയും മികവും വിലയിരുത്തിയതിനുശേഷം തൊഴിൽ നിയമങ്ങൾ നല്ല രീതിയിൽ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് കൊടുത്ത്

അവരുടെ മികവ് അംഗീകരിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിച്ചതെന്നും ഹോട്ടൽ, സ്റ്റാർ ഹോട്ടൽ, ടെക്സ്റ്റൈൽസ്, ഐ.ടി. എസ്റ്റാബ്ലിഷ്മെന്റ്, സെക്യൂരിറ്റി സ്ഥാപനങ്ങൾ, ഹോസ്പിറ്റൽ, ജ്വവലറി, കൺസ്ട്രക്ഷൻ എന്നീ മേഖലകളിലാണ് ആദ്യം ഗ്രേഡിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചതെന്നും ഏഴ് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഓരോന്നിനും തയ്യാറാക്കിയ ചോദ്യാവലിക്ക് അതത് സ്ഥാപനങ്ങൾ നൽകുന്ന ഉത്തരങ്ങൾ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നതെന്നും ഓൺലൈനായി എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ വർഷം ഒരു സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തിട്ടുണ്ടെന്നും അതിലൂടെ ലഭിച്ച 941 അപേക്ഷകളിൽ നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യത നേടിയ 421 അപേക്ഷകൾ ആണെന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഒരു ചടങ്ങ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും എല്ലാ വർഷവും ഇങ്ങനെ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നതെന്നും ലേബർ കമ്മീഷണർ വ്യക്തമാക്കി.

ഗ്രേഡിംഗിനായി തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ നടപ്പിലാക്കുന്നുണ്ടോ എന്നതിന്റെ പരിശോധന സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം, സ്ത്രീ സൗഹൃദ അന്തരീക്ഷം, തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ, തൊഴിലിടങ്ങളിലെ സുരക്ഷ എന്നിങ്ങനെയുള്ള ഏഴ് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നൂറോളം ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയ്ക്ക് ലഭിക്കുന്ന മറുപടി അസിസ്റ്റന്റ് ലേബർ ഓഫീസർ അവരുടെ റിക്കോർഡിൽ അല്ലെങ്കിൽ സ്ഥാപനത്തിൽ പോയി പരിശോധിച്ച് ഉറപ്പുവരുത്തുകയാണ് ചെയ്യുന്നതെന്ന് ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

തൊഴിലാളികൾ സംതൃപ്തരാണോയെന്നറിയാൻ അവരുടെ റിപ്പോർട്ട് ലഭിക്കാനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് തൊഴിലാളികളിൽനിന്നും നേരിട്ട് ഒന്നും ചോദിക്കുന്നില്ലെന്നും തൊഴിലുടമകൾ മിനിമം വേതനം നൽകുന്നുണ്ടോ, റെസ്റ്റ് റൂം നൽകുന്നുണ്ടോ, ഓവർടൈം വേജസ് കൊടുക്കുന്നുണ്ടോ എന്നീ ചോദ്യങ്ങൾക്ക് തൊഴിലുടമകളാണ് ഓൺലൈനിൽ തന്നെ മറുപടി നൽകുന്നതെന്ന് ലേബർ കമ്മീഷണർ വ്യക്തമാക്കി.

അദ്ധ്യാപകർക്ക് ഗ്രേഡിംഗ് നിശ്ചയിക്കുമ്പോൾ വിദ്യാർത്ഥികളുടെ അഭിപ്രായം കൂടി കണക്കിലെടുക്കുന്നതുപോലെ തൊഴിലുടമകൾക്ക് ഗ്രേഡിംഗ് നിശ്ചയിക്കുമ്പോൾ തൊഴിലാളികളുടെ അഭിപ്രായം കൂടി കണക്കിലെടുക്കേണ്ടതല്ലേയെന്ന് സമിതി സംശയം പ്രകടിപ്പിച്ചപ്പോൾ അത് ഒരുപരിധിവരെ നല്ലതാണെങ്കിലും കാലദൈർഘ്യം വരുന്നതിനാൽ ഒഴിവാക്കിയതാണ് എന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു

തൊഴിലുടമകൾ നൽകുന്ന ഉത്തരങ്ങൾ ലേബർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ ക്രോസ് ചെക്കിംഗ് നടത്തുമ്പോൾ തൊഴിലാളികളുടെ അഭിപ്രായം കൂടി കണക്കിലെടുക്കുന്നുണ്ടെന്നും ഗ്രേഡിംഗ് കൊണ്ട് ഉദ്ദേശിക്കുന്നതുതന്നെ ഷോപ്പുകളിൽ മിനിമം വേജസ് പോലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്നുള്ള പരിശോധനയാണെന്നും എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് ഗ്രേഡിംഗിൽ വരുന്ന ഉടമകൾക്കൊരു അവാർഡ് കൊടുക്കുന്നതിനും നല്ല സർവ്വീസും സേവനവും കണക്കാക്കി തൊഴിലാളികൾക്ക് 'ശ്രേഷ്ഠ അവാർഡ്" നൽകാനുള്ള തീരുമാനവും ഗവൺമെന്റിനുണ്ടെന്നും സമിതിയെ ധരിപ്പിച്ചു.

കഴിഞ്ഞ മാർച്ചിൽ ഗ്രേഡിംഗ് സംബന്ധിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നടത്തിയതിനുശേഷം വകുപ്പിന്റെ സോഫ്റ്റ്‌വെയറായ ഫാബോസ് എന്ന പോർട്ടലിലെ ഫാക്ടറി മാനേജ്മെന്റുകളുടെ പ്രൊഫൈലിൽ ഗ്രേഡിംഗ് എന്നൊരു മൊഡ്യൂൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ആയതിൽ ഓൺലൈനായി ചോദ്യാവലിക്കുള്ള മറുപടി നൽകാവുന്നതാണെന്നും ഇരുപത് തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന വാണിജ്യ സ്ഥാപനങ്ങളിൽനിന്നും 11-6-2018 മുതൽ ഓൺലൈനായി 415 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ചോദ്യാവലിക്കുള്ള ഉത്തരങ്ങൾ ഫാക്ടറി ഇൻസ്പെക്ടർമാർ പരിശോധിച്ചതിനുശേഷം അതനുസരിച്ചുള്ള മാർക്കുംകൂടി കൊടുത്തിട്ടാണ് പ്രോസസ് ചെയ്യുന്നതെന്നും വകുപ്പിലുള്ള 22 ഇൻസ്പെക്ടർമാരെ മാത്രം ഉപയോഗിച്ച് ഇത്രയും അപേക്ഷകൾ സമയബന്ധിതമായി പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ഗ്രേഡിംഗ് സിസ്റ്റം കൂടാതെ വിവിധ മാനുഫാക്ചറിംഗ് പ്രോസസ്സിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എല്ലാ വർഷവും സേഫ്റ്റി അവാർഡ് കൊടുക്കുന്നുണ്ടെന്നും നല്ല ഗ്രേഡിംഗ് ലഭിച്ചവർക്ക് അടുത്ത നാഷണൽ സേഫ്റ്റി ഡേയിൽ പ്ലാറ്റിനം, ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നീ നാല് കാറ്റഗറിയായിട്ടാണ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതെന്നും ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഗ്രേഡിംഗിനായി ലഭിച്ച അപേക്ഷകളിൽ അയോഗ്യരായ സ്ഥാപനങ്ങൾ തൊഴിൽ നിയമം പാലിക്കാത്തവരായതുകൊണ്ട് അവർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങളെക്കുറിച്ചും, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ ഇൻസ്പെക്ടർമാരുടെ എണ്ണം പരിമിതമായതിനാൽ നിലവിലുള്ള സ്റ്റാഫിനെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പൂൾ തയ്യാറാക്കി മുപ്പതോ നാൽപ്പതോ ദിവസം നൽകിക്കൊണ്ട് ഇത്തരം കാര്യങ്ങൾ പ്രോസസ്സ് ചെയ്യാൻ കഴിയുമോയെന്നത് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ ഗ്രേഡിംഗിനായി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്കുള്ള മാർക്ക് 80 ശതമാനത്തിൽ കൂടുതൽ വരുന്നത് എ പ്ലസ് (വജ്രം) എന്നാണ് പറഞ്ഞിരിക്കുന്നത് എന്നും ആയത് 90 ശതമാനത്തിൽ കൂടുതൽ വരുന്നതിന് വജ്രവും 80 മുതൽ 90 വരെ സുവർണ്ണവും 70 മുതൽ 80 വരെ രജതവും എന്ന രീതിയിലായാൽ നന്നാകുമെന്നും ഗ്രേഡിംഗ് സിസ്റ്റത്തിൽ നിന്നും അയോഗ്യരാവുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിലേക്ക് തിരിച്ച് കൊണ്ടുവരാൻ ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ വർഷം 941 അപേക്ഷകളിൽ നിന്നും 421 അപേക്ഷകൾ മാത്രം സെലക്ട് ചെയ്യപ്പെട്ടത് ബാക്കിയുള്ളത് ഏതെങ്കിലും മാനദണ്ഡത്തിനകത്ത് വരാത്തവയായതു കൊണ്ടാണെന്ന് ലേബർ കമ്മീഷണർ അറിയിച്ചു.

ഗ്രേഡിംഗ് സിസ്റ്റത്തിലേയ്ക്ക് വരാത്ത തൊഴിലുടമകളെ കണ്ടെത്താൻ വേണ്ടിയാണ് ഈ സമ്പ്രദായം കൊണ്ടുവന്നതെന്നും എല്ലാവരെയും ഘട്ടം ഘട്ടമായി ഇതിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും അഭിപ്രായപ്പെട്ട സമിതി അതിനായി ഇപ്പോൾ വന്നിരിക്കുന്ന ഉത്തരവിനകത്ത് അപേക്ഷ നൽകുന്നതിന് ഒരു സമയപരിധി വയ്ക്കുന്നതും പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാത്ത തൊഴിലുടമകളിൽ നിന്ന് നിശ്ചിത തുക പണിഷ്മെന്റായി ഈടാക്കും എന്നൊരു ശിപാർശ വയ്ക്കുന്നത് നല്ലതായിരിക്കും എന്നും നിരീക്ഷിച്ചു.

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് നിയമം ബാധകമായിട്ടുള്ള സ്ഥാപനങ്ങളേയും അതിന് താഴെയുള്ള ചെറുകിട സ്ഥാപനങ്ങളേയും ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളേയും ഗ്രേഡിംഗ് സിസ്റ്റത്തിലേയ്ക്ക് ഉൾപ്പെടുത്തി മിനിമം വേജസ് പോലെയുള്ള തൊഴിൽ നിയമങ്ങൾക്ക് എല്ലാ സ്ഥാപനങ്ങളെയും വിധേയമാക്കുകയാണ് ചെയ്യുന്നതെന്നും തൊഴിലാളികളോട് മനുഷ്യത്വപരമായി പെരുമാറുന്നതിനും അവരുടെ മാനുഷിക അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുതകുന്നതരത്തിലുള്ള ക്രമീകരണങ്ങളുണ്ടാക്കുന്നതിനും എന്തെങ്കിലും പുതിയ ഉത്തരവോ മറ്റോ ആവശ്യമായി വന്നാൽ ആയത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണെന്നും സമിതിയെ അറിയിച്ചു.

ഷോപ്പുകളിലെ സ്ത്രീ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന സമയത്ത് അത്യാവശ്യം ഇരിക്കാനുള്ള സൗകര്യം, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, മുലയൂട്ടുന്ന അമ്മമാരുണ്ടെങ്കിൽ അതിനുള്ള സൗകര്യം, കുട്ടികളെ പരിപാലിക്കുവാനുള്ള സൗകര്യം തുടങ്ങിയ ആവശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബിൽ ഗവൺമെന്റ് ഓർഡിനൻസ് ആയി ഇറക്കിയത് നിയമം പാലിക്കുന്നതിന്റെ ഭാഗമാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

കേരളമാകെ ഇപ്പോൾ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമയമായതിനാൽ ഓൺലൈൻവഴി സമർപ്പിക്കുന്ന രേഖകൾ പരിശോധിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും നല്ല നിലയിൽ പരിശോധനകൾ നടത്തി തൊഴിലാളികൾക്ക് എല്ലാ സംരക്ഷണവും ഉറപ്പുവരുത്തുകയാണ് ഗ്രേഡിംഗ് കൊണ്ടുദ്ദേശിക്കുന്നതെന്നും അതിനായി തൊഴിലാളികളുടെയും ഉടമകളുടെയും സംഘടനാതലത്തിലെ അഭിപ്രായങ്ങൾ തേടിയിട്ടാണ് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെന്നും സമിതി നിരീക്ഷിച്ചു. ഏറ്റവും മികച്ച രീതിയിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്ക് അംഗീകാരം നൽകണമെന്ന ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായം പരിഗണിച്ചാണ് കഴിഞ്ഞ

ബഡ്ജറ്റിൽ 'ശ്രേഷ്ഠ അവാർഡ്' പ്രഖ്യാപിച്ച് ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവെന്നും തൊഴിലാളികളുടെ സംരക്ഷണത്തിനാണ് പ്രാധാന്യമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിൽ ഈ നിയമം വ്യാപകമായി നടപ്പിലാക്കുന്നതിനും 20 തൊഴിലാളികളിൽ താഴെയുള്ള സ്ഥാപനങ്ങളെയും കോർപ്പറേറ്റിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്തു.

ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനുപകരം ലേബർ ഡിപ്പാർട്ട്മെന്റ് അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം അത് നിർബന്ധമായും പൂരിപ്പിച്ച് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ അക്കാര്യം ആലോചിക്കാമെന്ന് ലേബർ കമ്മീഷണർ സമിതിക്ക് ഉറപ്പുനൽകി.

സോഫ്റ്റ്വെയർ പ്രകാരം ചെയ്യുന്നതുകൊണ്ട് ഓരോ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കീഴിലും എത്ര സ്ഥാപനങ്ങളുണ്ടെന്നും ആ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികളുണ്ടെന്നും അറിയാൻ സാധിക്കുന്നതിനാൽ ഗ്രേഡിംഗിന്റെ കീഴിൽ വന്നിട്ടില്ലാത്ത സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ നിയമാനുസൃതമായ കർശന പരിശോധന നടത്തുകയും മിനിമം വേജസ് കൊടുപ്പിക്കുകയും മറ്റ് കാര്യങ്ങളിലൊക്കെ ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ ക്രമേണ ഈ സ്ഥാപനങ്ങളൊക്കെ നിയമത്തിൻ കീഴിൽ വരുകയും അത് പാലിക്കാത്ത സ്ഥാപനങ്ങളെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയമാക്കുകയും ചെയ്യുമെന്നും അങ്ങനെ നാലഞ്ച് വർഷം കൊണ്ട് എല്ലാ സ്ഥാപനങ്ങളിലും ഗ്രേഡിംഗ് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും ലേബർ കമ്മീഷണർ വ്യക്തമാക്കി. ആയതിന് നിയമത്തിന്റെ പിൻബലം ലഭിക്കുവാൻ റൂൾസിലോ ആക്ടിലോ ആവശ്യമായ ഭേദഗതി നിർബന്ധമായും വരുത്തണമെന്നും ലക്ഷ്യം കൈവരിക്കണമെങ്കിൽ എല്ലാ ഷോപ്പുകളെയും ഗ്രേഡിംഗ് വ്യവസ്ഥയിൽ കൊണ്ടുവരണമെന്നും സമിതി അഭിപ്രായപ്പെട്ടു.

യോഗം വൈകുന്നേരം 3.55-ന് പിരിഞ്ഞു.

## 17-10-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2018 ഒക്ടോബർ മാസം 17-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. ടി.വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. എൻ. എസ്. പിള്ള, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ.
3. ശ്രീ. ബി. ഗോപകുമാരൻ നായർ, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.
4. ശ്രീ. എൻ. വേണുഗോപാൽ, ഡയറക്ടർ (എസ്.സി.എം., സി.പി.), കെ.എസ്.ഇ.ബി.എൽ.
5. ശ്രീ. പി. കുമാരൻ, ഡയറക്ടർ (ഡി. & ഐ.റ്റി.) കെ.എസ്.ഇ.ബി.എൽ.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ഇടുക്കി പവർഹൗസിനുണ്ടായ നാശനഷ്ടങ്ങൾ ഉൾപ്പെടെ വൻകിട/ചെറുകിട ഊർജ്ജ ഉത്പാദന പ്രസരണ വിതരണ മേഖലയിൽ വൈദ്യുതി ബോർഡിനുണ്ടായ നാശനഷ്ടങ്ങളുടെ അവലോകനം സംബന്ധിച്ച് ഊർജ്ജ വകുപ്പിലെ ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു :

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് നാനാമേഖലകളിൽ വിവരണാതീതമായ പ്രയാസങ്ങൾ നേരിടേണ്ടി വന്നതോടൊപ്പം വൈദ്യുതി മേഖലയിലും വൻകിട ചെറുകിട ഊർജ്ജ ഉത്പാദന മേഖലകളിലും വലിയ തോതിലുള്ള നാശനഷ്ടങ്ങളുണ്ടാകുകയും പരിഹരിക്കാൻ കഴിയാത്ത രീതിയിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരികയും ചെയ്ത സാഹചര്യത്തിൽ വൈദ്യുതി ബോർഡിനുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് അവലോകനം നടത്തുകയെന്നതാണ് ഇന്നത്തെ യോഗംകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ബഹു. സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു.

പ്രളയ ദുരന്തത്തിന്റെ ഭാഗമായി വൈദ്യുതി ലൈൻ തകർന്നും ട്രാൻസ്ഫോർമറുകൾ നശിച്ചും വലിയ തോതിലുള്ള തകർച്ചയെ നേരിടേണ്ടി വന്നെങ്കിലും ജനങ്ങൾക്ക് വലിയ

പ്രയാസങ്ങൾ വരാത്ത നിലയിൽ സാധ്യമായത്ര വേഗതയിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും ജനങ്ങളെ സഹായിക്കുന്നതിനും മുമ്പൊരു സന്ദർഭത്തിലുമുണ്ടാകാത്ത രീതിയിലുള്ള സ്തുത്യർഹമായ സേവനമാണ് വൈദ്യുതി ബോർഡും അവിടത്തെ ജീവനക്കാരും ഒറ്റക്കെട്ടായി നിറവേറ്റിയിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

പ്രളയ ദുരന്തത്തിൽ ബോർഡിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിനെക്കുറിച്ച് പൊതുവായ ഒരു അഭിപ്രായ രൂപീകരണം നടത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇന്നത്തെ യോഗത്തിൽ ബഹു. വൈദ്യുതി വകുപ്പുമന്ത്രിക്ക് പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും വൈദ്യുതി ബോർഡിന്റെ ചെയർമാനും മറ്റുദ്യോഗസ്ഥരും ഇവിടെ പങ്കെടുക്കുന്നുണ്ടെന്ന് പറഞ്ഞ ബഹു. സമിതി ചെയർമാൻ ബോർഡിനുണ്ടായ നഷ്ടങ്ങളെ സംബന്ധിച്ച വിവരണം നൽകാൻ വൈദ്യുതി ബോർഡ് ചെയർമാനോട് ആവശ്യപ്പെട്ടു.

പ്രാഥമിക കണക്കുപ്രകാരം ഇൻഫ്രാസ്ട്രക്ചറിന്റെ നഷ്ടം 352 കോടിയും ജനറേഷന്റെ നഷ്ടം 440 കോടിയുമാണെന്നും ഊർജ്ജ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. വൈദ്യുതി ബോർഡിനുണ്ടായ നഷ്ടങ്ങളുടെ കണക്ക് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെങ്കിലും അവിടെ നിന്നും എത്ര തുക കിട്ടാൻ സാധ്യതയുണ്ടെന്ന കാര്യത്തിൽ ഇതുവരെ ധാരണയായിട്ടില്ലായെന്നും രണ്ടാമതായി എ.ഡി.ബി.-യും വേൾഡ് ബാങ്കും ഇവിടെ വന്ന് നഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയപ്പോൾ ആയത് വൈദ്യുതി ബോർഡിന്റെ കണക്കിന് തുല്യമായി അംഗീകരിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കാൻ സാധ്യതയുണ്ടെന്നും പക്ഷേ ഒന്നര മാസം പവർ ജനറേറ്റ് ചെയ്യാൻ കഴിയാത്തതുകൊണ്ടുണ്ടായ നഷ്ടം വൈദ്യുതി ബോർഡിന് ഒരു ബാധ്യതയായി വരുമെന്നും ഊർജ്ജ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രളയംമൂലം വൈദ്യുതി വിതരണ മേഖലയിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട 25,60,000 ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. "മിഷൻ റീ കണക്ട്" എന്ന പേരിൽ പ്രത്യേക ദൗത്യ പദ്ധതി രൂപീകരിച്ച് ഏറ്റവും ചുരുങ്ങിയ സമയം കൊണ്ട് പുറത്തുനിന്നും വന്ന ആളുകളെയും മറ്റ് ജില്ലകളിലുള്ള ആളുകളെയുമൊക്കെ ഉപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ സാധ്യമായ എല്ലാ വീടുകളിലും കണക്ഷൻ എത്തിച്ചു കൊടുത്തുവെന്നും അഞ്ച് പ്രളയ ബാധിത ജില്ലകളിലെ ഉപഭോക്താക്കളിൽനിന്നും 29-1-2019 വരെ വൈദ്യുതി ചാർജ്ജ് ഈടാക്കാതെ പിന്നീട് മൊത്തം വൈദ്യുതി ഉപയോഗത്തിന്റെ റീഡിംഗ് എടുത്ത് ആ തുക 2019 ജനുവരിക്കുശേഷം തവണകളായി അടയ്ക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ടെന്നും ആയത് കെ.എസ്.ഇ.ബി.-യുടെ വരുമാനത്തെ സാരമായി ബാധിച്ചിരിക്കുകയാണെന്നും കെ.എസ്.ഇ.ബി.-യുടെ അഞ്ച് പ്രധാന നിലയങ്ങളും ചെറിയ പത്ത് നിലയങ്ങളും ഉൾപ്പെടെ വെള്ളത്തിനടിയിലാകുകയോ ചെളിയും മണ്ണും കയറുകയോ ചെയ്തു കാരണം ഉത്പാദനം നിലച്ചതുമൂലം

വന്ന 400 മെഗാവാട്ടിന്റെ കുറവ് രൂക്ഷമായ ഊർജ്ജ പ്രതിസന്ധിയുണ്ടാക്കുമെന്നതുകൊണ്ട് ബാങ്കുകളിൽ നിന്നും ലോണെടുത്തും കിട്ടാവുന്ന പണം സമാഹരിച്ചും പ്രധാനപ്പെട്ട നിലയങ്ങളെല്ലാം പൂർവ്വ സ്ഥിതിയിലാക്കി ഏകദേശം 300-ഓളം മെഗാവാട്ട് വൈദ്യുതി ഉത്പാദനം തിരിച്ച് കൊണ്ടുവന്നിട്ടുണ്ടെന്നും എന്നാൽ 97-ഓളം മെഗാവാട്ട് ഉത്പാദിപ്പിക്കാനുള്ള നിലമ്പൂരിലെ ആഢ്യൻപാറ, പത്തനംതിട്ട ജില്ലയിലെ റാന്നി-പെരിനാട്, ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടി, വെള്ളത്തൂവൽ ഇടങ്ങിയ ചെറിയ നിലയങ്ങളും പന്നിയാറിലെ 36 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്ന നിലയവും തകരാറിലായതുകൊണ്ട് ആയതിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും കേന്ദ്ര ഗവൺമെന്റും എ.ഡി.ബി. ടീമും സംസ്ഥാനത്ത് വന്ന് പ്രളയ ദുരന്തത്തിന്റെ ആഘാതം ബോധ്യപ്പെടുകയും ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി എസ്റ്റിമേറ്റ് എടുത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ മൊത്തം നഷ്ടം 352 കോടിയോളം രൂപയാണെന്ന് നിജപ്പെടുത്തി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും അവർ തരുന്ന ധനസഹായത്തിന് കാത്തിരിക്കാതെ ബോർഡിന്റെ ഉദ്യമവുമായി മുന്നോട്ടു പോകുകയാണ് ചെയ്യുന്നതെന്നും ചെയർമാൻ അറിയിച്ചു.

വിതരണ മേഖലയിൽ പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും ലൈനുകളും തകർന്നതിലൂടെ ഉണ്ടായ 242.45 കോടി രൂപയും പ്രസരണ ശൃംഖലയിൽ 29.77 കോടി രൂപയും ജനറേറ്റിംഗ് സ്റ്റേഷനുകൾ വെള്ളത്തിനടിയിലായതിന്റെയോ ചെളി കയറിയതിന്റെയോ ഫലമായി അതിന്റെ ഉപകരണങ്ങൾക്കുണ്ടായ നഷ്ടവും ജനറേഷൻ നടക്കത്തക്ക രീതിയിൽ കൊണ്ടുവരുന്നതിനെല്ലാംകൂടി 80-85 കോടി രൂപ ഉൾപ്പെടെ ആകെ 353 കോടി രൂപയാണ് വൈദ്യുതി ബോർഡിനുണ്ടായ മിനിമം നഷ്ടമെന്നും 30 കോടി രൂപയാണ് ഒരു ദിവസത്തെ കെ.എസ്.ഇ.ബി.-യുടെ റവന്യൂ വരവെന്നും 400 മെഗാവാട്ട് വൈദ്യുതി ഉത്പാദനത്തിൽ കുറവുവന്നതുവഴി അതിന്റെ വിൽപ്പനയിലൂടെ കിട്ടേണ്ട റവന്യൂ വരുമാനം ഒരു ദിവസം 15 കോടി രൂപ വച്ച് ഒരു മാസം കൊണ്ട് ഏതാണ്ട് 450 കോടി രൂപയുടെ കുറവാണുണ്ടായിട്ടുള്ളതെന്നും കേരളത്തിൽ ലോഡ്ഷെഡ്ഡിംഗോ പവർ റെസ്ട്രിക്ഷനോ വരുത്താതെ എങ്ങനെയും വൈദ്യുതി കൊടുക്കണമെന്ന ഉദ്യമത്തിന്റെ ഭാഗമായി പവർ എക്സ്ചേഞ്ച് ചെയ്യുന്ന മാർക്കറ്റുകളിൽനിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് കഴിഞ്ഞ പത്തിരുപത് ദിവസമായി 300 മെഗാവാട്ട് റീസ്റ്റോർ ചെയ്യുന്നതുവരെ ചെയ്തുകൊണ്ടിരുന്നതെന്നും ഏതൊരു ഏജൻസിക്കും ഇൻഫ്രാസ്ട്രക്ചർ ലോസ് മാത്രമേ നൽകാൻ വ്യവസ്ഥയുള്ളൂ എന്നുള്ളതുകൊണ്ട് ടി ഇനത്തിൽ വരുന്ന നഷ്ടം കെ.എസ്.ഇ.ബി.-യുടെ നഷ്ടത്തിന്റെ കൂട്ടത്തിലാണ് ഉൾപ്പെടുന്നതെന്നും യഥാർത്ഥത്തിൽ 472-ഓളം കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടെന്നും കണക്കുപ്രകാരമുള്ള 353 കോടി എന്നത് യഥാർത്ഥ നഷ്ടത്തിന്റെ 50-60 ശതമാനം മാത്രമാണെന്നും ചെയർമാൻ അറിയിച്ചു. നിലവിൽ ബോർഡ് ലോണെടുത്താണ് കാര്യങ്ങൾ ചെയ്യുന്നതെന്നും ആയതിനാൽ ഇനി ലഭിക്കുന്ന ധനസഹായം ലോൺ രൂപത്തിൽ തരാതെ ഗ്രാന്റ് ഇനത്തിൽ നൽകുകയോ

അല്ലെങ്കിൽ ചെറിയ പലിശയ്ക്ക് അതായത് സോഫ്റ്റ് ലോൺ നിരക്കിൽ പണം നൽകുകയോ ചെയ്താൽ മാത്രമേ ഗുണമുണ്ടാകുകയുള്ളുവെന്നും കാരണം ബാങ്കിൽ നിന്നും 8 മുതൽ 10 ശതമാനംവരെ പലിശയ്ക്കെടുത്താണ് ചെയ്തിരിക്കുന്നതെന്നും വേൾഡ് ബാങ്കായാലും എ.ഡി.ബി. ആയാലും 8%-ത്തോളം പലിശയ്ക്കാണ് നൽകുന്നതെങ്കിൽ കെ.എസ്.ഇ.ബി.-ക്ക് ഉദ്ദേശിക്കുന്ന പ്രയോജനമുണ്ടാകില്ലെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ വ്യക്തമാക്കി.

ജലവൈദ്യുത പദ്ധതികളുടെ ഡാമുകളിൽ വെള്ളം നിറയുമ്പോൾ സ്വാഭാവികമായും വൈദ്യുതി ഉൽപ്പാദനം കൂട്ടുകയല്ലേ വേണ്ടതെന്ന് സമിതി ആരാഞ്ഞതിന് കേരളത്തിലെ എല്ലാ ഡാമുകളും എത്ര നിറഞ്ഞുതുളുമ്പിയാലും നമുക്ക് വൈകുന്നേരം ആവശ്യമുള്ള വൈദ്യുതിയുടെ 30-35 ശതമാനം മാത്രമാണ് ഉത്പാദിപ്പിക്കാൻ കഴിയുന്നതെന്നും ബാക്കിയുള്ള 65 ശതമാനവും കേരളത്തിന് പുറത്തുനിന്നുള്ള എൻ.ടി.പി.സി., നെയ്‌വേലി ലിഗ്‌നൈറ്റ് കോർപ്പറേഷൻ, ന്യൂക്ലിയർ പവർ കോർപ്പറേഷൻ, ദാമോദർ വാലി കോർപ്പറേഷൻ തുടങ്ങിയ ഇന്ത്യാഗവൺമെന്റിന്റെ കമ്പനികളിൽനിന്നും സ്വകാര്യ നിലയങ്ങളായ Jindal Tamnar Thermal Power Plant, Jaguar Power Plant തുടങ്ങിയ കമ്പനികളിൽ നിന്നുമാണ് വാങ്ങുന്നതെന്നും ഇവിടെയുള്ള ഡാമുകൾ നിറഞ്ഞതുകൊണ്ടുള്ള ഗുണം പകൽ സമയത്തും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാം എന്നുള്ളതാണെന്നും തിത്‌ലി ചുഴലിക്കാറ്റ് കാരണം കഴിഞ്ഞ മൂന്നുനാല് ദിവസമായി ഏകദേശം 400 മെഗാവാട്ട് വൈദ്യുതി നഷ്ടമായപ്പോൾ ലോഡ് ഷെഡ്ഡിംഗ് വേണ്ടി വന്നുവെന്നും ഇടുക്കി ഡാമിൽ നിന്നും ഒരു ദിവസം 14-15 മില്ല്യൻ യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നതെന്നും ബാക്കിയുള്ളതുംകൂടി ചേർന്നാലും 30-35 മില്ല്യൻ യൂണിറ്റ് വൈദ്യുതി വരെ ഉൽപ്പാദിപ്പിക്കുന്നുള്ളുവെന്നും കേരളത്തിൽ ഒരു ദിവസത്തേയ്ക്ക് 75-80 മില്യൺ യൂണിറ്റ് വൈദ്യുതി ആവശ്യമായി വരുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ മറുപടി നൽകി.

പുറത്തുനിന്നും എത്ര ശതമാനം വൈദ്യുതിയാണ് വാങ്ങുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ മൊത്തം ആവശ്യമുള്ള വൈദ്യുതിയുടെ 65-70% ആണ് പുറത്തുനിന്നും വാങ്ങുന്നതെന്നും ഇപ്പോൾ മഴയുള്ളതുകൊണ്ട് 30-35 ശതമാനം വരെ ലോക്കൽ ജനറേറ്റിംഗ് സ്റ്റേഷൻസ് കൊണ്ട് മാനേജ് ചെയ്ത് 60 ശതമാനം പുറത്തുനിന്നും വാങ്ങുകയാണ് ചെയ്യുന്നതെന്നും എന്നാൽ വേനൽ കാലത്ത് ഉപഭോഗം കൂടുതലാകുമ്പോൾ ഏതാണ്ട് 70 ശതമാനം പുറത്തുനിന്നും വാങ്ങേണ്ടിവരുമെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ സമിതിയെ അറിയിച്ചു.

വൈദ്യുതി ഏത് സംസ്ഥാനത്ത് നിന്നാണ് കൂടുതലായി വാങ്ങുന്നതെന്ന് സമിതി ചോദിച്ചപ്പോൾ എൻ.ടി.പി.സി.-യാണ് ഏറ്റവും കൂടുതൽ പവർ തരുന്ന ഏജൻസിയെന്നും ഝാർഖണ്ഡും ഒഡീസയുമാണ് മുഖ്യമായ സംസ്ഥാനങ്ങളെന്നും തമിഴ്നാട്ടിലുള്ള നെയ്‌വേലി

ലിഗ്നൈറ്റ് കോർപ്പറേഷൻ, ന്യൂക്ലിയർ പവർ കോർപ്പറേഷൻ എന്നീ ഏജൻസികളിൽ നിന്നും കൂടാതെ കൂടംകുളത്തു നിന്നും 266 മെഗാവാട്ട് വൈദ്യുതിയും ലഭിക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ വ്യക്തമാക്കി.

കൊറിയൻ പ്രോജക്ടിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ വിതരണ ശൃംഖലയിലെ ഐ.ടി. ശക്തിപ്പെടുത്തുന്നതിനുവേണ്ടി നടപ്പാക്കിയിരിക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റ് പ്രോജക്ടാണിതെന്നും KEPCO KDN എന്ന കൊറിയൻ ഗവൺമെന്റ് കമ്പനിയാണ് ഏറ്റെടുത്ത് ചെയ്യുന്നതെന്നും RAPDRD (Restructured Accelerated Power Development and Reforms Programme) എന്നാണിതിനെ പറയുന്നതെന്നും രണ്ട് മൂന്ന് മാസത്തിനകം അതിന്റെ പണി പൂർത്തിയാകുമെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ അറിയിച്ചു.

വൈദ്യുതി ബോർഡിന് ലോൺ രൂപത്തിലാണ് സഹായം അനുവദിക്കുന്നതെങ്കിൽ അതൊരിക്കലും ആശ്വാസമായിരിക്കില്ല എന്ന് സമിതി വിലയിരുത്തി. സെൻട്രൽ ഗവൺമെന്റോ മറ്റേതെങ്കിലും ഏജൻസിയോ ഗ്രാന്റ് ഇനത്തിൽ പണം നൽകിയാൽ മാത്രമേ ഉദ്ദേശിക്കുന്ന രീതിയിലുള്ള ആശ്വാസം ബോർഡിന് ലഭിക്കുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെട്ടു. മാത്രമല്ല, എ.ഡി.ബി.-യോ വേൾഡ് ബാങ്കോ ചെറിയ പലിശയ്ക്ക് സോഫ്റ്റ് ലോൺ നിരക്കിൽ പണം ലഭ്യമാക്കിയാൽ ഇപ്പോൾ നിലവിലുള്ള ലോണിന്റെ പലിശ തിരിച്ചടവിന് അത് ഏറെ സഹായകരമാകുമെന്നും ആയതിനാൽ ഇത്തരത്തിലുള്ള സഹായമാണ് നിലവിൽ ബോർഡിന് വേണ്ടിവരുന്നതെന്നും സമിതി നിരീക്ഷിച്ചു.

കെ.എസ്.ഇ.ബി.-യുടെ മേൽപ്പറഞ്ഞ രീതിയിലുള്ള നഷ്ടവും സാഹചര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയോയെന്ന് സമിതി ആരാഞ്ഞപ്പോൾ എൻ.ടി.പി.സി., പി.ജി.സി.എൽ., എൻ.എച്ച്.പി.സി. എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളടങ്ങിയ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ചീഫ് എഞ്ചിനീയർ ചെയർമാനായ ദൗത്യസംഘം കേരളത്തിലേയ്ക്ക് വരികയും നഷ്ടത്തെക്കുറിച്ച് വിലയിരുത്തുകയും കേരളത്തിലെ കെ.എസ്.ഇ.ബി. നിലയങ്ങൾ സന്ദർശിച്ച് കാര്യങ്ങൾ ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള പ്രധാനപ്പെട്ട പബ്ലിക് അണ്ടർടേക്കിംഗ്സുകളായ ആർ.ഇ.സി., പി.എഫ്.സി. എന്നിവയിൽ നിന്നെടുത്ത ലോണിന് ഒരുവർഷത്തേയ്ക്ക് പലിശയ്ക്ക് ഇളവും തരുമോയെന്ന് അവരോട് ചോദിച്ചുവെന്നും എൻ.ടി.പി.സി., കായംകുളം നിലയം നേരത്തേയുണ്ടാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് വേണ്ടി ഉണ്ടാക്കിയ നിലയമാണെങ്കിലും അതിന്റെ യൂണിറ്റ് കോസ്റ്റ് 11-12 രൂപ വരുന്നത് മുതലാവാത്തതുകൊണ്ട് ഒരു വർഷത്തേയ്ക്ക് അതിന് മൊറട്ടോറിയം തരണമെന്ന് അവരോടാവശ്യപ്പെട്ടുവെന്നും നാഷണൽ ഹൈഡ്രോപവർ കോർപ്പറേഷൻ, ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട എക്സ്പേർട്ടുകളായതിനാൽ

മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികളെല്ലാം നവീകരിച്ച് തരാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പി.ജി.സി.എൽ. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നവരായതിനാൽ ഇക്കാര്യങ്ങൾ സൗജന്യമായി ചെയ്തു തരാൻ അവരോടും ആവശ്യപ്പെട്ടുവെന്നും എല്ലാം പരിഹരിക്കാമെന്നുപറഞ്ഞ് അവർ മടങ്ങിപോയെങ്കിലും ഇതുവരെ സഹായമൊന്നും ലഭിച്ചിട്ടില്ലെന്നും പി.ജി.സി.എൽ. കുറച്ച് ട്രാൻസ്ഫോർമർ കോയിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും കർണ്ണാടകയിൽ നിന്ന് കുറച്ച് ട്രാൻസ്ഫോർമറുകൾ ലഭിച്ചിട്ടുണ്ടെന്നും ആന്ധ്രയിൽ നിന്നും മിടുക്കന്മാരായിട്ടുള്ള 100 പേരടങ്ങുന്ന ഒരു ടീമിനെ അയച്ചുതന്നതുകൊണ്ട് ദുരന്തമേഖലകളിൽ വളരെ പെട്ടെന്ന് കണക്ഷൻ കൊടുക്കാൻ സഹായകമായിയെന്നും അതുപോലെ ടാറ്റാ പവർ എന്ന കമ്പനിയും സഹായിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ സമിതിയെ അറിയിച്ചു.

ദുരന്തമേഖലയിൽ ബോർഡിന്റെ ഇടപെടൽ വളരെ ഗംഭീരമായിരുന്നു എന്നാണ് പൊതുവെയുള്ള അഭിപ്രായമെന്നും അത് എല്ലാവരും അംഗീകരിച്ചിട്ടുമുണ്ടെന്ന് സമിതി വിലയിരുത്തി. എല്ലാ സ്ഥലത്തുനിന്നും അംഗീകാരം കിട്ടിയിട്ടുണ്ടെന്നും തൊഴിലാളികളെ അനുമോദിക്കുകയും ചെയ്തിട്ടുണ്ടെന്നും കെ. എസ്.ഇ.ബി.എൽ. ചെയർമാനും വ്യക്തമാക്കി.

ഇടുക്കി പ്രോജക്ടിന്റെ പ്രവർത്തനത്തെക്കുറിച്ചും കക്കയം ഡാമിന്റെ സ്ഥിതിയെക്കുറിച്ചും സമിതി ആരാഞ്ഞതിന് ഇത്രയും പ്രശ്നങ്ങൾ നടന്നിട്ടും ഇടുക്കി പ്രോജക്ടിന് ഒന്നും സംഭവിച്ചിട്ടില്ലെന്നും സംസ്ഥാനം ഇരുട്ടിലല്ലാതെ നിൽക്കുന്നത് ഇടുക്കി പ്രോജക്ട് ഉള്ളതുകൊണ്ടാണെന്നും കക്കയത്ത് പ്രശ്നമൊന്നുമില്ലാത്തതിനാൽ അവിടെ മാക്സിമം ജനറേഷൻ നടക്കുന്നുണ്ടെന്നും പ്രധാനമായും ആനയിറങ്കൽപാറ, പന്നിയാർ, പെരിങ്ങൽകുത്ത്, മാട്ടുപെട്ടി, വെള്ളത്തൂവൽ എന്നിവിടങ്ങളിലെ ഡാമുകളെയാണ് പ്രളയം ബാധിച്ചതെന്നും കെ. എസ്.ഇ.ബി.എൽ. ചെയർമാൻ വ്യക്തമാക്കി.

ഡാമുകളുടെ സുരക്ഷിതത്വത്തെക്കുറിച്ച് സമിതി ചോദിച്ചപ്പോൾ ഒരെണ്ണമൊഴിച്ച് ബാക്കിയെല്ലാം സുരക്ഷിതമാണെന്നും ചാലക്കുടി പുഴയിലേയ്ക്ക് ഓവർടോപ്പ് ചെയ്യുന്ന പെരിങ്ങൽകുത്ത് ആകെ 37 മില്യൻ ക്യൂബിക് മീറ്റർ മാത്രം വെള്ളം കൊള്ളുന്ന ഒരു കൊച്ചു ഡാമാണെന്നും അതിന്റെ മുകളിൽ തമിഴ്നാടിന്റെ അധീനതയിൽ 570-ഓളം മില്യൻ ക്യൂബിക് മീറ്റർ വെള്ളം കൊള്ളുന്ന ഡാമാണുള്ളതെന്നും ഈ ഡാമുകൾ ഓവർഫ്ലോ ചെയ്യുമ്പോഴാണ് ചാലക്കുടിപുഴ നിറയുന്നതെന്നും പെരിങ്ങൽകുത്ത് ഡാമിനെ മുന്നൂറ് എം.സി.എം. വെള്ളമെങ്കിലും കൊള്ളുന്ന ഡാമാക്കി മാറ്റിയാൽ വെള്ളപൊക്കത്തെ അതിജീവിക്കാമെന്നും മാത്രവുമല്ല വെള്ളത്തിന്റെ കുത്തൊഴുക്കിൽ മരങ്ങൾ വന്നടിഞ്ഞതിന്റെ ഫലമായി അവിടത്തെ ഷട്ടറുകളെല്ലാം തകർന്നുപോയിയെന്നും കെ.എസ്.ഇ. ബി.എൽ. ചെയർമാൻ വ്യക്തമാക്കി.

പ്രസ്തുത ഡാമുകൾക്ക് ഇറിഗേഷൻ വകുപ്പുമായി ബന്ധമില്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ പെരിങ്ങൽകുത്തിന് മുകളിൽ ഷോളയാർ എന്ന ഒരു ചെറിയ ഡാമുണ്ടെന്നും അതിലെ വെള്ളം വേനൽക്കാലത്ത് കുടിവെള്ളത്തിനും വൈദ്യുതിക്കും കൂടിയുള്ളതാണെന്നും പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരം 12.36 എം.സി.എം. വെള്ളം ഒരു വർഷം അവർ തരണമെന്നാണെന്നും ഷോളയാറിൽ വേനൽക്കാലം വരുമ്പോൾ ജനറേഷൻ കുറച്ച് മേൽപ്പറഞ്ഞ വെള്ളവും കൂടി ഉപയോഗിച്ച് കുടിവെള്ളത്തിനും ജലസേചനത്തിനും ഉപയോഗിക്കുമെന്നും പറമ്പിക്കുളം എന്നത് തമിഴ്നാടിന്റെ കയ്യിലിരിക്കുന്ന വലിയ ഡാമാണെന്നും ഇത്തവണ ഇതെല്ലാം ഓവർടോപ്പ് ചെയ്തുവെന്നും പെരിങ്ങൽകുത്തിന്റെ മാത്രം ആരോഗ്യസ്ഥിതി നോക്കാൻ എക്സ്പേർട്ട് ടീമിനെ വച്ചിട്ടുണ്ടെന്നും ഗവൺമെന്റിന്റെ ഒരു കമ്മിറ്റിയുടെ പഠന റിപ്പോർട്ടിൽ പെരിങ്ങൽകുത്ത് ഒഴിച്ച് എല്ലാ ഡാമുകളും സുരക്ഷിതമാണെന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ടെന്നും പെരിങ്ങൽകുത്ത് ഒന്നുകൂടി പരിശോധനയ്ക്ക് വിധേയമാക്കണമെന്നും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് മറ്റ് ഡാമുകളുടെ കാര്യത്തിൽ പോസിറ്റീവാണെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ വ്യക്തമാക്കി.

യോഗം ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.

## 29-11-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2018 നവംബർ മാസം 29-ാം തീയതി വ്യാഴാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം രാവിലെ 9.25-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
5. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.
6. ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.
7. ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ആശ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. എ. അലക്സാണ്ടർ, ലേബർ കമ്മീഷണർ, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീ. കെ. വിനോദ് കുമാർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തൊഴിലും നൈപുണ്യവും വകുപ്പ്.

സമിതി 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയും ചെയ്തു. ചർച്ചകളുടെ വിശദാംശം ചുവടെ കൊടുത്തിരിക്കുന്നു :

2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ ആണ് ഓർഡിനൻസായി ഇറക്കിയിരുന്നതെന്നും നിലവിൽ ഈ ആക്ട് പ്രകാരം തൊഴിലാളി എന്ന നിർവ്വചനത്തിൽ അപ്രന്റീസ് വിഭാഗവും സെക്യൂരിറ്റി വിഭാഗവും ഉൾപ്പെടുന്നില്ലായെന്നും ആയതിനാൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ അവരെക്കൂടി ഉൾപ്പെടുത്തുന്ന ഭേദഗതി ഈ ബില്ലിൽ വരുത്തിയിട്ടുണ്ടെന്നും കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് എത്ര സമയം ജോലി ചെയ്താലും ഇരിക്കാനുള്ള സൗകര്യമില്ലാത്തതിനാൽ തൊഴിലാളികൾക്ക് ഇരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയെന്നതാണ് ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട ഭേദഗതിയെന്നും കേരളത്തിലാണ് ആദ്യമായി ഇത്തരമൊരു നിയമം പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നതെന്നും സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു. കൂടാതെ രാത്രി ഒമ്പത് മണി മുതൽ രാവിലെ ആറ് മണി വരെ ജോലി ചെയ്യാൻ സന്നദ്ധതയുള്ള സ്ത്രീ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുമ്പോൾ രണ്ട് സ്ത്രീ തൊഴിലാളികൾ ഉൾപ്പെടുന്ന അഞ്ച് അംഗങ്ങൾ ഉള്ള ടീമിനെയായിരിക്കണം രാത്രികാലത്തെ ജോലിക്ക് നിയോഗിക്കേണ്ടതെന്നും കടകൾ ആഴ്ചയിൽ ആറ് ദിവസം പ്രവർത്തിപ്പിക്കുകയെന്നതാണ് ഇപ്പോഴുള്ള വ്യവസ്ഥയെന്നും ഏഴ് ദിവസവും കട തുറന്ന് പ്രവർത്തിക്കാമെന്നതാണ് മറ്റൊരു ഭേദഗതിയെന്നും എന്നാൽ അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസം നിർബന്ധമായും അവധി അനുവദിക്കണമെന്നും ഏതെല്ലാം തൊഴിലാളി ഏതെല്ലാം ദിവസം ജോലി

ചെയ്യണമെന്നത് അവിടെ ക്രമീകരിക്കാൻ സാധിക്കുമെന്നും പിന്നെയുള്ളത് കുറ്റങ്ങൾക്കുള്ള ശിക്ഷയാണെന്നും ഷോപ്പുടമകൾ ഏതെങ്കിലും തരത്തിലുള്ള നിയമലംഘനം നടത്തിയാൽ നിലവിലുള്ള പിഴ അയ്യായിരം രൂപയെന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും തെറ്റ് ആവർത്തിച്ചുകഴിഞ്ഞാൽ ഇപ്പോഴുള്ള പിഴ 10,000 രൂപയെന്നത് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും മാത്രവുമല്ല ആയത് തൊഴിലാളികളുടെ എണ്ണമനുസരിച്ചാണ് പിഴ നിശ്ചയിക്കുന്നതെന്നും ഒരു തൊഴിലാളി മാത്രമേയുള്ളുവെങ്കിൽ 2,500 രൂപ പിഴ കൊടുത്താൽ മതിയാകുമെന്നും സമിതി ചെയർമാൻ അറിയിച്ചു.

പിഴ വലിയ തുകയാകുമ്പോൾ ഷോപ്പുടമകൾ ഉദ്യോഗസ്ഥരെ സ്വാധീനിക്കാൻ സാധ്യതയുണ്ടെന്ന് സമിതി ആശങ്ക പ്രകടിപ്പിച്ചതിന് പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളേ ഉള്ളുവെന്നും മറ്റൊരാളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ നിലപാടെടുക്കുന്ന ഉദ്യോഗസ്ഥർ ജോലിയിൽ തുടരണമോ വേണ്ടയോയെന്ന് പിന്നീട് തീരുമാനിക്കുമെന്നും ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം നിയമലംഘനം തടയുകയെന്നതും നിയമം പാലിക്കുകയെന്നതുമാണെന്നും നിയമം പാലിച്ചുകഴിഞ്ഞാൽ ഒരു ശിക്ഷയുടെയും ആവശ്യമില്ലെന്നും ഷോപ്പുകളിൽ പരിശോധന നടത്തുമ്പോൾ എന്തെങ്കിലും തെറ്റ് കണ്ടുപിടിച്ചാൽ ശിക്ഷിക്കാതെ രണ്ടോ മൂന്നോ തവണ കറക്ട് ചെയ്യുവാൻ അവസരം കൊടുക്കണമെന്നും കറക്ട് ചെയ്യാൻ തയ്യാറാകുന്നില്ലെങ്കിൽ ശിക്ഷാ നടപടികളിലേയ്ക്ക് പോകുമെന്നും ഓർഡിനൻസ് നിലവിൽ വന്നതിനാൽ ഇക്കാര്യങ്ങളൊക്കെ നടപ്പിലായിതുടങ്ങിയെന്നും കേരളത്തിലെ നിരവധി ഷോപ്പുകളിൽ ഇപ്പോൾ തൊഴിലാളികൾക്ക് ഇരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ ഒരു തരത്തിലും ഷോപ്പ് ഉടമകളെയോ തൊഴിലാളികളെയോ ഉപദ്രവിക്കാൻ പാടില്ലെന്നതുതന്നെയാണ് ഗവൺമെന്റിന്റെ നിലപാടെന്നും അങ്ങനെയുള്ള ഏതെങ്കിലും പരാതി ലഭിച്ചാൽ അവർക്കെതിരെ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുമെന്നും ചെയർമാൻ വ്യക്തമാക്കി.

പിഴത്തുകയെക്കുറിച്ച് സമിതി ആരാഞ്ഞതിന് തുടക്കത്തിൽ പിഴ 250 രൂപയായിരുന്നുവെന്നും അതിനുശേഷം അത് 5,000 രൂപയായിയെന്നും തെറ്റ് ആവർത്തിച്ചുകൊണ്ടിരുന്നാൽ 10,000 രൂപയായാണ് നിജപ്പെടുത്തിയിരുന്നതെന്നും ഈ ഭേദഗതിയിൽ 5,000 രൂപയെന്നത് ഒരു ലക്ഷം രൂപയായും തെറ്റ് ആവർത്തിച്ചുകൊണ്ടിരുന്നാൽ 10,000 രൂപയെന്നത് രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ടെന്നും രജിസ്ട്രേഷനും റിന്യൂവലും ചെയ്യുന്നതിന് ഈ പിഴയല്ല ഈടാക്കുന്നതെന്നും അത് 5,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെന്നും തൊഴിലാളികൾക്ക് കൊടുക്കേണ്ട ശമ്പളവും ആനുകൂല്യങ്ങളും അതിന്റെ രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചില്ലെങ്കിൽ മാത്രമേ ഒരു ലക്ഷത്തിന്റെയും രണ്ട് ലക്ഷത്തിന്റെയും പ്രശ്നം വരുന്നുള്ളുവെന്നും ഒരു തൊഴിലാളി മാത്രമുള്ള ചെറിയ സ്ഥാപനമാണെങ്കിൽ ഒരു നിയമലംഘനത്തിന് പരമാവധി പിഴയായി 2,500 രൂപ

ഈടാക്കുന്ന തരത്തിലാണ് ക്രമപ്പെടുത്തിയിരിക്കുന്നതെന്നും മിനിമം വേജസ് ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതി കഴിഞ്ഞ അസംബ്ലിയിൽ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനയച്ചതിന് പ്രസിഡന്റിന്റെ അനുമതി ലഭിച്ചതിനനുസരിച്ചാണ് ഇതിൽ ഭേദഗതി വരുത്തിയിട്ടുള്ളതെന്നും ലേബർ കമ്മീഷണർ വ്യക്തമാക്കി.

പരമാവധി ഒരു ലക്ഷം രൂപ എന്നത് തൊഴിലാളികളുടെ അനുപാതം അനുസരിച്ച് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഇതിലൊക്കെ മൗലികാവകാശത്തിന്റെ പ്രശ്നമുള്ളതിനാൽ അങ്ങനെ വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും വിവേചനം വന്നുകഴിഞ്ഞാൽ അത് ചോദ്യം ചെയ്യപ്പെടുമെന്നും ബഹു. ചെയർമാൻ വ്യക്തമാക്കി.

ആദ്യത്തെ തവണ നിയമലംഘനം നടത്തിയാൽ ഇത്ര രൂപ പിഴ, രണ്ടാം തവണ പിഴ വർദ്ധിപ്പിക്കുക, മൂന്നാം തവണ പിഴ വീണ്ടും വർദ്ധിപ്പിക്കുക അങ്ങനെയൊരു സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ആദ്യത്തെ തവണ നിയമലംഘനം നടത്തിയാൽ പരമാവധി ഒരു ലക്ഷം രൂപയും 2,500 രൂപയും രണ്ടാംതവണയാകുമ്പോൾ പരമാവധി രണ്ട് ലക്ഷം രൂപയുമാണ് പിഴ പറഞ്ഞിട്ടുള്ളതെന്ന് ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഒരു സ്ഥാപനത്തിലും സ്ഥിരമായ സെക്യൂരിറ്റിക്കാരില്ലെന്നും ഇവന്റ് മാനേജ്മെന്റ് വഴിയാണ് സ്ഥാപനങ്ങൾ സെക്യൂരിറ്റിക്കാരെ നിയമിക്കുന്നതെന്നും സമിതി വിലയിരുത്തി. നിലവിൽ ഈ ആക്ടിൽ തൊഴിലാളി എന്ന നിർവ്വചനത്തിൽ സെക്യൂരിറ്റിക്കാരില്ലെന്നും ഈ ഭേദഗതിയിൽ സെക്യൂരിറ്റിക്കാരെക്കൂടി തൊഴിലാളിയുടെ നിർവ്വചനത്തിൽ കൊണ്ടുവരുന്നതോടുകൂടി അവർക്കും അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനുള്ള സൗകര്യം നൽകുകയാണ് ചെയ്യുന്നതെന്ന് ബഹു. ചെയർമാൻ വ്യക്തമാക്കി.

കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ബിൽ തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ കീഴിൽ വരില്ലേയെന്ന് സമിതി ആരാഞ്ഞതിന് ഇതിൽ ചേരുന്നവർക്ക് ക്ഷേമനിധി എടുക്കേണ്ടിവരുമെന്ന് ലേബർ കമ്മീഷണർ വ്യക്തമാക്കി.

ക്ഷേമനിധി അംശദായവുമായി ബന്ധപ്പെട്ട് ഒരു ഭേദഗതി വരുന്നുണ്ടെന്നും ക്ഷേമനിധിയിൽ തൊഴിലാളികളുടെ അംശദായം ഇപ്പോഴുള്ള 20 രൂപ എന്നത് 50 രൂപയായി വർദ്ധിപ്പിക്കുകയാണെന്നും സ്ഥാപന ഉടമ കൊടുക്കേണ്ടിവരുന്ന വിഹിതം 5 രൂപ എന്നത് 25 രൂപയായി വർദ്ധിപ്പിക്കുകയാണെന്നും അങ്ങനെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കത്തക്ക നിലയിലുള്ള ഒരു ഭേദഗതി ഇന്നലെ ക്യാബിനറ്റ് അംഗീകരിച്ചിട്ടുണ്ടെന്നും അത് ഇനി ബില്ലായി നിയമസഭയുടെ മുമ്പിൽ വരുമെന്നും ബഹു. ചെയർമാൻ വിശദമാക്കി.

സെക്യൂരിറ്റിയോ വേറെ ഏതെങ്കിലും ഒരു വിഭാഗം ആളുകളെയോ തൊഴിലാളി കളായി വിജ്ഞാപനം ചെയ്യുന്നതിനുള്ള അധികാരം കൂടി സർക്കാരിനുണ്ടെന്ന് നിയമവകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ ആക്ട് പ്രകാരം ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവരെ ഗവൺമെന്റിന് തൊഴിലാളികളായി പ്രഖ്യാപിക്കണമെങ്കിൽ അതിനുള്ള എക്സ്റ്റൻഷൻ കൊടുത്ത് കഴിഞ്ഞാണ് ഈ ഭേദഗതി കൊണ്ടുവന്നതെന്നും നേരത്തെയുള്ള നിർവ്വചനം റിജിഡ് ആയിരുന്നുവെന്നും ഇപ്പോൾ അത് ഫ്ലക്സിബിൾ ആക്കിയെന്നും ലേബർ കമ്മീഷണർ വ്യക്തമാക്കി.

നേരിട്ടോ അല്ലെങ്കിൽ കോൺട്രാക്ട് വഴിയോ ഏജൻസികൾ വഴിയോ എടുക്കുന്ന ആളിനെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

എക്സ് മിലിട്ടറിക്കാരായ ആൾക്കാരെയാണ് ഏജൻസികൾ സെക്യൂരിറ്റിക്കാരായി നിയമിക്കുന്നതെന്നും മിലിട്ടറി പെൻഷൻ വാങ്ങുന്നവർ വീണ്ടും ജോലിക്ക് വരുമ്പോൾ രണ്ട് ആനുകൂല്യങ്ങൾ ലഭിക്കുകയല്ലേയെന്ന് സമിതി ആരാഞ്ഞതിന് 60 വയസ്സിന് താഴെയുള്ളവർക്ക് ഈ നിയമത്തിൽ പറയുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുമെന്നും മിലിട്ടറി സർവ്വീസിലിരുന്ന് വിരമിച്ചശേഷം ഗവൺമെന്റ് സർവ്വീസിൽ വരുന്നവർക്കും ഈ ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ടെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

തുടർന്ന് 2018-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഭേദഗതികളില്ലാതെ സമിതി അംഗീകരിച്ചു. ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി. പ്രസ്തുത റിപ്പോർട്ട് 30-11-2018-ന് സഭയിൽ സമർപ്പിക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

യോഗം രാവിലെ 10.05-ന് പിരിഞ്ഞു.

## 12-12-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2018 ഡിസംബർ 12-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞതിനുശേഷം രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷത യിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണി ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
4. ശ്രീ. പി. ഉണ്ണി, എം.എൽ.എ.
5. ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.
6. ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

സമിതി, ചട്ടം 235 (i) (iii) പ്രകാരമുള്ള "ഒഡെപെക്" സംബന്ധിച്ച കരട് റിപ്പോർട്ട്, "2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൻകിട/ചെറുകിട പദ്ധതികൾ ഉൾപ്പെടെ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിലുണ്ടായ നഷ്ടം" സംബന്ധിച്ച കരട് റിപ്പോർട്ട് എന്നിവ പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടുകൾ 13-12-2018-ന് സഭയിൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

യോഗം രാവിലെ 10.20-ന് പിരിഞ്ഞു.

## 16-1-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2019 ജനുവരി മാസം 16-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
3. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. പി. വി. ചന്ദ്രദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. എൻ. എസ്. പിള്ള, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ.
3. ശ്രീ. എസ്. ചന്ദ്രശേഖർ (IAS), ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്
4. ശ്രീ. സി.വി. സോജൻ (IAS), ലേബർ കമ്മീഷണർ
5. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി കെ.എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി മഞ്ജു.എസ്, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
8. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
9. ശ്രീമതി പി. സുജാത, ജനറൽ മാനേജർ, അനെർട്ട്
10. ശ്രീ. കെ. ബാബു, ഫിനാൻസ് മാനേജർ, അനെർട്ട്
11. ശ്രീ. ബി. ഗോപകുമാരൻ നായർ, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
12. ശ്രീ. എ. അജിത് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്
14. ശ്രീ. വി. സി. അനിൽകുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.

സമിതി, കരട് ഭേദഗതി ചട്ടം, വിവിധ കാലയളവുകളിലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു :

**I. കരട് ഭേദഗതി ചട്ടം**

1993-ലെ കേരള ലേബർ സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ലേബർ കമ്മീഷണറുടെ പി.എ. നിയമനം ഉൾപ്പെടുത്തി മുൻകാല പ്രാബല്യത്തോടെ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 5703/സബ്.സി.സി1/2018/നി.സെ.)

1975-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ലേബർ കമ്മീഷണർക്ക് പേഴ്സണൽ അസിസ്റ്റന്റ് എന്ന തസ്തികയുണ്ടായിരുന്നുവെന്നും 1993-ൽ റിവൈസ് ചെയ്ത് പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചപ്പോൾ പേഴ്സണൽ അസിസ്റ്റന്റ് എന്ന തസ്തിക ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത തസ്തിക ഉൾപ്പെടുത്തി പുതിയ ഭേദഗതി കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളതെന്ന് തൊഴിൽ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ടി കരട് വിജ്ഞാപനം പരിഗണിച്ച സമിതി താഴെപ്പറയുന്ന മാറ്റങ്ങളോടുകൂടി പ്രസ്തുത നോട്ടിഫിക്കേഷന്റെ കരട് അംഗീകരിക്കുകയും ചെയ്തു :

കരട് നോട്ടിഫിക്കേഷനിൽ "G.O.(P) NO............"-ലും SRO നമ്പരിലും റൂൾ (1)-ലും "2017" എന്നത് 2019 എന്നാക്കി മാറ്റുന്നതിന് സമിതി നിർദ്ദേശിച്ചു.

**II. സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ**

1. 2013 ഒക്ടോബർ മാസത്തെ അഖിലേന്ത്യാ പഠന പര്യടന പരിപാടി സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 4139/സബ്.സി.സി1/2013/നി.സെ.)

താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പ്രകൃതി വാതകാധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കാനുള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു :

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കൽക്കരി നിലയം സ്ഥാപിക്കാനുള്ള പ്രോജക്ടിന് വേണ്ടി ഒറീസ, ഗുജറാത്ത്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി ചേർന്ന് വൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിക്കുകയും അതിനനുവദിച്ചുകിട്ടുന്ന കൽക്കരിപ്പാടത്ത് നിന്ന് കൽക്കരി

ചീമേനിയിൽ കൊണ്ടുവന്ന് താപനിലയം ഉണ്ടാക്കാമെന്ന ധാരണയിലായിരുന്ന പ്രോജക്ട് വിഭാവന ചെയ്തതെന്നും പാരിസ്ഥിതിക പ്രശ്നംമൂലം കൽക്കരി നിലയം കാസർഗോഡ് സ്ഥാപിക്കാൻ കഴിയാത്തതിനാൽ സംസ്ഥാനത്തിനായി അനുവദിച്ച കൽക്കരിപ്പാടം കേന്ദ്ര സർക്കാർ തിരിച്ചെടുത്തുവെന്നും നിലവിൽ ജോയിന്റ് വെഞ്ചർ കമ്പനിയിൽ നിന്ന് പിന്മാറാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഫുൾ ബോർഡ് തീരുമാനിച്ച് ഗവൺമെന്റിലേയ്ക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ വ്യക്തമാക്കി.

കൽക്കരിക്ക് പകരം വാതകാധിഷ്ഠിത താപവൈദ്യുത പദ്ധതിക്കുള്ള നിർദ്ദേശമുണ്ടായിരുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതിയും പ്രാവർത്തികമാകില്ലെന്നും സോളാർ പാർക്കിനായി അനുവദിച്ച ഭൂമിപോലും പ്രാദേശിക എതിർപ്പുകാരണം ഗവൺമെന്റ് തിരിച്ചെടുക്കുന്ന അവസ്ഥയുണ്ടായെന്നും നിലവിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള 1000 ഏക്കർ ഭൂമി ലഭ്യമാവുകയാണെങ്കിൽ സോളാർ പാർക്ക് നിർമ്മിച്ച് സോളാർ വൈദ്യുതിയുണ്ടാക്കാനുള്ള പ്രൊപ്പോസലുമായി ഗവൺമെന്റിനെ സമീപിച്ചിരിക്കുകയാണെന്നും താപനിലയം പദ്ധതിക്ക് പകരം വൈദ്യുതി ലഭ്യമാക്കുന്നതിനായി ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ഇടുക്കിയിൽ രണ്ടാമതൊരു നിലയത്തിനുള്ള പദ്ധതി പ്ലാൻ ചെയ്യുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ അറിയിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കാസർഗോഡ് ജില്ലയിൽ 200 MW-ന്റെ സോളാർ പാർക്ക് തുടങ്ങിയെങ്കിലും അവിടെയുള്ള പ്രാദേശിക പ്രശ്നങ്ങൾ കാരണം 50 മെഗാവാട്ടാക്കി ചുരുക്കിയിരിക്കുകയാണെന്നും രണ്ടാംഘട്ടത്തിൽ 50 മെഗാവാട്ട് സോളാർ പാനൽ വയ്ക്കുന്നതിനാവശ്യമായ ഭൂമി കൂടി ഗവൺമെന്റ് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി മറ്റൊരാവശ്യത്തിനും ഉപകരിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ അവിടെ മുഖ്യമന്ത്രിയുടെ ക്ലിയറൻസ് ലഭിക്കുകയാണെങ്കിൽ 100 മെഗാവാട്ടിന്റെ സോളാർ പാനൽ സ്ഥാപിക്കാവുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ വ്യക്തമാക്കി.

<u>ഖണ്ഡിക നമ്പർ 12</u>

ദക്ഷിണേന്ത്യൻ തൊഴിൽ മന്ത്രിമാരുടെ സമ്മേളനം ചേരുന്നത് സംബന്ധിച്ച് ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് ആയതിന്റെ സംക്ഷിപ്ത രൂപമാണ് ലേബർ കമ്മീഷണർ നൽകിയതെന്നും വിശദമായ പ്രൊപ്പോസൽ നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും ലഭ്യമാക്കിയിട്ടില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ടി പ്രൊപ്പോസൽ ഉടൻതന്നെ സബ്മിറ്റ് ചെയ്യാമെന്ന് ലേബർ കമ്മീഷണർ ഉറപ്പുനൽകുകയും സമിതി മറുപടി അംഗീകരിക്കുകയും ചെയ്തു.

2. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് - അനന്തര നടപടികൾ

(ഫയൽ നമ്പർ 4802/സബ്.സി.സി1/2016/നി.സെ.)

ഖണ്ഡിക 77, 93, 95, 103 എന്നിവ സമിതി അംഗീകരിച്ചു.

3. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് - അനന്തര നടപടികൾ

(ഫയൽ നമ്പർ 2110/സബ്.സി.സി1/2017/നി.സെ.)

ഖണ്ഡിക നമ്പർ 3, 12, 13, 15, 19, 24, 51, 52, 56, 57 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ചുവടെ കൊടുത്തിരിക്കുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു :

ഖണ്ഡിക 16

ഗവൺമെന്റിറക്കിയ പുതിയ ഉത്തരവുമൂലം തോട്ടം മേഖലയുമായി ബന്ധപ്പെട്ട് കുറേയേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടെങ്കിലും തോട്ടം മേഖലയ്ക്ക് സംസ്ഥാന ബഡ്ജറ്റിലും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പിന്തുണ ലഭിക്കുന്നില്ലായെങ്കിൽ വീണ്ടും തോട്ടം പൂട്ടിപ്പോകുന്ന സാഹചര്യമുണ്ടാകുമെന്നും കശുവണ്ടി, കയർ ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ബഡ്ജറ്റിൽ പണം വകയിരുത്തുമ്പോഴും പ്ലാന്റേഷൻ മേഖലയ്ക്ക് തുക മാറ്റിവയ്ക്കാറില്ലെന്നും പ്ലാന്റേഷൻ മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ലെന്നും മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന പ്ലാന്റേഷൻ മേഖലയിലും അവരുടെ ഉന്നമനത്തിനായി ബജറ്റിൽ തുക വകയിരുത്തണമെന്ന് ബഹു. സമിതിയംഗം ശ്രീമതി ഇ.എസ്. ബിജിമോൾ, എം.എൽ.എ. അഭിപ്രായപ്പെട്ടു. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങൾ വൈദ്യുതീകരിക്കുന്നതിനും പൂട്ടികിടക്കുന്ന തോട്ടങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുമായി ബജറ്റിൽ ഉൾക്കൊള്ളിച്ച തുക സംബന്ധിച്ചുപോലും ധനകാര്യ വകുപ്പിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടാകാത്തത് ഗൗരവതരമാണെന്ന് ബഹു. അംഗം ചൂണ്ടിക്കാട്ടി. കൂടാതെ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹു. ധനമന്ത്രി പ്രഖ്യാപിച്ച തോട്ടം പാക്കേജ് സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് പ്രൊപ്പോസലുകളൊന്നും സർക്കാരിലേക്ക് അയച്ചിട്ടില്ല.

തോട്ടങ്ങളുടെ സംരക്ഷണത്തിനായി അവയുമായി ബന്ധപ്പെട്ട ടാക്സുകൾ എല്ലാം ഒഴിവാക്കിയും സിനറേജ് തുക പൂർണ്ണമായും ഇല്ലാതാക്കി എന്നതുൾപ്പെടെ തോട്ടം നടത്തിപ്പിനായി ചെയ്യാൻ കഴിയാവുന്ന പരമാവധി സഹായങ്ങൾ ചെയ്തിട്ടും തോട്ടം തുറന്ന് പ്രവർത്തിപ്പിക്കാൻ പറ്റുന്ന സ്ഥിതിയല്ല നിലനിൽക്കുന്നതെന്നും മാത്രവുമല്ല ട്രേഡ് യൂണിയൻ സംഘടനകളൊന്നും വേതനത്തിൽ എന്തെങ്കിലും തരത്തിലുള്ള മാറ്റം വരുത്താനോ വിട്ടുവീഴ്ച ചെയ്യാനോ സന്നദ്ധമല്ലാത്തതിനാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ യോജിപ്പിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ടെന്നും സമിതി മനസ്സിലാക്കി.

ബഹു. മുഖ്യമന്ത്രി, സെൻട്രൽ ട്രേഡ് യൂണിയൻ കമ്മിറ്റി വിളിച്ചു ചേർത്തിരുന്നതിൽ ഡൈവേഴ്സിഫിക്കേഷനെ സംബന്ധിച്ച ഒരു ശിപാർശ ഉണ്ടായിരുന്നുവെങ്കിലും ഡൈവേഴ്സിഫിക്കേഷൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഇടവിള കൃഷിയാണെന്നും 5 ശതമാനം ഭൂമി തോട്ടം ഉടമകൾക്ക് സ്വന്തമായി വിൽക്കുന്നതിനോ, ഫ്ലാറ്റോ മറ്റ് കാര്യങ്ങളോ നിർമ്മിക്കാനോ ഉപയോഗിക്കാമെന്നുള്ളത് യഥാർത്ഥത്തിൽ പ്ലാന്റേഷൻ ലേബർ ആക്ടിന് എതിരാണെന്നും ആക്ടിൽ നിന്ന് ഇത് മാറ്റിനിർത്തിയത് തോട്ടത്തിന്റെ സംരക്ഷണത്തിനുവേണ്ടിയാണെന്നും ഉത്പന്നങ്ങളുടെ വിലയും മറ്റും കേന്ദ്ര നയവുമായി ബന്ധപ്പെട്ട് കിടക്കുന്നതാകയാൽ സംസ്ഥാന ഗവൺമെന്റിന് മാത്രമായി ചെയ്യാൻ കഴിയുന്നതല്ലെന്നും സമിതി വിലയിരുത്തി.

നിലവിൽ തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നതിന്റെ 50 ശതമാനം വരെ തുക അവർക്ക് മറ്റ് ബെനിഫിറ്റായി കിട്ടുന്നുണ്ടെന്നും ബോണസ്, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങളെല്ലാം വരുമ്പോൾ 50-57 ശതമാനം തുക അവർക്ക് ലഭിക്കുന്നുണ്ടെന്നും ഗവൺമെന്റ് തീരുമാനത്തിന്റെ ഭാഗമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് വരുന്ന രണ്ട് പ്രശ്നങ്ങൾ വേജ് ഇൻക്രീസും, ഇ.എസ്.ഐ.-യുമാണെന്നും ഇ.എസ്.ഐ. കൺവെർഷൻ സാധിക്കുമോയെന്നത് സംബന്ധിച്ച് ഉടമകളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണെന്നും വേജിന്റെ എഗ്രിമെന്റ് വന്നതിനുശേഷം മറ്റ് കാര്യങ്ങളിലേയ്ക്ക് പോകാനാണ് ഉദ്ദേശിക്കുന്നതെന്നും മനസ്സിലാക്കിയ സമിതി ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ടാക്സ് എക്സംപ്ഷൻ, സിനറേജ് തുടങ്ങിയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഓരോ ഡിപ്പാർട്ട്മെന്റും ഇറക്കേണ്ട ഉത്തരവുകൾ പുറപ്പെടുവിച്ചാൽ മാത്രമേ ഗവൺമെന്റ് തീരുമാനത്തിന്റെ ഗുണം തൊഴിലാളികൾക്ക് ലഭിച്ചു തുടങ്ങുകയുള്ളുവെന്നും ബഹു. മുഖ്യമന്ത്രിയുടെ യോഗം കഴിഞ്ഞ് നാല് മാസമായിട്ടും റവന്യൂ, ധന വകുപ്പുകളിൽനിന്ന് ഇറക്കേണ്ട ഉത്തരവുകളൊന്നും ഇറങ്ങിയിട്ടില്ലെന്നും സമിതി വിലയിരുത്തി.

പ്ലാന്റേഷൻ കോർപ്പറേഷന്റെ ചുമതല ലേബർ ഡിപ്പാർട്ട്മെന്റിനുള്ളതുകൊണ്ട് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഫോളോ അപ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്ന് വരേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

തൊഴിലാളികൾക്ക് വീട് നിർമ്മിച്ച നൽകുന്നതിന് അവർ സ്ഥലം ലഭ്യമാക്കിയാൽ അവിടെ ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചുകൊടുക്കുന്നതാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം തോട്ടം ഉടമകൾ നൽകണമെന്ന് വ്യവസ്ഥയുണ്ടെന്നും തോട്ടം ഉടമകളുടെ സഹകരണത്തോടെ ഇത് നടപ്പിലാക്കുന്നതിന് ചില പ്രത്യേക ഉത്തരവുകൾ വിവിധ ഡിപ്പാർട്ട്മെന്റുകളിൽനിന്ന് പുറപ്പെടുവിക്കേണ്ടതുണ്ടെന്നും മറ്റ് നടപടിക്രമങ്ങൾ സ്വീകരിക്കുന്ന മുറയ്ക്ക് സ്ഥലം നൽകാമെന്ന് തോട്ടം ഉടമകൾ അംഗീകരിച്ചിട്ടുണ്ടെന്നും ഇപ്പോഴുള്ള ലയങ്ങളെയെല്ലാം കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കി കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ടോയ്ലെറ്റ് ഇല്ലാത്ത മുഴുവൻ വീടുകളിലും അവ ഒ.ഡി.എഫ്. പദ്ധതി പ്രകാരം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയുണ്ടായിരുന്നുവെന്നും സമിതി മനസ്സിലാക്കി.

എന്നാൽ പ്രസ്തുത പദ്ധതികളിലൊന്നും തോട്ടം തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടില്ലെന്നും പഞ്ചായത്തിൽ പ്രൊപ്പോസൽ വച്ചപ്പോൾ ആയത് നിരസിക്കുകയാണ് ചെയ്തതെന്നും ബഹു. സമിതിയംഗം ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ. സമിതിയെ അറിയിച്ചപ്പോൾ ഒ.ഡി.എഫ്. പദ്ധതി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രാദേശികതലത്തിൽ കൈകാര്യം ചെയ്യേണ്ട വിഷയം ആയതിനാൽ ഇക്കാര്യത്തിൽ പരാതി വരികയാണെങ്കിൽ ആയത് പരിശോധിക്കാമെന്നും സമിതി ഉറപ്പുനൽകി.

<u>ഖണ്ഡിക നമ്പർ 53</u>

ഗ്രീൻബുക്ക് പദ്ധതി പ്രകാരം 2016-17-ലെ ബഡ്ജറ്റിൽ പൂവാർ ഫിഷർമെൻ കോളനിയിൽ 1MW ശേഷിയുള്ള മൈക്രോവിൻഡ് പൈലറ്റ് പദ്ധതിക്കായി ബഡ്ജറ്റിൽ ആറ് കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി പ്രായോഗികമല്ലായെന്ന് മനസ്സിലാക്കിയതുകൊണ്ട് ഇതുവരെ നടപ്പിലായിട്ടില്ലായെന്ന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & എം.ഡി. സമിതിയെ അറിയിച്ചു.

<u>ഖണ്ഡിക നമ്പർ 54</u>

തിരുവനന്തപുരം മുട്ടത്തറയിൽ 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ആയതിന് ഗവൺമെന്റ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയിട്ടുള്ളതാണെന്നും പദ്ധതി പൂർത്തീകരണത്തിനായി ആവശ്യമായ 46 കോടി രൂപയിൽ 3,16,00,000 രൂപ ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുക അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകാൻ സമിതി ശിപാർശ ചെയ്യണമെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ &എം. ഡി. സമിതിയോട് അഭ്യർത്ഥിച്ചു.

ഖണ്ഡിക നമ്പർ 55

ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്നത് ലോകബാങ്കിന്റെ പ്രോജക്ടാണെന്നും സംസ്ഥാന ഗവൺമെന്റ് വഴിയാണ് ഇതിനാവശ്യമായ തുക ലഭിക്കുന്നതെന്നും തുക ചെലവഴിച്ചതിനുശേഷം റീഇമ്പേഴ്സ് ചെയ്യുകയാണ് ചെയ്യുന്നതെന്നും നിലവിൽ ബഡ്ജറ്റ് വിഹിതം പര്യാപ്തമാണെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ &എം.ഡി. സമിതിയെ അറിയിച്ചു.

4. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2051/സബ്. സി.സി1/2018/നി.സെ.)

ഖണ്ഡിക നമ്പർ 7,13,15,17 എന്നിവയിലെ ശിപാർശയിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ചുവടെ ചേർത്തിരിക്കുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 6

മരംകയറ്റത്തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന എന്ന ശീർഷകത്തിൽ ആവശ്യമുള്ള അധിക തുകയ്ക്കുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ 67 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്നും ഗവൺമെന്റിൽ നിന്നുള്ള പ്രൊപ്പോസൽ ഫിനാൻസ് വകുപ്പിൽ കൊടുക്കുന്നതിന്റെ ഭാഗമായി ഫയൽ പ്രോസസ് ചെയ്തു കഴിഞ്ഞിട്ടുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 7

കേരള കൈത്തറി തൊഴിലാളി ക്ഷേമപദ്ധതി സംബന്ധിച്ച് അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിനുസമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 10

2018 നവംബർ മാസം വരെയുള്ള പെൻഷൻ തയ്യൽ തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ അഡീഷണലായി തുക നൽകാൻ നിർവ്വാഹമില്ലായെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ചില ക്ഷേമനിധി ബോർഡുകളിൽ പ്രസവകാലാനുകൂല്യങ്ങൾ കുടിശ്ശിക വരുന്നതിനെ കുറിച്ചും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ടിനെക്കുറിച്ചും സമിതി ആരാഞ്ഞതിന് ബോർഡിൽനിന്ന് പ്രസവാനുകൂല്യങ്ങൾക്കുള്ള തുക റിലീസ് ചെയ്തു കൊടുക്കുകയും അതിനുശേഷം ലേബർ കമ്മീഷണറേറ്റിൽ നിന്ന് റീ ഇമ്പേഴ്സ് ചെയ്തു കൊടുക്കുകയുമാണ് ചെയ്യുന്നതെന്നും കേന്ദ്രഫണ്ട് ധനകാര്യ വകുപ്പുമുഖേന കമ്മീഷണറേറ്റിൽ കൊടുക്കുകയാണ് ചെയ്യുന്നതെന്നും സാമ്പത്തിക സ്ഥിതി അനുസരിച്ച് ബോർഡ്, ഫണ്ട് റിലീസ് ചെയ്തുകൊടുക്കുകയും പിന്നീട് റീ ഇമ്പേഴ്സ് ചെയ്യുകയുമാണ് ചെയ്യുന്നതെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ബോർഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുന്നതുകൊണ്ടാണ് ടി തുക കുടിശ്ശിക യാകുന്നതെന്ന് വിലയിരുത്തിയ സമിതി ഇത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വകുപ്പുദ്യോഗസ്ഥരോടാരാഞ്ഞു. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചുകൊണ്ട് ചെയ്യാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിക്കാമെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഏകദേശം 15 വർഷത്തോളമായി പ്രസവാനുകൂല്യം കുടിശ്ശികയായിരിക്കുക യാണെന്നും ഗവൺമെന്റുമായി ആലോചിച്ച് ഇതിനൊരു തീരുമാനം സ്വീകരിക്കേണ്ടതു ണ്ടെന്നും മനസ്സിലാക്കിയ സമിതി പ്രസവാനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പിന് കൊടുക്കണമെന്ന് നിർദ്ദേശിച്ചു.

<u>ഖണ്ഡിക നമ്പർ 65</u>

സാമാജികരുടെ പ്രത്യേക വികസന ഫണ്ടിലേയ്ക്കായി 141 കോടി രൂപയാണ് ഈ വർഷം നീക്കിവച്ചിട്ടുള്ളതെന്നും പ്രസ്തുത തുക മുഴുവൻ കളക്ടർമാർക്ക് റിലീസ് ചെയ്തു കൊടുത്തിട്ടുണ്ടെന്നും ഫണ്ടിന്റെ ഷോർട്ടേജുമായി ബന്ധപ്പെട്ട് പരാതി വരികയാണെങ്കിൽ അഡീഷണൽ ഓതറൈസേഷൻ വഴി തുക കൊടുക്കുന്നതാണെന്നും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എന്നാൽ സാമാജികരുടെ പ്രത്യേക വികസന നിധിയിലേയ്ക്ക് ഒരു കോടി രൂപയിൽ കൂടുതൽ കൊടുക്കാൻ സാധിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ അത് നയപരമായ തീരുമാനമാണെന്നും ഒരു വർക്ക് അനുവദിച്ചുകഴിഞ്ഞാൽ നാല് കൊല്ലം കഴിഞ്ഞാണ് നടപ്പിലാകുന്നതെന്നും അന്ന് തുക ആവശ്യമായി വന്നാൽ അഡീഷണൽ ഫണ്ട് കൊടുക്കുമെന്നാണ് ഉദ്ദേശിച്ചതെന്നും ധനകാര്യ വകുപ്പുദ്യോഗസ്ഥർ വ്യക്തമാക്കി. എന്നാൽ അങ്ങനെ കൊടുക്കാൻ സാധിക്കില്ലായെന്ന് സമിതി വ്യക്തമാക്കി.

ഖണ്ഡിക 72

അപ്പർ കല്ലാർ ചെറുകിട ജലസേചന പദ്ധതി നബാർഡ് സ്കീമാണെന്നും നബാർഡ് മൊബിലൈസേഷൻ അഡ്വാൻസായി 361.4 ലക്ഷം രൂപ മുഴുവൻ റിലീസ് ചെയ്തു കൊടുത്തിട്ടുണ്ടെന്നും അതിനുശേഷം 163.09 ലക്ഷം രൂപ, 50.23 ലക്ഷം രൂപ, 68.73 ലക്ഷം രൂപ എന്നിങ്ങനെ മൂന്ന് ക്ലെയിമുകൾ സബ്മിറ്റ് ചെയ്തെങ്കിലും ഭരണവകുപ്പിൽ നിന്ന് 68.73 ലക്ഷം രൂപയുടെ ക്ലെയിം മാത്രമാണ് ആവശ്യപ്പെട്ടതെന്നും ആയത് റിലീസ് ചെയ്തു കൊടുത്തിട്ടുണ്ടെന്നും ആദ്യത്തെ രണ്ട് ക്ലെയിമിനും ഭരണവകുപ്പ് സെക്രട്ടറി ശിപാർശ ചെയ്യുകയാണെങ്കിൽ ഫണ്ട് റിലീസ് ചെയ്യുന്നതാണെന്നും ധനകാര്യ വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

അപ്പർ കല്ലാർ വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ടേൺ കീ പ്രോജക്ടാണിതെന്നും നിലവിൽ പദ്ധതിക്കാവശ്യമായ തുക നബാർഡ് വഴി ലോണായി ലഭിക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ വ്യക്തമാക്കി. എം.എൽ.എ. ഫണ്ടിനും നബാർഡ് ലോണിനും വേയ്സ് ആന്റ് മീൻസ് റെസ്ട്രിക്ഷനില്ലാതെ തന്നെ തുക റിലീസ് ചെയ്തുകൊടുക്കാറുണ്ടെന്ന് ധനകാര്യ വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

**III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ**

1. പാലക്കാട് കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശനം സംബന്ധിച്ച്

(ഫയൽ നമ്പർ 5957/സബ്.സി.സി1/2014/നി.സെ.)

സമിതിയുടെ 10-2-2017-ലെ യോഗനിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളികൾക്കുള്ള ചെലവ് കുറഞ്ഞ ഭവനനിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതികളും

(ഫയൽ നമ്പർ 349/സബ്.സി.സി1/2017/നി.സെ.)

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളുടെ റിപ്പോർട്ട് അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 28-2-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2019 ഫെബ്രുവരി 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതി അംഗമായ ശ്രീ. കെ. ദാസൻ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. (കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 184 (3) പ്രകാരം അദ്ധ്യക്ഷനെ തെരഞ്ഞെടുത്തു)

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
2. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
3. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഉഷാ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. എൻ. എസ്. പിള്ള, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്. ഇ.ബി. ലിമിറ്റഡ്
3. ശ്രീമതി എസ്. വി. കല, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. ബി. ഗോപകുമാരൻ നായർ, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
5. ശ്രീ. ജി. അനിൽ, ജോയിന്റ് ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
6. ശ്രീ. എസ്. പത്മകുമാർ, രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ
7. ശ്രീ. റജി ജോൺ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീ. വി. സി. അനിൽ കുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
9. ശ്രീ. ആർ. ഹരികുമാർ, ഹെഡ്, എനർജി ട്രാൻസ്മിഷൻ ഡിവിഷൻ, എനർജി മാനേജ്മെന്റ് സെന്റർ
10. ശ്രീ. സി. ടി. അജിത് കുമാർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, അനെർട്ട്.

സമിതി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XXXIX (വൈദ്യുത പദ്ധതികൾ)-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച വിവിധ ചെലവിനങ്ങൾ പരിഗണിക്കുകയും ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥരുമായും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തു.

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2019-20 വർഷത്തിൽ തുടരുന്നതിന് 768.24 കോടി രൂപയും കൂടാതെ 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2019-20-ൽ തുടരുന്നതിന് 80 ലക്ഷം രൂപയും ഉൾപ്പെടെ 769.04 കോടി രൂപ വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് "വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ [2801-80-101-99 (നോൺ പ്ലാൻ)] " എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് 2017-18-ലും 2018-19-ലുമായി ലഭിക്കേണ്ട ആകെ 104.80 കോടി രൂപയിൽ 52.40 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 2017-18-ൽ ലഭിക്കേണ്ടതായ 52.40 കോടി രൂപയും 2018-19-ൽ ലഭിക്കേണ്ട തുകയായ 52.40 കോടി രൂപയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് കൂടി ഉൾപ്പെടുത്തി "കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം [2801-80-101-92 (നോൺ പ്ലാൻ)] "എന്ന ശീർഷകത്തിൽ 104.80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ഊർജ്ജ വകുപ്പുദ്യോഗസ്ഥർ ആവശ്യപ്പെടുകയുണ്ടായി.

കെ.എസ്.ഇ.ബി.എൽ.-ന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷത്തിൽ നൽകിയ ഇന്നൊവേഷൻ ഫണ്ട് 27.30 കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നതിനും, സൗരപദ്ധതിയുടെ ഭാഗമായി സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും നവീകരണ പദ്ധതികൾക്കും അപര്യാപ്തമായതിനാൽ "നവീകരണ നിധി (ഊർജ്ജ സമ്പാദന ഏകോപന സമിതി) Innovation Fund & ESCOT -[2801-80-101-91-(പ്ലാൻ)]" എന്ന ശീർഷകത്തിൽ 166.67 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതിയ്ക്ക് ബോധ്യമായി.

കിഫ്ബിയുടെ ധനസഹായത്തോടെ പ്രസരണശൃംഖല കേരളത്തിലുടനീളം ശക്തിപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്ന തിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0

പദ്ധതിയുടെ പൂർത്തീകരണത്തിന് KIIFB/PSDF വഴി ലഭിക്കാവുന്ന തുകയ്ക്ക് പുറമേ ടെന്റർ എക്സസ് ഇനത്തിൽ ആവശ്യമായ 239.89 കോടി രൂപ "ട്രാൻസ് ഗ്രിഡ് -2 [2801-80-101-85 (പ്ലാൻ)]" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതിയോട് ഊർജ്ജ വകുപ്പുദ്യോഗസ്ഥർ ആവശ്യപ്പെടുകയുണ്ടായി.

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി ടെന്റർ വിളിച്ചപ്പോൾ ചെലവ് വന്ന 5.65 കോടി രൂപയിൽ ഒരു കോടി രൂപ മാത്രമാണ് പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത് എന്ന് സമിതി നിരീക്ഷിച്ചു. 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതി (LACADS) ഫണ്ടിൽ ഉൾപ്പെടുത്തിയ വിതരണമേഖലയിലെ 11 പ്രവൃത്തികൾ ചെയ്യുന്നതിന് 2019-20-ലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ "നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ (LACADS) [2801-80-190-99 (നോൺ പ്ലാൻ)]" എന്ന ശീർഷകത്തിൽ 5.6504627 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതിക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച ഒരു കോടി രൂപ അപര്യാപ്തമായതിനാൽ "നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം [4801-80-101-98 (നോൺ പ്ലാൻ)]" എന്ന ശീർഷകത്തിൽ 6.6160 കോടി രൂപ അധികമായി ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

2019-20 സാമ്പത്തിക വർഷത്തിൽ അപ്പർകല്ലാർ/പെരുവണ്ണാമൂഴി ചെറുകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിനായി ബാണാസുര സാഗർ പദ്ധതി ഇനത്തിൽ 1.80 കോടി രൂപയും സോളാർ പദ്ധതി ഇനത്തിൽ 24.01 കോടി രൂപയും പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി ഇനത്തിൽ 2.4486 കോടി രൂപയും ഉൾപ്പെടെ 2018-19-ൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 28.2586 കോടി രൂപയും 2019-20-ൽ 2.9456 കോടി രൂപയും ബഡ്ജറ്റ് വിഹിതം ചേർത്ത് ആകെ 57.7146 കോടി രൂപ "അപ്പർ കല്ലാർ/പെരുവണ്ണാമൂഴി ചെറുകിട ജലസേചന പദ്ധതി [6801-00-190-85(പ്ലാൻ)]" എന്ന ശീർഷകത്തിൽ ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴ റിവർ ബേസിനിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പവർ ഇവാക്വേഷൻ പദ്ധതിയുടെ ഭാഗമായ നെല്ലിപ്പൊയിൽ

(നാരങ്ങാത്തോട്) ഒരു 33/110KV 2X50 MVA പൂളിംഗ് സ്റ്റേഷന്റെ നിർമ്മാണം, തമ്പലമണ്ണയിൽ നിന്നും നെല്ലിപ്പൊയിലിലേക്ക് 11 കി.മീ. 110 കെ.വി. സിംഗിൾ സർക്യൂട്ട് സ്ഥാപിക്കൽ, നെല്ലിപ്പൊയിൽ പൂളിംഗ് സ്റ്റേഷനിലേക്ക് 33 കെ.വി. ഭൂഗർഭ കേബിൾ/ഓവർലോഡ് ലൈൻവഴി ചെറുകിട പദ്ധതികളെ ബന്ധിപ്പിക്കൽ എന്നിവയ്ക്ക് നാളിതുവരെയും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ New Service head അനുവദിച്ച് 63.77 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയുംപ്രകാരം തുക വകയിരുത്തേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി:

1. 2015-ലെ G.O.(MS)No.29/2015/PD dated, Thiruvananthapuram, 30-7-2015 ഉത്തരവ് വഴി പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കി പണി പുനരാരംഭിച്ച ഇടമൺ-കൊച്ചി 400 കെ. വി. ട്രാൻസ്മിഷൻലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിൽ 2018-19 സാമ്പത്തിക വർഷം ടോക്കൺ വിഹിതമായി 1,000 രൂപ മാത്രമാണ് അനുവദിച്ചതെന്നും 2019-20 സാമ്പത്തിക വർഷത്തിൽ പഴയശീർഷകം 2801-80-101-83 ഇടമൺ - കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരം എന്ന ശീർഷകം നിലനിർത്തിയിട്ടില്ലായെന്നും സമിതിക്ക് ബോധ്യമായി. ആയതിലേക്ക് 128.02 കോടി രൂപ അധികമായി വേണമെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

2. 2019 മേയ് മാസത്തോടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 110 കെ.വി. സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി സംസ്ഥാന വിഹിതം-(പഴയ ശീർഷകം 4801-80-101-99- മുട്ടത്തറ സബ്സ്റ്റേഷൻ) ആയി 41.63 കോടി രൂപ അനുവദിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി.

3. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) സംസ്ഥാന വിഹിതം [പഴയ ശീർഷകം 2801-80-101-87 (പ്ലാൻ)] ആയി 48.30 കോടി രൂപ ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

4. സംയോജിത ഊർജ്ജവികസന പദ്ധതി (ഐ.പി.ഡി.എസ്സ്.) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-86) (പ്ലാൻ) ആയി 59.21 കോടി രൂപ ആവശ്യമാണെന്നും സമിതി വിലയിരുത്തി.

**എനർജി മാനേജ്മെന്റ് സെന്റർ, കേരള**

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ "എനർജി മാനേജ്മെന്റ് സെന്റർ, ധനസഹായം [2810-00-800-93 (പദ്ധതിയേതരം)]" എന്ന ശീർഷകത്തിൽ 2.4699 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കേണ്ടത് ആവശ്യമാണെന്ന് എനർജി മാനേജ്മെന്റ് സെന്റർ ഉദ്യോഗസ്ഥർ വ്യക്തമാക്കിയത് സമിതി അംഗീകരിച്ചു.

**എനർജി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)**

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനായി അനെർട്ട് നടപ്പാക്കിവരുന്ന ഊർജ്ജ കേരള മിഷൻ, വെള്ളപ്പൊക്ക ബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനരാവർത്തക ഊർജ്ജ പദ്ധതി സ്ഥാപിക്കലും സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റലും പുനരാവർത്തക ഊർജ്ജ പാർക്ക് രാമക്കൽമേട്, പുനരാവർത്തക ഊർജ്ജ വ്യവസായ ഫെസിലിറ്റേഷൻ സെന്റർ, ദുരന്ത ദുരിതാശ്വാസ ക്യാമ്പുകളിലെ പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ, സൗരസുവിധ കിറ്റ്സ്, പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചവരിൽ മുന്നിട്ടുനിൽക്കുന്നവർക്കുള്ള പ്രോത്സാഹനം, വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ പുനരാവർത്തക ഊർജ്ജ പദ്ധതികളുടെ അറ്റകുറ്റപ്പണി എന്നീ 8 ഘടകങ്ങൾക്കായി " 2810-00-800-90-(06)(35)- പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ" എന്ന ശീർഷകത്തിൽ 35 കോടി രൂപ നിലവിൽ വകയിരുത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയിൽ ടി ഘടകങ്ങളോടൊപ്പം 'ബൈബൈസൺ'-ന് കീഴിലുള്ള പുനരാവർത്തക ഊർജ്ജ ഉല്പന്നങ്ങൾക്ക് ഇൻഷ്വറൻസ് സ്കീം എന്ന ഘടകം 9-ാമതായി ഉൾപ്പെടുത്തി ആയതിൽ 'ഊർജ്ജ കേരള മിഷൻ' എന്ന ഘടകത്തിൽ നിന്ന് 1 കോടി രൂപയും 'വെള്ളപ്പൊക്ക ബാധിത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുനരാവർത്തക ഊർജ്ജ പദ്ധതി സ്ഥാപിക്കലും സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റലും' എന്ന ഘടകത്തിൽ നിന്ന് 3 കോടി രൂപയും 'പുനരാവർത്തക ഊർജ്ജ വ്യവസായ ഫെസിലിറ്റേഷൻ സെന്റർ' എന്ന ഘടകത്തിൽ നിന്ന് 2 കോടി രൂപയും ചേർത്ത് ആകെ 6 കോടി രൂപ ഈ പുതിയ ഘടകത്തിൽ ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന അനെർട്ട് ഉദ്യോഗസ്ഥരുടെ ആവശ്യം യുക്തമാണെന്ന് സമിതിക്ക് ബോധ്യമായി

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

# 11-3-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2019 മാർച്ച് 11-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ടി. വി. ഇബ്രാഹിം, എം. എൽ.എ.
2. ശ്രീ. എം. രാജഗോപാലൻ, എം. എൽ.എ.
3. ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സാജൻ സി. വി., ലേബർ കമ്മീഷണർ
2. ശ്രീ. എൻ. എസ്. പിള്ള, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്
3. ശ്രീ. ഡി. ലാൽ അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീമതി നിഷ എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
5. ശ്രീ. സി. ഗോപകുമാരൻ നായർ, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
6. ശ്രീ. രഞ്ജിത് പി. എം., അഡീഷണൽ ലേബർ കമ്മീഷണർ
7. ശ്രീ. ബിച്ചു ബാലൻ, അഡീഷണൽ ലേബർ കമ്മീഷണർ
8. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്
9. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
10. ശ്രീമതി ഷജീന എം., എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

11. ശ്രീ. ചന്ദ്രശേഖർ എസ്., ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ്

12. ശ്രീ. എൻ. വേണുഗോപാൽ, ഡയറക്ടർ, KSEBL.

13. ശ്രീ. സാജു. എസ്. എസ്., ജനറൽ മാനേജർ, ODEPEC.

14. ശ്രീ. അനിൽ കുമാർ വി. സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

15. ശ്രീ. റെജി ജോൺ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

16. ശ്രീ. മാധവൻ പി. കെ., അഡീഷണൽ ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്

17. ഡോ. എം. എസ്. ഗീതാദേവി, ജോയിന്റ് ഡയറക്ടർ, ഇൻഷ്വറൻസ് ആന്റ് മെഡിക്കൽ സർവ്വീസസ്

18. ശ്രീമതി ലേഖ എസ്., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

സമിതി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XXIV (തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും) XVIII (വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും) എന്നിവ സംബന്ധിച്ച വിവിധ ചെലവിനങ്ങൾ പരിഗണിക്കുകയും തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥരുമായും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:

28-2-2019-ൽ കൂടിയ വൈദ്യുതപദ്ധതികളുമായി (XXXIX) ബന്ധപ്പെട്ട് നടത്തിയ ധനാഭ്യർത്ഥന ചർച്ചയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങളും അംഗീകരിക്കാൻ സമിതി തീരുമാനിക്കുകയും ശിപാർശയായി ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും നൈപുണ്യവും വകുപ്പ്

ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, ഭരണവും നടത്തിപ്പും- വെള്ളക്കരം [05(1)] ഇനത്തിൽ 2 ലക്ഷം രൂപയും, വൈദ്യുത ചെലവ് [05(2)] ഇനത്തിൽ 4 ലക്ഷം രൂപയും വാഹനങ്ങളുടെ

സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.5 ലക്ഷം രൂപ രേണവും നടത്തിപ്പും (2230-01-001-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാടക, കരം, നികുതി, ഇന്ധനം എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ വാടക, കരം, നികുതി (06) ഇനത്തിൽ 4 ലക്ഷം രൂപയും ഇന്ധനം (45) ഇനത്തിൽ 1.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.5 ലക്ഷം രൂപ ജില്ലാ ആഫീസുകൾ (2230-01-001-98 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും ഇന്ധനം (45) ഇനത്തിൽ 45,000 രൂപയും ഉൾപ്പെടെ ആകെ 5.45 ലക്ഷം രൂപ അധികമായി "കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്" (2230-01-101-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും വെള്ളക്കരം, വൈദ്യുതി ചെലവ്, ടെലിഫോൺ, മറ്റിനങ്ങൾ, വിവരസാങ്കേതികവിദ്യ, വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ (2230-02-102-98 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ വെള്ളക്കരം [05(01)] ഇനത്തിൽ 20,000 രൂപയും വൈദ്യുതി ചെലവ് [05(02)] ഇനത്തിൽ 5,000 രൂപയും ടെലിഫോൺ ചെലവ് [05(03)] ഇനത്തിൽ 45,000 രൂപയും മറ്റിനങ്ങൾ [05(04)] ഇനത്തിൽ 67,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 6.75 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യാ (99) ഇനത്തിൽ 10,000 രൂപയും ഉൾപ്പെടെ ആകെ 8.22 ലക്ഷം രൂപ "തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്" (2230-01-102-98 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന (2230-01-103-99 പദ്ധതിയേതരം) ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ) ശീർഷകത്തിൽ ടെലിഫോൺ ചെലവ് എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 3.5 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി പ്രകാരം വർദ്ധിപ്പിച്ച പെൻഷൻ തുകയും അംശദായവും ചേർത്ത് അധിക തുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, "കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം സംഭാവന" (2230-01-103-96-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 28.44474 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ ആനുകൂല്യ വിതരണത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ "കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് . ബെനിഫിറ്റ് സ്കീം-സംഭാവന" (2230-01-103-88-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 35.9687 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2019-2020 സാമ്പത്തിക വർഷത്തേക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ, ധനസഹായം എന്നിവ നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ "പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന" (2230-01-103-87-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ പെൻഷൻ കുടിശ്ശികയും, 2019-20-ലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും തുക ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ "കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും-സംഭാവന" (2230-01-103-86-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 102.7138 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2018-19 വരെ സർക്കാരിൽ നിന്നും ലഭിക്കാനുള്ള ഗ്രാന്റ് കുടിശ്ശിക ലഭ്യമായിട്ടില്ലാത്തതിനാൽ, "കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്-സംഭാവന" (2230-01-103-79-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 36.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ക്ഷേമപെൻഷനുകൾ 1,200 രൂപയായി വർദ്ധിപ്പിച്ചതിനാൽ 2019-20-ലെ പെൻഷൻ വിതരണത്തിന് അധിക തുക ആവശ്യമാണെന്ന് കണ്ടതിനാൽ, "കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്-അംശദാനം-സംഭാവന" (2230-01-103-71-10 പദ്ധതിയേതരം) എന്നശീർഷകത്തിൽ 6.7032 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഇടുക്കി ജില്ലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണി, വിവിധ ധനസഹായങ്ങൾ, പീരുമേട് കമ്പനി ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് നടപ്പാക്കിയിട്ടുള്ള കുടിവെള്ളപദ്ധതി, ഉപ്പുതറ സെക്ഷനിലെ വൈദ്യുത ചാർജ്ജ്, ചികിത്സാ ധനസഹായം, മെഡിക്കൽ ടീമിന്റെ വാഹന വാടക, ടീം അംഗങ്ങളുടെ വേതനം എന്നീ ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ "പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി സംഭാവന" "(2230-01-103-62-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 2.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2018-19 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയ്ക്കായി "കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്-സംഭാവന" (2230-01-103-59-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 14.2592 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2019-20-ൽ നിലവിലുള്ള പെൻഷനേഴ്സിനെക്കാൾ അധികമായി 150 ഓളം പേർക്ക് പെൻഷൻ അനുവദിക്കേണ്ടതായി സമിതി മനസ്സിലാക്കി. ആയതിനാൽ "കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന" (2230-01-103-58-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 91.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ വിഹിതത്തിന്റെ 5% തുക ഗ്രാന്റായി ബോർഡിന് നൽകുമ്പോൾ, 2019-20-ൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി കണ്ടെത്തി. ആയതിനാൽ "കേരള ആഭരണ തൊഴിലാളി ക്ഷേമനിധി-സംഭാവന" (2230-01-103-57-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 1.492 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിരമിച്ചവർക്ക് അടുത്ത സാമ്പത്തിക വർഷം മുതൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാബോർഡ് വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് കൂടുതൽ തുക ആവശ്യമുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ, "സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി" (2230-01-103-51 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 15.2017 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് ക്ഷേമപെൻഷൻ 1,200 രൂപയായി വർദ്ധിപ്പിക്കുമ്പോൾ അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, "കേരള ചുമട്ടുതൊഴിലാളി (വിഭിന്നമേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി-സംഭാവന" (2230-01-103-35-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 3.64244 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

അപ്നാഘർ പദ്ധതി രാമനാട്ടുകര സ്കീം, കളമശ്ശേരി സ്കീം എന്നിവ പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ "സംസ്ഥാന അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള താമസ സൗകര്യം" (2230-01-103-16 പദ്ധതി) എന്ന ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

അസംഘടിത തൊഴിലാളികൾക്കായുള്ള മരണാനന്തര ധനസഹായം, റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം, അവശതാപെൻഷൻ എന്നീ ധനസഹായങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ വിഹിതം അപര്യാപ്തമായതിനാൽ "അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതി" (2230-01-103-17 പദ്ധതി) എന്ന ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2019-20 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ "പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം" (2230-01-103-33 പദ്ധതി) എന്ന ശീർഷകത്തിൽ 101.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ "ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്)" (2230-01-103-52 പദ്ധതി) എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നീ പദ്ധതികൾ ഏകോപിപ്പിച്ചിട്ടുള്ള "അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ" (2230-01-103-60 പദ്ധതി)എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ വിഹിതം അപര്യാപ്തമായതിനാൽ "അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ" എന്ന ശീർഷകത്തിൽ 3.74111 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വകുപ്പിന്റെ ആധുനികവത്കരണത്തിനും, അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കുള്ള വാഹനം വാങ്ങുന്നതിനും, അസിസ്റ്റന്റ് ലേബർ ഓഫീസ് സജ്ജീകരണത്തിനും, ഇ-പേയ്മെന്റ് സംവിധാനത്തിനുമായി 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ "തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും" (2230-01-103-89 പദ്ധതി) എന്ന ശീർഷകത്തിൽ 2.457 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

### വ്യാവസായിക പരിശീലന വകുപ്പ്

ട്രെയിനിംഗ് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട ഓഫീസിലെ വൈദ്യുതി, വെള്ളം, ടെലിഫോൺ, വാഹനം എന്നിവയുമായി ബന്ധപ്പെട്ടുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ "ട്രെയിനിംഗ് ഡയറക്ടറേറ്റ്" (2230-03-001-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 7.39 ലക്ഷം രൂപ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും ഡി.ജി.റ്റി. കാലാനുസൃതമായി പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിൽ പരിശീലനം നൽകൽ, സോഫ്റ്റ്‌വെയറുകൾ, ഗ്രന്ഥശാലയ്ക്കാവശ്യമായ പുസ്തകസംഭരണം, മികച്ച അദ്ധ്യാപകർക്കുള്ള അവാർഡ്, ട്രെയിനിംഗിനാവശ്യമായ മൾട്ടിമീഡിയ സ്റ്റുഡിയോയുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ "സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ" (2230-03-001-98 പദ്ധതി) എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ "സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ" (2230-03-001-98-10 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വിവരസാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങളുടെ ഭാഗമായി ഇ-ഓഫീസിന്റെ പൂർത്തീകരണം, ജി.ഐ.എസ്. ആപ്ലിക്കേഷൻ, വെർച്ചൽ ക്ലാസ്സ് സംവിധാനത്തിന്റെ റീ-വാമ്പിംഗ്, ഓൺലൈൻ പരീക്ഷയ്ക്കുള്ള സോഫ്റ്റ്‌വെയർ, ഐ.ടി. സെല്ലിന്റെ പശ്ചാത്തല വികസനം, മൂഡിൽ എനേബിൾസ് ലേണിംഗ് പ്ലാറ്റ്ഫോം, ഐ.ടി. സെൽ ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ "ഐ.ടി.യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ" (2230-03-001-95 പദ്ധതി) എന്ന ശീർഷകത്തിൽ 1.34 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.7352 കോടി രൂപ "വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ" (2230-03-101-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തിരുവനന്തപുരത്തെ വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, സാലറി, ടൂർ ടി.എ. സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയിലേയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 6.05 ലക്ഷം രൂപ "വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം" (2230-03-101-96 പദ്ധതിയേതരം)

എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം അഫിലിയേഷൻ/റീ-അഫിലിയേഷൻ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള യന്ത്രോപകരണങ്ങളുടെ സംഭരണം, ട്രേഡുകളുടെ റീവാംബിംഗ്, വർക്ക്ഷോപ്പ്/കെട്ടിടങ്ങളുടെ നവീകരണം, പുനരുദ്ധാരണം, വൈദ്യുതീകരണം, റീവയറിംഗ്, ഐ.ടി. ലാബുകൾ, ജലവിതരണ സംവിധാനം, മറ്റ് ചെറുകിട മരാമത്ത് പണികൾ തുടങ്ങിയവയ്ക്കുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചത് അപര്യാപ്തമായതിനാൽ ചെറുകിട മരാമത്ത് പണികൾ (17) ഇനത്തിൽ 12.372 കോടി രൂപയും മറ്റ് ചെലവുകൾ(34) ഇനത്തിൽ 17.621 കോടി രൂപയും ഉൾപ്പെടെ "ഐ.ടി.ഐ. കളുടെ നവീകരണം" (2230-03-101-87 പദ്ധതി) എന്ന ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.42 ലക്ഷം രൂപ "വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം" (2230-03-101-76 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ 29,000 രൂപ "വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ" (2230-03-101-74 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്തിരപുരം, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്നിവിടങ്ങളിൽ ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ.-കൾ സ്ഥാപിച്ചതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ "ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.-കൾ ശക്തിപ്പെടുത്തൽ" (2230-03-101-73 പദ്ധതി) എന്ന ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്പ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസയജ്ഞത്തെ (NSDM) ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യാ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2019-20 വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ "ജോബ്സ് ആന്റ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം" (2230-03-101-65-01 പദ്ധതി) എന്ന ശീർഷകത്തിൽ 3.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ 10 രണ്ടാം നിര ഐ.ടി.ഐ.-കളായ ആര്യനാട്, കൽപ്പറ്റ, കുഴൽമന്ദം, ദേശമംഗലം, കൊയിലാണ്ടി, ചാത്തന്നൂർ, ബി.റ്റി.സി.കൊല്ലം, നിലമ്പൂർ, അട്ടപ്പാടി, പേരാമ്പ്ര എന്നിവയെ ഒന്നാംനിര ഐ.ടി.ഐ.കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം "ഐ.ടി.ഐ.-കൾ മെച്ചപ്പെടുത്തൽ" (2230-03-101-62 പദ്ധതി) എന്ന ശീർഷകത്തിൽ അധികമായി 53 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ദേശീയ തൊഴിലഭ്യസന സെന്ററുകളിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ "ദേശീയ തൊഴിലഭ്യസന പരിപാടികൾ" (2230-03-102-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 1.9965 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പിണറായി ഐ.ടി.ഐ.-ക്ക് സ്ഥലം, കെട്ടിടനിർമ്മാണം എന്നിവയും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, കാസർഗോഡ് ജില്ലയിലെ പീലിക്കോട്, തിരുവനന്തപുരം ജില്ലയിലെ വർക്കല എന്നീ ഐ.ടി.ഐ.-കൾക്ക് കെട്ടിട നിർമ്മാണത്തിനും അധിക തുക ആവശ്യമായതിനാൽ "ഐ.ടി.ഐ. കെട്ടിട ജോലികൾ" (4202-02-105-85 പദ്ധതി) എന്ന ശീർഷകത്തിൽ 42 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)**

എംപ്ലോയ്മെന്റ് ഓഫീസുകളിലെ കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട് വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ്-ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം"

(2230-02-001-98 പദ്ധതി) എന്ന ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത, അവധി യാത്രാനുകൂല്യം, വൈദ്യുത ചെലവ്, വാടക, കരം, നികുതി, വാഹനങ്ങളുടെ വാടക, വിവര സാങ്കേതിക വിദ്യ എന്നീ ഇനങ്ങളിലായി 35 ലക്ഷം രൂപ "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ" (2230-02-001-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനാവശ്യമായ യാത്രാബത്ത [04(1)] ഇനത്തിൽ 10,000 രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 40,000 രൂപയും ഉൾപ്പെടെ ആകെ 58,000 രൂപ "ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ" (2230-02-101-97 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൈവല്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് 2019-20-ന് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസ്സുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)" (2230-02-101-93 പദ്ധതി) എന്ന ശീർഷകത്തിൽ 16.3375 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്കുപുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിന് ഉത്തരവായിട്ടുള്ളതിനാലും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസ്സുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ

കറവാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, "രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായവിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)" (2230-02-101-91 പദ്ധതി) എന്ന ശീർഷകത്തിൽ 3.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ "പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ" (2230-02-101-89 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ മറ്റ് ചെലവുകൾ - മറ്റിനം 34 (03) ഇനത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യേണ്ടുന്നതിനും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടില്ലാത്ത ജില്ലകളിൽ പുതിയതായി അവ ആരംഭിക്കേണ്ടതിനും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്ത മായതിനാൽ "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ" (2230-02-101-88 പദ്ധതി) എന്ന ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭിന്നശേഷിക്കാരായവർക്കായുള്ള കൈവല്യ പദ്ധതിവഴി ഉദ്യോഗാർത്ഥികൾക്ക് വായ്പ നൽകുന്നതിന് 2019-20 വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ "കൈവല്യ പദ്ധതിക്കുകീഴിൽ വായ്പകൾ" (6250-60-800-97 പദ്ധതി) എന്ന ശീർഷക ത്തിൽ 15.7375 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ശരണ്യാ പദ്ധതിയിൽ അംഗപരിമിതരായ വനിതകളെയും, ഭർത്താവ് ശയ്യാവലംബരായ വനിതകളെയും അർഹരാക്കിയതിനാലും രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വായ്പകൾ നൽകുന്ന തിനായും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്ത മായതിനാൽ "അവിവാഹിതകളായ അമ്മമാർ, അവിവാഹിതകളായ സ്ത്രീകൾ/വിവാഹ മോചിതർ/ഉപേക്ഷിക്കപ്പെട്ടവർ/തൊഴിൽരഹിതരായ വിധവകൾ തുടങ്ങിയ രജിസ്റ്ററിൽ

രേഖപ്പെടുത്തപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ പദ്ധതി. (ശരണ്യ)" (6250-60-800-96 പദ്ധതി) എന്ന ശീർഷകത്തിൽ 3.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കുമാരപുരം, തിരുവനന്തപുരം**

"വ്യവസായശാലാ ഡയറക്ടറാഫീസ്" (2230-01-102-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8.06 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

"ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും" (2230-01-102-95 പദ്ധതി യേതരം) എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 57.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)**

KILE CAMPUS എന്ന പേരിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും, കിലെയുടെ ഒരു റീജിയണൽ സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ-കം-എന്റർടൈൻമെന്റ് ടൂർ സംഘടിപ്പിക്കുന്നതിനും Existing Scheme-ലെ മറ്റ് പ്രവർത്തനങ്ങൾക്കും ടി തുക അപര്യാപ്തമായതിനാൽ "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം" (2230-03-101-66-36 പദ്ധതി) എന്ന ശീർഷകത്തിൽ 3.60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം" (2230-03-101-66-31 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 10.58 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ**

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് യാത്രാബത്ത [04 (01)] എന്ന ഇനത്തിൽ 40,000 രൂപയും മോട്ടോർ വാഹനങ്ങൾ (21) എന്ന ഇനത്തിൽ 20,000 രൂപയും ഉൾപ്പെടെ 60,000 രൂപ "വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്"

(2230-01-101-95 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തൊഴിൽകോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് ശമ്പളം [01(01)] ഇനത്തിൽ 9.97 ലക്ഷം രൂപയും ക്ഷാമബത്ത [01(02)] ഇനത്തിൽ 10.61 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് [01(03)] ഇനത്തിൽ 2.86 ലക്ഷം രൂപയും മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് [01(04)] ഇനത്തിൽ 1.41 ലക്ഷം രൂപയും മറ്റ് അലവൻസുകൾ [01(05)] ഇനത്തിൽ 3.15 ലക്ഷം രൂപയും, ശമ്പളം [02(01)] ഇനത്തിൽ 12,000 രൂപയും ക്ഷാമബത്ത [02(02)] ഇനത്തിൽ 21,000 രൂപയും മറ്റ് അലവൻസുകൾ [02(03)] ഇനത്തിൽ 1,000 രൂപയും ഉൾപ്പെടെ" തൊഴിൽ കോടതി, കോഴിക്കോട്" (2230-01-101-92 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 28.34 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ഇനത്തിൽ 18,000 രൂപയും ദിവസവേതനം [02(05)] എന്ന ഇനത്തിൽ 77,000 രൂപയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് [01(04)] ഇനത്തിൽ 34,000 രൂപയും ഉൾപ്പെടെ 1.29 ലക്ഷം രൂപ "ലേബർ കോടതി, കണ്ണൂർ" (2230-01-101-89 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിലേക്ക് മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 8.06 ലക്ഷം രൂപ "വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി" (2230-01-101-86 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ വാടക, കരം, നികുതി (06) ഇനത്തിൽ 45 ലക്ഷം രൂപ "വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം" (2230-01-101-80 പദ്ധതിയേതരം) അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും

### ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

ഇന്ധനവില വർദ്ധിക്കുന്ന സാഹചര്യത്തിൽ 2019-20-ൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പി.ഒ.എൽ. (45) ഇനത്തിൽ "ഭരണവിഭാഗം" (2210-01-102-99 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഡിസ്പെൻസറികളിൽ 2019-20 സാമ്പത്തിക വർഷത്തിൽ ടെലിഫോൺ ചെലവ് [05(03)] ഇനത്തിൽ 11 ലക്ഷം രൂപയും മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.17 ലക്ഷം രൂപയും സാധനസാമഗ്രികൾ (24) ഇനത്തിൽ 10 ലക്ഷം രൂപയും വെള്ളക്കരം 34(01) ഇനത്തിൽ 20 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 45.17 ലക്ഷം രൂപ "ഡിസ്പെൻസറികൾ" (2210-01-102-98 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികളുടെ 2019-20 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗും (01) ഇനത്തിൽ 14 കോടി രൂപയും മെഡിക്കൽ ക്ലെയിംസിന്റെ റീഇമ്പേഴ്സ്മെന്റ് (04) ഇനത്തിൽ 2.1425 കോടി രൂപയും സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 3.5 കോടി രൂപയും ഉപകരണങ്ങൾ (07) ഇനത്തിൽ 1 കോടി രൂപയും ഉൾപ്പെടെ 20.6425 കോടി രൂപ അധികമായി "ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്" (2210-01-102-96 പദ്ധതിയേതരം) എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.55-ന് പിരിഞ്ഞു.

## 20-3-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2019 മാർച്ച് മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '3. ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം. മണിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗം</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

സമിതി, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

വ്യാവസായിക പരിശീലന വകുപ്പിന്റെ ധനാഭ്യർത്ഥനയിലെ പത്താമത്തെ പേജിൽ അവസാനമായി കൊടുത്തിരിക്കുന്ന 4202-02-105-85 ഐ.ടി.ഐ. കെട്ടിട ജോലികൾ എന്ന ശീർഷകവും ശിപാർശയും 21-ാം പേജിൽ 55-ാം നമ്പർ ശിപാർശയ്ക്കുശേഷം ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികം, വിനോദം, കല, സംസ്കാരം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ അടുത്ത നമ്പരായി ചേർക്കാനും പുനരക്കം ചെയ്യാനും തീരുമാനിച്ചു.

കൂടാതെ "2810-00-800-90" എന്ന ശീർഷകത്തിൽ 'പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ' എന്ന പദ്ധതിയിൻകീഴിൽ എട്ട് ഘടകങ്ങൾക്കായി നിലവിൽ 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ഒമ്പതാമത്തെ ഘടകമായി 'ബൈമൈസൺ'-ന് കീഴിൽ പുനരാവർത്തക ഊർജ്ജ ഉല്പന്നങ്ങൾക്ക് ഇൻഷ്വറൻസ് സ്കീം എന്ന ഘടകം ഉൾപ്പെടുത്തുകയും ആയതിലേക്ക് നിലവിലുള്ള ഒന്നാം ഘടകമായ 'ഊർജ്ജ കേരള മിഷനിൽ' നിന്ന് ഒരു കോടി രൂപയും 'വെള്ളപ്പൊക്ക ബാധിത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുനരാവർത്തക ഊർജ്ജ പദ്ധതി സ്ഥാപിക്കലും സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റലും' എന്ന ഘടകത്തിൽ നിന്ന് 3 കോടി രൂപയും 'പുനരാവർത്തക ഊർജ്ജ വ്യവസായ ഫെസിലിറ്റേഷൻ സെന്റർ' എന്ന ഘടകത്തിൽ നിന്ന് 2 കോടി രൂപയും ചേർത്ത് ആകെ 6 കോടി രൂപ പുതിയ ഘടകത്തിനുള്ള ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

"2810-00-800-99 ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം)" എന്ന ശീർഷകം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ സമിതി അംഗീകരിക്കുകയും ആയത് റിപ്പോർട്ടിൽ ചേർക്കുന്നതിനും 7.0458 കോടി രൂപ അധികമായി അനുവദിക്കുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.00 മണിക്ക് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.